كشف الشبهات ـ مليالم

# സംശയ നിവാരണം



جمعية الدعوة بالزلفي


جمعية الدعوة والإرشاد وتوعية الجاليات بالزلفي

هاتف: ٤٢٣٤٤٦٦ ٠١٦ ـ فاكس: ٤٢٣٤٤٧٧ ٠١٦


28

# സംശയ നിവാരണം

## كشف الشبهات – اللغة المليالم

جمعية الدعوة والإرشاد وتوعية الجاليات في الزلفي
Tel: 966 164234466 - Fax: 966 164234477

# كشف الشبهات

ترجمه إلى اللغة المليالم:

جمعية الدعوة والإرشاد وتوعية الجاليات بالزلفي

الطبعة الرابعة: ١٤٤٢/٩ هـ


ⓗ شعبة توعية الجاليات بالزلفي، ١٤١٧هـ

فهرسة مكتبة الملك فهد الوطنية أثناء النشر

محمد بن عبدالوهاب بن سليمان

كشف الشبهات – ترجمة شعبة توعية الجاليات بالزلفي

٦٤ ص؛ ١٢ × ١٧ سم

ردمك : ٣-٢٢-٨١٣-٩٩٦٠

(النص باللغة المليالم)

١-التوحيد ٢- العقيدة الإسلامية ٣- التوسل

أ. شعبة توعية الجاليات بالزلفي (مترجم) ب. العنوان

ديوى ٢٣٩ ٢٠/٠٩٩٤

رقم الإيداع : ٢٠/٠٩٩٤

ردمك : ٣-٢٢-٨١٣-٩٩٦٠

# كشف الشبهات

## മുഖവുര

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്ത ിൽ

സർവ സ്തുതിയും അല്ലാഹുവിനാകുന്ന ു. നാം അവനെ സ്തുതിക്ക ു ന്നു. അവനോട് സഹായമV ത്ഥിക്കുന്നു. അവനോട് പാപമോചനം തേ ടുന്നു. നമ്മുടെ മനസ്സ ുകളിലെ തിന്മകളിW നിന്നും ചീത്ത പ്രവൃത്തിക ളിൽ നിന്ന ും അല്ലാഹുവിൽ ശരണം തേടുകയും ചെയ്യുന്ന ു. അല്ലാഹു ആരെ സന്മ ാർഗത്തിലാക്കിയോ, അവനെ ദുർമാർഗത്തിലാക്കുന്നവനി ല്ല. അല്ലാഹു ആരെ ദുർമാർഗ്ഗത്തിലാക്ക ിയോ, അവനെ സന്മ ാർഗ്ഗത്തി ലാക്കുന്ന വനുമില്ല. ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മററാരുമില്ല. അവൻ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് ഞാൻ സാക്ഷ്യം വ ഹിക്കുന്നു. മുഹെമ്മദ് നബി ﷺ അല്ലാഹുവിന്റെ ദാസനും ദൂതനുമാ ണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

ശൈഖുൽ ഇസ്‌ലാം മുഹെമ്മദു ബ്നു അബ്ദിൽവഹ്ഹാബ് രചിച്ച 'സം ശയ നിവാരണം' എന്ന കൊച്ചുകൃതി താങ്കൾക്കു മുമ്പിൽ സമർപ്പിക്കാൻ അവസരം നൽകിയ അല്ലാഹുവിനെ സ്തുതിക്കുന്നു. ഇതൊരു ചെറിയ കൃതിയാണെങ്കിലും വളരെ ഉപകാരപ്രദമായ ഒന്നാകുന്നു. വ്യാജവാദികളു ടെ വിവിധതരം ആശയക്കുഴപ്പങ്ങൾക്കുള്ള മറുപടിയാണിത്. ഖുബൂരി യ്യാക്കൾ വലിയ തെളിവുകളായി എഴുന്നള്ളിക്കാറുള്ള പൊള്ളയായ വാ ദങ്ങളുടെ ഖണ്ഡനവും കൂടിയാണിത്. അവരുടെ വാദങ്ങളെല്ലാം പിശാ ചുക്കൾ ദുർബോധനം നൽകുന്ന കള്ളവാദങ്ങളാണ്. അതു മുഖേന അവർ സ്വയം പിഴക്കുക യും, അന്യരെ പിഴപ്പിക്കുകയും ചെയ്തു.

സത്യം തുറന്നു പറയുക, അസത്യത്തെ തകർക്കുക, അതിന്റെ നിരർ ത്ഥത തുറന്നു കാട്ടുക എന്നീ പണ്ഡിതധർമ്മങ്ങളാണ് ശൈഖുൽ ഇസ് ലാം ഈ കൃതിയിലൂടെ നിർവ്വഹി ച്ചിട്ടുള്ളത്.

അല്ലാഹുവിനെ വിട്ട് ക്വബ്റുകളെയും ജാറങ്ങളെയും അവലംബിക്കു കയും, ത്വരീക്വത്തിന്റെയും സൂഫിസത്തിന്റെയും ശൈഖന്മാരിൽ വിശ്വാസമർപ്പിച്ചവരുമായവർക്ക് ഈ കൃതി മാർഗ്ഗദർശകമാകട്ടെ എന്ന് അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. ഇക്കൂട്ടർക്ക് തൗഹീദും സന്മാർഗ്ഗ വും വ്യക്തമായി അറിയാമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. തൗഹീദിൽ നി ന്നും ദുർവാശിയോടെ പിന്തിരിഞ്ഞവരാണ് അവരെന്ന ധാരണയും എനി ക്കില്ല. മാത്രമല്ല, അധികപേരും ശരിയായ - അഹ്ലുസ്സുന്നത്തി വൽ ജമാ അത്തിന്റെ- വിശ്വാസത്തെ കുറിച്ചുള്ള അജ്ഞത നിമിത്തമാണ് അങ്ങ നെ ആയിത്തീർന്നിട്ടുണ്ടാകുക. അങ്ങനെയുള്ളവർ വിജ്ഞാനവും സ ന്മാർഗ്ഗവും ലഭിക്കാൻ ഈ കൃതി നിർബന്ധമായും വായിച്ചിരിക്കണമെ ന്ന് ഞാനാഗ്രഹിക്കുന്നു. സത്യത്തെയാണല്ലോപിന്തുടരേണ്ടത്. അല്ലാഹു സഹായിക്കട്ടെ.

സഹോദരാ, നമ്മെയെല്ലാം അല്ലാഹു സന്മാർഗ്ഗത്തിൽ ജീവിപ്പിക്കുമാറാകട്ടെ. സൗകര്യ പ്പെട്ടാലുടൻ താങ്കൾ എത്രയും വേഗം പശ്ചാത്തപിക്കുക. കാരണം, ജീ വൻ തൊണ്ടക്കുഴിയിൽ എത്തുന്നതിനു മുമ്പ് പശ്ചാത്തപിച്ചവന്റെ പ ശ്ചാത്താപം അല്ലാഹു സ്വീകരിക്കും. അപ്രകാരം തന്നെ സൂര്യൻ അസ്ത മയ സ്ഥാനത്തു നിന്ന് ഉദിക്കുന്നതിനു (ക്വിയാമത്തിനു) മുമ്പ് പശ്ചാത്ത പിച്ചവനും. ക്വബ്റാരാധനയിൽ മുഴുകി, അമിതം പ്രവർത്തിച്ചവനാണെ ന്നുള്ളതു കൊണ്ട് ദൈവകാരുണ്യത്തെ കുറിച്ച് നിരാശനാകേണ്ടതില്ല. കാരണം, പശ്ചാത്താപം അതിന്റെ മുമ്പുള്ള എല്ലാ പാപങ്ങളെയും മായ് ചു കളയും. അല്ലാഹു പറയുന്നു:

﴿قُلْ يَا عِبَادِيَ الَّذِينَ أَسْرَفُوا عَلَى أَنْفُسِهِمْ لاَ تَقْنَطُوا مِنْ رَّحْمَةِ اللَّهِ
إِنَّ اللَّهَ يَغْفِرُ الذُّنُوبَ جَمِيعًا إِنَّهُ هُوَ الْغَفُورُ الرَّحِيمُ﴾ الزمر:٥٣

**സ്വന്തം ആത്മാക്കളോട് അക്രമം പ്രവർത്തിച്ചു പോയ എന്റെ ദാസന്മാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പററി നിങ്ങൾ നിരാശപ്പെടരുത്. തീർച്ച യായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെപൊറുക്കുന്നവനും കരുണാനിധിയും.** (വി.ക്വു. 39:53)

ഈ പ്രയത്നം അല്ലാഹു സ്വീകരിക്കട്ടെ. അവന്റെ മഹത്തായ ഔദാര്യ ത്താൽ അവൻ ഇതിനു തക്കതായ പ്രതിഫലം നൽകട്ടെ. നമുക്കും ന മ്മുടെ മാതാപിതാക്കൾക്കും അല്ലാഹു പൊറുത്തു തരട്ടെ. ആമീൻ.

# ഗ്രന്ഥകാരൻ

പേര്: മുഹെമ്മദു ബ്നു സുലൈമാനു ബ്നു അബ്ദിൽ വഹ്ഹാബ്.
കുടുംബം: ബനൂതമീം.
ജനനം: ഹി: 1115. ഒയയ്നയിൽ. റിയാദിൽ നിന്നു ഏകദേശം 70 കി.മീ വടക്കു പടിഞ്ഞാറാണ് ഈ പ്രദേശം.
പിതാവും പിതാമഹനും നജ്ദിലെ പണ്ഡിതരായിരുന്നു. മുഹെമ്മദ് പത്തു വയസ്സിനു മുമ്പു തന്നെ ക്വുർആൻ മുഴുവൻ ഹൃദിസ്ഥമാക്കിയിരുന്നു. തുടർന്ന് ഫിക്വ്ഹിൽ പാണ്ഡിത്യം നേടി. തഫ്സീർ, ഹെദീഥ് ഗ്രന്ഥങ്ങൾ പഠനം നടത്തി. വിവിധ വിഷയങ്ങളിലുള്ള ഗ്രന്ഥങ്ങളുടെ മൂലം മനഃപാഠമാക്കി. വിദ്യ തേടി നജ്ദിന്റെ പല ഭാഗങ്ങളിലും സഞ്ചരിച്ചു. മക്കയിലും മദീനയിലും പ്രസിദ്ധ പണ്ഡിതരുടെ അടുക്കൽ പഠനം നടത്തി. അവരിൽ പ്രസിദ്ധനായിരുന്നു, ശൈഖ് അബ്ദുല്ലാഹി ബ്നു ഇബ്റാഹീം അശ്ശമ്മരീ. മുഹെമ്മദ് ഹെയാത് സിന്ധിയുടെ അടുക്കൽ നിന്നും ഹെദീഥ് നിദാനശാസ്ത്രത്തിൽ പ്രാവീണ്യം നേടി. രചനക ളിൽ തൽപരനായിരുന്നു. വളരെയധികം ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റേ തായി ഉണ്ട്. അവയിൽ പലതിന്റെയും കയ്യെഴുത്തു പ്രതികൾ ഇന്നും പുരാതന പുസ്തക ശേഖരങ്ങളിൽ കാണപ്പെടുന്നു.
പിതാവിന്റെ മരണശേഷം സലഫീ പ്രബോധകനായി രംഗത്തു വന്നു. തൗഹീദിലേക്ക് ജനങ്ങളെ ക്ഷണിച്ചു. ബിദ്അത്തുകൾക്കും ക്വബ്ർ പൂജക്കുമെതിരെ ധീരോദാത്തമായി പൊരുതി. സുഊദ് രാജകുടുംബം അദ്ദേഹത്തെ കലവറയില്ലാതെ പിന്തുണച്ചു. ആ ശ്രമം ഫലവത്തായി. അ റേബ്യൻ ഉപദ്വീപിൽ നിന്നും ബിദ്അത്തുകളും ഖുറാഫാത്തുകളും നീ ക്കം ചെയ്തു. ലോക സലഫീ പ്രസ്ഥാനത്തിനു തന്നെ വലിയൊരു മുത ൽ കൂട്ടായിത്തീർന്നു അത്.
ഹിജ്റബ്ദം 1206 ൽ മരിച്ചു. അല്ലാഹു അദ്ദേഹത്തിന് അവന്റെ വിശാല മായ അനുഗ്രഹം ചൊരിഞ്ഞു കൊടുക്കട്ടെ.

# തൗഹീദ്

അറിയുക; അല്ലാഹു താങ്കളെ അനുഗ്രഹിക്കട്ടെ. തൗഹീദ് (ഏകദൈവ വിശ്വാസം) എന്നാൽ, ആരാധനയിൽ അല്ലാഹുവിനെ ഏകനാക്കലാകുന്നു. അല്ലാഹു മനുഷ്യരിലേക്ക് നിയോഗിച്ച മുഴുവൻ പ്രവാചകരുടെയും മതമാണത്. അവരിൽ ഒന്നാമൻ നൂഹ് عليه السلام ആകുന്നു.[1] വദ്ദ്, സുവാഅ്, യഗൂഥ്, യഊഖ്, നസ്റ് തുടങ്ങിയ പുണ്യപുരുഷന്മാരുടെ കാര്യത്തിൽ അമിതം കാണിച്ചപ്പോളാണ് അല്ലാഹു അദ്ദേഹത്തെ നിയോഗിച്ചത്. അന്ത്യപ്രവാചകൻ മുഹമ്മദ് ﷺ ആകുന്നു. അല്ലാഹുവിനെ വളരെയധികം സ്മരിക്കുക, ദാനധർമ്മങ്ങൾ നൽകുക, ഹജ്ജ് ചെയ്യുക തുടങ്ങിയ ആരാധനാകർമ്മങ്ങൾ അനുഷ്ഠിച്ചു വന്നിരുന്ന ജനങ്ങളിലേക്കാണ് അല്ലാഹു അദ്ദേഹത്തെ നിയോഗിച്ചത്. ഈ പുണ്യപുരുഷന്മാരുടെ പേരിലുണ്ടായിരുന്ന വിഗ്രഹങ്ങൾ തകർത്തതും അദ്ദേഹം തന്നെ. പക്ഷെ അവർ അല്ലാഹുവിന്റെയും അവരുടെയും ഇടയിൽ ചില സൃഷ്ടികളെ മദ്ധ്യവർത്തികളായി സ്വീകരിച്ചിരുന്നു. അവരുടെ വാദം ഇപ്രകാരമായിരുന്നു; ഇവർ മുഖേന അല്ലാഹുവിലേക്കുള്ള സാമീപ്യവും, അവന്റെയടുക്കൽ ഞങ്ങൾക്ക് ശുപാർശയുമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. മലക്കുകൾ, ഈസാ, മർയം, തുടങ്ങിയ സ്വാലിഹുകളായിരുന്നു അവർ. അപ്പോൾ അവരുടെ പിതാവായ ഇബ്റാഹീം عليه السلام നബിയുടെ മതത്തെ പുനരുദ്ധരിക്കാൻ വേണ്ടി

---

[1] 1-അനസ് رضي الله عنه നിവേദനം ചെയ്യുന്ന ശഫാഅത്തിന്റെ ഹദീഥിൽ ഇങ്ങനെ കാണാം:

((...فيقول ائتوا نوحا أول رسول بعثه الله...)) صحيح البخاري

(...അല്ലാഹു ആദ്യമായി നിയോഗിച്ച ദൂതൻ, നൂഹിന്റെ അടുക്കൽ പോകൂ...) (ബുഖാരി). അങ്ങനെ അവർ നൂഹ് عليه السلام ന്റെ അടുക്കൽ ചെന്നു പറയും: നൂഹേ, താങ്കൾ ഭൂമിയിലേക്കുള്ള ഒന്നാമത്തെ പ്രവാചകനാണല്ലോ. (മുസ്‌ലിം, തിർമിദി.)

അല്ലാഹു മുഹെമ്മദ് ﷺ നബിയെ അ വരിലേക്ക് നിയോഗിച്ചു. ഈ സാമീപ്യം തേടലും തദടി സ്ഥാനത്തിലുളള ബന്ധങ്ങളെല്ലാം അല്ലാഹുവിനു മാത്രം അവകാശപ്പെട്ടതാണ്, അത് ഏതെങ്കിലും മലക്കിനോ, പ്രവാചകനോ, അവരല്ലാത്ത മററുവല്ല സൃഷ്ടി കൾക്കോ വകവെച്ചു കൊടുക്കാൻ പാടില്ലാത്തതുമാണ്. ഇതാണ് നബി ﷺ അവരെ തെര്യപ്പെടുത്തിയത്.

## തൗഹീദുർ റുബൂബിയ്യഃ

എന്നാൽ ഈ ബഹുദൈവ വിശ്വാസികളും ഒരുകാര്യം അംഗീകരിക്കുന്ന വരായിരുന്നു. അല്ലാഹു സ്രഷ്ടാവും അന്നദാതാവും, ഏകനും, പങ്കു കാരില്ലാത്തവനുമാണെന്ന് അവരും സാക്ഷ്യം വഹിച്ചിരുന്നു. ഉപജീവനം നൽകുവാൻ അവനൊഴികെ ആരുമില്ല, അവനല്ലാതെ മറ്റാരും ജിവിപ്പി ക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവരില്ല, ഏഴാകാശ ഭൂമികളും അവ യിലുളളവയുമെല്ലാം അവന്റെ സൃഷ്ടികളും, അവന്റെ അധികാരത്തി ലും, നിയന്ത്രണത്തിലും പെട്ടവരുമാകുന്നു എന്ന കാര്യവും അവർ അം ഗീകരിച്ചിരുന്നു. നബി ﷺ ആയുധമെടുത്ത് അടരാടിയ ആ മുശ്രികു കൾ ഇത്തരം വിശ്വാസക്കാരായിരുന്നുവോ എന്ന് സംശയമുണ്ടെങ്കിൽ ക്വുർആനിന്റെ ഈ വചനങ്ങൾ വായിച്ചു നോക്കൂ:

﴿قُلْ مَنْ يَرْزُقُكُمْ مِّنَ السَّمَآءِ وَالأَرْضِ أَمَّنْ يَمْلِكُ السَّمْعَ وَالأَبْصَارَ وَمَنْ يُخْرِجُ الْحَيَّ مِنَ الْمَيِّتِ وَيُخْرِجُ الْمَيِّتَ مِنَ الْحَيِّ وَمَنْ يُدَبِّرُ الأَمْرَ فَسَيَقُولُونَ اللَّهُ فَقُلْ أَفَلاَ تَتَّقُونَ﴾ يونس:٣١

**പറയുക: ആകാശത്തു നിന്നും, ഭൂമിയിൽ നിന്നും നിങ്ങൾക്കു ആ ഹാരം നൽകുന്നതാരാണ്? ജീവനില്ലാത്തതിൽ നിന്നും ജീവനുളളതും, ജീവനുളളതിൽ നിന്നും ജിവനില്ലാത്തതും പുറപ്പെടുവിപ്പിക്കുന്നതും ആരാണ്? അവർ പറയും: അല്ലാഹു**

**എന്ന്. അപ്പോൾ പറയുക: എന്നി ട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?** (വി.ക്വു. 10:31)

﴿قُلْ لِّمَنِ الأَرْضُ وَمَنْ فِيهَآ إِن كُنْتُمْ تَعْلَمُونَ، سَيَقُولُونَ لِلَّهِ قُلْ أَفَلاَ تَذَكَّرُونَ، قُلْ مَن رَّبُّ السَّمَوَاتِ السَّبْعِ وَرَبُّ الْعَرْشِ الْعَظِيمِ، سَيَقُولُونَ لِلَّهِ قُلْ أَفَلاَ تَتَّقُونَ، قُلْ مَن بِيَدِهِ مَلَكُوتُ كُلِّ شَيْءٍ وَهُوَ يُجِيرُ وَلاَ يُجَارُ عَلَيْهِ إِنْ كُنْتُمْ تَعْلَمُونَ، سَيَقُولُونَ لِلَّهِ قُلْ فَأَنَّى تُسْحَرُونَ﴾ المؤمنون:٨٤-٨٩

**(നബിയേ,) ചോദിക്കുക, ഭൂമിയും അതിലുള്ളതും ആരുടേതാണ്? നി ങ്ങൾക്കറിയാമെങ്കിൽ (പറയൂ). അവർ പറയും: അല്ലാഹുവിന്റേതാണെ ന്ന്. നീ പറ യുക: എന്നാൽ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നില്ലേ? നീ ചോദിക്കുക: ഏഴു ആകാശങ്ങളുടെ രക്ഷിതാവും, മഹത്തായ സിം ഹാസനത്തിന്റെ രക്ഷിതാവും ആരാകുന്നു? അവർ പറയും: അല്ലാഹുവി നാകുന്നു (രക്ഷാകർതൃത്വം). നീ പറയുക: എന്നാൽ നിങ്ങൾ സൂക്ഷ്മ ത പാലിക്കുന്നില്ലേ? നീ ചോദിക്കുക: എല്ലാ വസ്തുക്കളുടെയും ആധി പത്യം ഒരുവന്റെ കൈവശത്തിലാണ്. അവൻ അഭയം നൽകുന്നു. അവ നെതിരായി (എവിടെ നിന്നും) അഭയം ലഭിക്കുകയില്ല. അങ്ങനെയു ള്ളവൻ ആരാണ്? നിങ്ങൾക്കറിയാമെങ്കിൽ (പറയൂ). അവർ പറയും: (അതെല്ലാം) അല്ലാഹുവിന്നുള്ളതാണ്. നീ ചോദിക്കുക: പിന്നെ എങ്ങ നെയാണ് നിങ്ങൾ മായാവലയത്തിൽ പെട്ടുപോകുന്നത്?** (വി.ക്വു. 23: 84-89)

ഈ ആശയത്തിലുള്ള മറ്റു വചനങ്ങളും ക്വുർആനിൽ കാണാം. ഇതെല്ലാം[2] അവർ അംഗീകരിച്ചിരുന്നു. എന്നിട്ടും നബി ﷺ പ്രബോധനം ചെയ്ത തൗഹീദിൽ അവരുൾപെട്ടില്ല എന്ന് വ്യക്തമാണ്.

---

2 തൗഹീദുർ റുബൂബിയ്യഃ = രക്ഷാകർതൃത്വത്തിലുള്ള ഏകത്വം.

# നബി ﷺ യുടെ യുദ്ധം എന്തിന്?

അവർ നിഷേധിച്ചിരുന്നത് ആരാധനയിലുള്ള ഏകത്വമായിരുന്നു. ഇന്ന ത്തെ മുശ്രികുകൾ അതിന് വിശ്വാസം എന്നാണ് പേര് നൽകി വരുന്നത്. മക്കാമുശ്രികുകൾ രാപകൽ വ്യത്യാസമില്ലാതെ അല്ലാഹുവിനെ വിളിച്ചി രുന്നവരാണ്. പക്ഷെ അതിന്റെ കൂടെ ശുപാർശക്കാരായും, ദൈവസാമീ പ്യത്തിനു വേണ്ടിയും, കാര്യസാദ്ധ്യത്തിനുമെല്ലാം മലക്കുകളെയോ, ലാ ത്തയെപ്പോലുള്ള[3] പുണ്യാളന്മാരെയോ, ഈസായെപ്പോലെയുള്ള പ്ര വാചകന്മാരെയോ

[3] ആദ്യകാലത്തെ ജനങ്ങളെല്ലാം ഏകദൈവ വിശ്വാസികളായ ഒറ്റസമൂഹമായി രുന്നു. പിന്നീട് അവരിലും പാളിച്ചകൾ വന്നു തുടങ്ങി. ആദ്യമായുണ്ടായ പാ ളിച്ച പുണ്യ പുരുഷന്മാരെ ആദരിക്കുന്നതിലുള്ള അമിതത്വവും, അവരെ ആ രാധിക്കപ്പെടുന്ന ദൈവസ്ഥാനീയരാക്കി വെക്കലും ആയിരുന്നു. സ്വഹീഹു ൽ ബുഖാരിയിൽ ഇങ്ങ നെ കാണാം:

عن ابن عباس في تفسير قوله تعالى: ﴿وَقَالُوا لاَ تَذَرُنَّ أَلِهَتَكُمْ وَلاَ تَذَرُنَّ وَدًّا وَلاَ سُوَاعًا وَلاَ يَغُوثَ وَيَعُوقَ وَنَسْرًا﴾ (سورة نوح:٢٣). قال ﷺ:...هذه أسماء رجال صالحين من قوم نوح، فلما هلكوا أوحى الشيطان إلى قومهم أن انصبوا إلى مجالسهم التي كانوا يجلسون أنصابا وسمّوها بأسمائهم، ففعلوا، فلم تُعبَد حتى إذا هلك أولئك وتنسّخ العلم عُبِدت (صحيح البخاري، حديث:٤٩٢٠)

ഇബ്നു അബ്ബാസിൽ നിന്നും നിവേദനം ചെയ്യപ്പെടുന്നു: അവർ പറഞ്ഞു: (ജ നങ്ങളേ,) നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിക്കരുത്. വദ്ദ്, സുവാഅ്, യഗൂഥ്, യഊഖ്, നസ്റ് എന്നിവരെ നിങ്ങൾ ഉപേക്ഷിക്കരുത്. (വി.ക്വു. 71:23) എന്ന ക്വുർആൻ വാക്യത്തിന്റെ വിശദീകരണമായി ഇബ്നു അബ്ബാസ് رضي الله عنه പറയുന്നു:...നൂഹ് നബി عليه السلام യുടെ ജനതയിലുണ്ടായിരുന്ന പുണ്യപുരു ഷന്മാരുടെ പേരുകളാണിവ. അവർ മരിച്ചപ്പോൾ, അവർ ഇരുന്നിരുന്ന സ്ഥ ലത്ത് വല്ല പ്രതിഷ്ഠയും ഉണ്ടാക്കി, അതിന്ന് അവരുടെ പേരിടുക എന്ന് പി ശാച് ഈ ജനതക്ക് ദുർബോധനം നൽകി. അവർ അങ്ങനെ ചെയ്തു. അന്ന് അവ ആരാധിക്കപ്പെട്ടിരുന്നില്ല. ആ തലമുറ നശിച്ചു. അവരോടൊപ്പം അവരു ടെ ഉദ്ദേശ്യങ്ങളെല്ലാം മൺമറഞ്ഞപ്പോൾ ആ പ്രതിഷ്ഠകൾ ആരാധിക്കപ്പെടാ ൻ തുടങ്ങി. (ഫത്ഹുൽബുഖാരീ. ഹെ: 4920).

വിളിച്ചു പ്രാർത്ഥിച്ചിരുന്നു. ഈ ശിർകിനെതിരെ യായിരുന്നു നബി ﷺ രണാങ്കണത്തിലിറങ്ങിയത്.

﴿وَأَنَّ الْمَسَاجِدَ لِلَّهِ فَلاَ تَدْعُوا مَعَ اللَّهِ أَحَدًا﴾ الجن:١٨

**പള്ളികൾ അല്ലാഹുവിന്നുള്ളതാകുന്നു, അതിനാൽ നിങ്ങൾ അല്ലാഹു വിനോടൊപ്പം ആരെയും വിളിച്ചു പ്രാർത്ഥിക്കരുത്.** (വി.ക്വു. 72:18)

എന്ന ദൈവവചനത്തിൽ പറയപ്പെട്ട നിഷ്കളങ്കമായ ആരാധനയിലേ ക്കാണ് അദ്ദേഹം അവരെ ക്ഷണിച്ചത്.

അല്ലാഹു പറഞ്ഞു:

﴿لَهُ دَعْوَةُ الْحَقِّ وَالَّذِينَ يَدْعُونَ مِنْ دُونِهِ لاَ يَسْتَجِيبُونَ لَهُمْ بِشَيْءٍ ...﴾

الرعد: ١٤

**അവനോടുള്ളത് മാത്രമാണ് ന്യായമായ പ്രാർത്ഥന, അവന്നു പു റമെ ആരോടെല്ലാം അവർ പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നുവോ, അവരാരും അവർക്ക് യാതൊരു ഉത്തരവും നൽകുന്നതല്ല.** (വി. ക്വു. 13:14)

നബി ﷺ ഇവരോട് യുദ്ധം ചെയ്തത് എന്തിനായിരുന്നു എന്ന് വ്യക്ത മായല്ലോ. വിളിച്ചു പ്രാർത്ഥന മുഴുവൻ അല്ലാഹുവിനോട് മാത്രമാകു വാൻ, നേർച്ചകളും വഴിപാടുകളും അല്ലാഹുവിന് മാത്രം നേരാൻ, ബു ദ്ധിമുട്ടുകളിൽ നിന്നുള്ള ശരണം തേടൽ അല്ലാഹുവിനോട് മാത്രമാ കുവാൻ. എന്നുവേണ്ട എല്ലാതരം ആരാധനകളും അല്ലാഹുവിനു മാത്ര മാകുവാൻ.

അല്ലാഹു ഏകനും രക്ഷിതാവുമാണെന്ന അവരുടെ വിശ്വാസം അവരെ ഇസ്‌ലാമിൽ പ്രവേശിപ്പിച്ചില്ല എന്നും വ്യക്തമായി. മലക്കുകളെയും അമ്പിയാക്കളെയും ഔലിയാക്കളെയും വിളിച്ചു കൊണ്ട് അവർ അല്ലാ ഹുവിലേക്ക് സാമീപ്യവും ശുപാർശയും തേടിയതു തന്നെയായിരുന്നു, അവർ ഇസ്‌ലാമിനു

വെളിയിലാകുവാനും അവരോട് യുദ്ധം അനുവദനീയമായിത്തീരുവാനും കാരണമായത്. പ്രവാചകൻ ﷺ പ്രബോധനം ചെയ്തതും, മുശ്‌രികുകൾ അംഗീകരിക്കാൻ വിസമ്മതിച്ചതുമായ തൗഹീദ് എന്തായിരുന്നു എന്ന് ഇ തിൽ നിന്നും വ്യക്തമാകും. ഈ തൗഹീദാണ് لاَ إِلَـــهَ إِلاَّ اللَّهُ- ലാഇലാഹ ഇ ല്ലല്ലാഹു- (ആരാധനക്കർഹനായി യാതൊന്നുമില്ല, അല്ലാഹു ഒഴികെ) എ ന്ന വാക്കിന്റെ അർത്ഥവും. മുശ്‌രികുകൾ ഇലാഹ് എന്ന് പേരിട്ടിരുന്ന തും, ഈ കാര്യങ്ങൾക്കെല്ലാം വേണ്ടി അവർ ഉദ്ദേശിച്ചിരുന്നവയെയാണ്. അത് മലക്കോ, പ്രവാചകനോ, വലിയ്യോ, ജിന്നോ, പുണ്യമരമോ, ക്വബ്റോ ആകാം. ഇവരാരും സൃഷ്ടിപ്പും ശാസനാധികാരവുമുള്ള ദൈവങ്ങളാ ണെന്നും അവർ വിശ്വസിച്ചിരുന്നില്ല. നടേ പറഞ്ഞതു പോലെ അത് അല്ലാഹു മാത്രമാണെന്ന് അവർക്ക് അറിയാമായിരുന്നു. ഇന്നത്തെ മുശ്‌രികുകൾ ശൈഖ്, ഖ്വാജഃ, സയ്യിദ്, നേർച്ചക്കാർ എന്നൊക്കെ പേരി ട്ടിട്ടുള്ളവർക്കാണ്, അന്ന് അവർ ഇലാഹ് എന്ന് പറഞ്ഞിരുന്നത്. അങ്ങി നെയിരിക്കെയാണ് ലാഇലാഹ ഇല്ലല്ലാഹു എന്ന ഏകദൈവ വാക്യവുമാ യി നബി ﷺ അവരുടെ ഇടയിലേക്ക് വന്നത്. ആ വാക്യം ഉച്ചരിക്കൽ മാത്രമല്ല യഥാർത്ഥ ഉദ്ദേശ്യം, അതിന്റെ ആശയം ഉൾകൊള്ളലാണ് മുഖ്യം. നബി ﷺ ഈ വാക്യം പറയുമ്പോൾ, ആരാധനയിൽ അല്ലാഹുവിനെ ഏക നാക്കുക, അവനൊഴികെ ആരാധിക്കപ്പെടുന്ന എല്ലാം വെടിയുക, അതി ൽ നിന്നെല്ലാം മുക്തനാകുക എന്നൊക്കെയാണ് ഉദ്ദേശിക്കുന്നതെന്ന് വിഢ്ഢികളായ സത്യനിഷേധികൾക്കു പോലും അറിയാമായിരുന്നു. നിങ്ങ ൾ ലാഇലാഹ ഇല്ലല്ലാഹു പറയുക എന്നു അവരോട് അദ്ദേഹം പറഞ്ഞ പ്പോൾ അവരുടെ മറുപടി:

﴿أَجَعَلَ الأَلِهَةَ إِلَهًا وَاحِدًا إِنَّ هَذَا لَشَيْءٌ عُجَابٌ ﴾ ص:٥

**ഇവൻ പലദൈവങ്ങളെ ഒറ്റദൈവമാക്കിയിരിക്കയാണോ? തീർച്ചയായും ഇത് ഒരത്ഭുതകരമായ കാര്യം തന്നെ.** (വി.ക്വു. 38:5) എന്നായിരുന്നു.

ജാഹിലിയ്യത്തിൽ ജീവിച്ച കാഫിറിനു പോലും മനസ്സിലാക്കാൻ സാധിച്ച ഇക്കാര്യം, ഇസ്‌ലാമിന്റെ വക്താക്കളാണെന്ന് വാദിക്കുന്നവർക്ക് മനസ്സി ലാക്കാൻ കഴിയാതെ പോകുന്നു എന്നത് അത്ഭുതകരമാണ് ! ഇത് വ്യക് തമായി മനസ്സിലാക്കുന്നില്ല എന്നു മാത്രമല്ല, ആശയം ഒന്നും ഉൾക്കൊണ്ടി ട്ടില്ലെങ്കിലും, അത് നാവു കൊണ്ട് ഉച്ചരിച്ചാൽ മാത്രം മതി എന്ന മൗഢ്യവു മായി നടക്കുകയും ചെയ്യുന്നു ഇവർ. സ്രഷ്ടാവും, അന്നദാതാവും, പരി പാലകനും അല്ലാഹു അല്ലാതെ മറ്റൊന്നുമില്ല എന്നതാണ് ഇവരിൽ അഗ്ര ഗണ്യന്മാർക്കു പോലും ഈ വാക്യത്തെ കുറിച്ചുള്ള ധാരണ. ലാഇലാഹ ഇല്ലല്ലാഹുവിന്റെ ആശയം വിഡ്ഢികളായ കാഫിറുകൾ മനസ്സിലാക്കിയ അത്രപോലും മനസ്സിലാക്കാത്തവരിൽ ഒരു നന്മയും പ്രതീക്ഷിക്കേണ്ട തില്ല.

## തൗഹീദ് മനസ്സിലായാൽ

ഈ കാര്യങ്ങളും, മുഴുവൻ പ്രവാചകരെയും അല്ലാഹു നിയോഗിച്ച മത ത്തെ കുറിച്ചും, അതല്ലാത്ത മതം അല്ലാഹു സ്വീകരിക്കുകയില്ല എന്നും മനസ്സിലാക്കുമ്പോൾ, ഇക്കാര്യത്തെ കുറിച്ച് ഭൂരിപക്ഷം ജനങ്ങളും അക പ്പെട്ടു പോയിട്ടുള്ള അജ്ഞതയെ കുറിച്ചു ചിന്തിച്ചു നോക്കൂ. പരിശുദ്ധ ക്വുർആനിൽ:

﴿إِنَّ اللَّهَ لاَ يَغْفِرُ أَنْ يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَنْ يَشَاءُ ...﴾ النساء:٤٨

**തന്നോട് പങ്കു ചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയി ല്ല, അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറു ത്തു കൊടുക്കുന്നതാണ്.** (വി.ക്വു. 4:48)

എന്ന് പറഞ്ഞു കൊണ്ട് അല്ലാഹു താക്കീതു ചെയ്ത ശിർകിനെ കുറിച്ച് അറിയുക കൂടി ചെയ്താൽ രണ്ടു കാര്യങ്ങൾ താങ്കൾക്കു അനുഭവ ഭേദ്യ മാകും.

1-അല്ലാഹു അവന്റെ അപാരമായ കാരുണ്യത്താൽ താങ്കൾക്കു ചെയ്തു തന്നിട്ടുള്ള അനുഗ്രഹം നിമിത്തമുള്ള സന്തോഷം. ക്വുർആനിൽ അതി പ്രകാരം കാണാം:

﴿قُلْ بِفَضْلِ اللَّهِ وَبِرَحْمَتِهِ فَبِذَلِكَ فَلْيَفْرَحُوا هُوَ خَيْرٌ مِّمَّا يَجْمَعُونَ﴾

يونس:٥٨

**പറയുക: അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടും കാരുണ്യം കൊണ്ടു മാണത്. അതു കൊണ്ട് അവർ സന്തോഷിച്ചു കൊള്ളട്ടെ. അതാണ് അ വർ സമ്പാദിച്ചു കൂട്ടിക്കൊണ്ടിരിക്കുന്നതിനെക്കാൾ ഉത്തമമായിട്ടുള്ള ത്.** (വി.ക്വു. 10:58)

2-അതികഠിനമായ ഭയവും താങ്കൾക്കു തോന്നും. കാരണം, മനുഷ്യന്റെ നാവിൽ നിന്നു വരുന്ന ഒരു വാക്കു കൊണ്ടു മാത്രം അവൻ കാഫിറാ കും. അവനത് പറഞ്ഞിട്ടുള്ളത് അറിവില്ലാതെ ആണെങ്കിൽ പോലും. കാരണം, ഇക്കാര്യത്തിൽ അറിവില്ലായ്മ ഒരു ഒഴികഴിവല്ല. മക്കാമുശ്രി കുകൾ വിചാരിച്ചതു പോലെ തന്നെ, അല്ലാഹുവിങ്കലേക്ക് തന്നെ അ ടുപ്പിക്കുന്നതായിരിക്കും ഇത് എന്ന ധാരണയിലായിരിക്കും പലപ്പോഴും അവനത് പറയുന്നത്. മൂസാ നബി عليه السلام യുടെ നല്ലവരായ ജനത അദ്ദേഹത്തോട് പറഞ്ഞ ഒരു വാക്യം ക്വുർആനിൽ കാണാം. ഇ തായിരുന്നു ആ വാക്ക്:

﴿...يَا مُوسَى اجْعَل لَّنَا إِلَهًا كَمَا لَهُمْ آلِهَةٌ...﴾ الأعراف:١٣٨

**ഹേ മൂസാ, ഇവർക്കു ദൈവങ്ങളുള്ളതു പോലെ, ഞങ്ങൾക്കും ഒരു ദൈവ ത്തെ ഏർപ്പെടുത്തിത്തരണം.** (വി.ക്വു. 7:138)

ഇതു കൂടി ചിന്തിച്ചു മനസ്സിലാക്കുമ്പോൾ ഭയവും, ഇതിൽ നിന്നെല്ലാം ര ക്ഷപ്പെടണമെന്നുള്ള വ്യഗ്രതയും താങ്കളിൽ വർദ്ധിക്കും.

# തൗഹീദും ശത്രുക്കളും

തത്വജ്ഞാനിയായ അല്ലാഹു ഈ തൗഹീദുമായി നിയോഗിച്ച ഒരൊറ്റ പ്ര വാചകനും ശത്രുക്കൾ ഉണ്ടാകാതിരുന്നിട്ടില്ല. അല്ലാഹു പറയുന്നു:

﴿وَكَذَلِكَ جَعَلْنَا لِكُلِّ نَبِيٍّ عَدُوًّا شَيَاطِينَ الإِنْسِ وَالْجِنِّ يُوحِي بَعْضُهُمْ إِلَى بَعْضٍ زُخْرُفَ الْقَوْلِ غُرُورًا...﴾ الأنعام:١١٢

**അപ്രകാരം ഓരോ പ്രവാചകനും മനുഷ്യരിലും ജിന്നുകളിലും പെട്ട പിശാചുക്കളെ നാം ശത്രുക്കളാക്കിയിട്ടുണ്ട്. കബളിപ്പിക്കുന്ന ഭംഗിവാ ക്കുകൾ അവർ പരസ്പരം ദുർബോധനം ചെയ്യുന്നു.** (വി.ക്വു. 6:112)

തൗഹീദിന്റെ ശത്രുക്കളുടെ കയ്യിലും ധാരാളം അറിവുകളും ഗ്രന്ഥങ്ങ ളും തെളിവുകളും ഉണ്ടായെന്നിരിക്കും. അല്ലാഹു പറയുന്നു:

﴿فَلَمَّا جَآءَتْهُمْ رُسُلُهُمْ بِالْبَيِّنَاتِ فَرِحُوا بِمَا عِنْدَهُمْ مِّنَ الْعِلْمِ...﴾ غافر:٨٣

**അങ്ങനെ അവരിലേക്കുള്ള ദൂതന്മാർ വ്യക്തമായ തെളിവുകളും കൊണ്ട് അ വരുടെയടുത്ത് ചെന്നപ്പോൾ അവരുടെ പക്കലുള്ള അറിവു കൊണ്ട് അവർ തൃപ്തിയടയുകയാണ് ചെയ്തത്...**(വി.ക്വു. 40:83)

അല്ലാഹുവിലേക്കുള്ള മാർഗ്ഗത്തിൽ ശത്രുക്കളുണ്ടാകും. തെളിവുകളും വിവരണങ്ങളും വാചാലതയുമായി പലരും ആ മാർഗ്ഗത്തിൽ ഇരിപ്പുണ്ടാ കും എന്നു മനസ്സിലാക്കിയാൽ, ഈ പിശാചുക്കളോട് പോരടിക്കാനാവ ശ്യമായ മതവിജ്ഞാനമാകുന്ന ആയുധം തയ്യാറാക്കൽ താങ്കൾക്കു നിർ ബന്ധമാകും. ഇവരുടെ

നേതാവ് നിങ്ങളുടെ നാഥനോട് പണ്ടു തന്നെ പറഞ്ഞിട്ടുള്ളത് സ്മരിക്കുക:

﴿لأَقْعُدَنَّ لَهُمْ صِرَاطَكَ الْمُسْتَقِيمَ، ثُمَّ لآَتِيَنَّهُمْ مِنْ بَيْنِ أَيْدِيهِمْ وَمِنْ خَلْفِهِمْ وَعَنْ أَيْمَانِهِمْ وَعَنْ شَمَآئِلِهِمْ وَلاَ تَجِدُ أَكْثَرَهُمْ شَاكِرِينَ ﴾

الأعراف:١٦-١٧

**നിന്റെ നേരായ പാതയിൽ അവർ (മനുഷ്യർ) പ്രവേശിക്കുന്നതു തടയാൻ ഞാൻ കാത്തിരിക്കും. പിന്നീട് അവരുടെ മുമ്പിലൂടെയും, പിന്നി ലൂടെയും, അവരുടെ വലതു ഭാഗങ്ങളിലൂടെയും, ഇടതു ഭാഗങ്ങളിലൂ ടെയും അവരുടെ അടുത്ത് ചെല്ലുക തന്നെ ചെയ്യും. അവരിൽ അധിക പേരെയും നന്ദിയുള്ളവരായി നീ കണ്ടെത്തുന്നതല്ല.** (വി.ക്വു. 7:16-17)

## ദുർബല വാദങ്ങൾ

പക്ഷെ, താങ്കൾ അല്ലാഹുവിലേക്കു തിരിഞ്ഞു, അവന്റെ തെളിവുകളും വിശദീകരണങ്ങളും ശ്രദ്ധിക്കുന്ന പക്ഷം താങ്കൾക്ക് യാതൊന്നും ഭയ പ്പെടാനില്ല. കാരണം, അല്ലാഹു പറയുന്നു:

﴿...إِنَّ كَيْدَ الشَّيْطَانِ كَانَ ضَعِيفًا ﴾ النساء:٧٦

**തീർച്ചയായും പിശാചിന്റെ കുതന്ത്രം ദുർബലമാകുന്നു.** (വി.ക്വു. 4:76)

ആയിരക്കണക്കിനുള്ള ശിർകൻ പണ്ഢിതന്മാരെ അതിജയിക്കുവാൻ ഒരൊററ മുവഹ്ഹിദിനു കഴിയും. അല്ലാഹു പറയുന്നു:

﴿وَإِنَّ جُنْدَنَا لَهُمُ الْغَالِبُونَ ﴾الصافّات:١٧٣

**തീർച്ചയായും നമ്മുടെ സൈന്യം തന്നെയായിരിക്കും ജേതാക്കളായിരി ക്കുക.** (വി.ക്വു. 37:173)

അല്ലാഹുവിന്റെ സൈന്യം തന്നെയാണ് വാമൊഴിയിലും വരമൊഴിയിലും മുന്നിട്ടു നിൽക്കുക. ആയുധം കൊണ്ടും അവർ തന്നെയായിരിക്കും വി ജയിക്കുക. നിരായുധനായി ഈ മാർഗ്ഗത്തിൽ പ്രവേശിക്കുന്ന ഏകദൈ വ വിശ്വാസിക്കു മാത്രമേ വല്ലതും പേടിക്കേണ്ടതുള്ളൂ. എല്ലാ കാര്യങ്ങൾക്കുമുള്ള വിശദീകരണവും സന്മാർഗ്ഗ ദർശനവും, തനിക്കു കീഴ്പെട്ടു ജീവിക്കുന്നവർക്കു സന്തോഷവാർത്തയും കാരുണ്യവുമായി ക്കൊണ്ടാണ് അല്ലാഹു അവന്റെ ഗ്രന്ഥം നമുക്ക് നൽകിയിട്ടുള്ളത്. അ സത്യവാദികൾ എത്രവലിയ തെളിവുകൾ കൊണ്ടുവന്നാലും അവയെ എല്ലാം നിഷേധിക്കുവാനും, അവയുടെ നിരർത്ഥത തുറന്നു കാണിക്കാ നും ഉതകുന്ന തെളിവ് ക്വുർആനിൽ നിന്നു ലഭിക്കാതിരിക്കില്ല. അ ല്ലാഹു പറയുന്നു:

﴿وَلاَ يَأْتُونَكَ بِمَثَلٍ إِلاَّ جِئْنَاكَ بِالْحَقِّ وَأَحْسَنَ تَفْسِيرًا ﴾ لقمان:٣٣

**അവർ ഏതൊരു പ്രശ്നവും കൊണ്ട് നിന്റെയടുക്കൽ വരികയാണെ ങ്കിലും, അതിന്റെ യാഥാർത്ഥ്യവും നല്ല വിവരണവും നിനക്കു നാം കൊ ണ്ടുവന്നു തരാതിരിക്കില്ല.** (വി.ക്വു. 25:33)

മുഴുവൻ അസത്യവാദികളും അന്ത്യനാൾ വരെ കൊണ്ടുവന്നേക്കാവുന്ന തെളിവുകളെ കുറിച്ചാണ് ഈ വചനത്തിൽ സൂചിപ്പിച്ചിട്ടുള്ളതെന്ന് ക്വു ർആൻ വ്യാഖ്യാതാക്കൾ പറയുന്നു. അഭിനവ മുശ്രികുകൾ എഴുന്നള്ളി ക്കുന്ന പുത്തൻ വാദങ്ങൾക്ക് അല്ലാഹു അവന്റെ ഗ്രന്ഥത്തിലൂടെ നൽ കുന്ന ചില മറുപടികൾ സൂചിപ്പിക്കാം. അസത്യ വാദികൾക്കുള്ള മറുപ ടി രണ്ടു വിധത്തിലുണ്ട്. ഹ്ര സ്വവും സമഗ്രവും.

# മറുപടികൾ

**ഹ്യസ്വ മറുപടി:** ബുദ്ധിയുള്ളവർക്ക് ഹ്യസ്വമായതിൽ തന്നെ വളരെ ധികം ഗ്രഹിക്കുവാനുണ്ട്. അല്ലാഹു പറയുന്നു:

﴿هُوَ الَّذِي أَنْزَلَ عَلَيْكَ الْكِتَابَ مِنْهُ ءَايَاتٌ مُحْكَمَاتٌ هُنَّ أُمُّ الْكِتَابِ وَأُخَرُ مُتَشَابِهَاتٌ فَأَمَّا الَّذِينَ فِي قُلُوبِهِمْ زَيْغٌ فَيَتَّبِعُونَ مَا تَشَابَهَ مِنْهُ ابْتِغَآءَ الفِتْنَةِ وَابْتِغَاءَ تَأْوِيلِهِ وَمَا يَعْلَمُ تَأْوِيلَهُ إِلاَّ اللَّهُ﴾ ال عمران:٧

**(നബിയേ,) നിനക്കു വേദഗ്രന്ഥം അവതരിപ്പിച്ചു തന്നിരിക്കുന്നത് അവ നത്രെ. അതിൽ സുവ്യക്തവും ഖണ്ഡിതവുമായ വചനങ്ങളുണ്ട്. അവ യത്രെ വേദഗ്ര ന്ഥത്തിന്റെ മൗലിക ഭാഗം. ആശയത്തിൽ സാദൃശ്യമുള്ള ചില വചനങ്ങളുമുണ്ട്. എന്നാൽ മനസ്സുകളിൽ വക്രതയുള്ളവർ കുഴപ്പ മുണ്ടാക്കാൻ ഉദ്ദേശിച്ചു കൊണ്ടും, ദുർവ്യാഖ്യാനം നടത്താൻ ആഗ്രഹി ച്ചു കൊണ്ടും ആശയത്തിൽ സാദൃശ്യമുള്ള വചനങ്ങളെ പിന്തുടരുന്നു. അതിന്റെ സാക്ഷാൽ വ്യാഖ്യാനം അല്ലാഹുവിനു മാത്രമേ അറിയുക യുള്ളൂ.** (വി.ക്വു. 3:7)

ആഇശഃ ﵂ യിൽ നിന്നു നിവേദനം; പ്രവാചകൻ ﷺ പറഞ്ഞു:

((فَإِذَا رَأَيْتَ الَّذِينَ يَتَّبِعُونَ مَا تَشَابَهَ مِنْهُ فَأُولَئِكَ الَّذِينَ سَمَّى اللَّهُ فَاحْذَرُوهُمْ)) البخاري، حديث: ٤٥٤٧

അതിൽ (ക്വുർആനിൽ) ആശയത്തിൽ സാദൃശ്യമുള്ളതിനെ പിൻപററുന്ന വരെ നിങ്ങൾ കണ്ടാൽ, അവരെ നിങ്ങൾ കരുതിയിരിക്കുക. അവരെ യാണ് അല്ലാഹു പേരെടുത്തു പറഞ്ഞിട്ടുള്ളത്. (ബുഖാരി:ഹെ: 4547)

ഉദാ:

﴿أَلَآ إِنَّ أَوْلِيَاءَ اللَّهِ لاَ خَوْفٌ عَلَيْهِمْ وَلاَ هُمْ يَحْزَنُونَ ﴾ يونس:٦٢

**ശ്രദ്ധിക്കുക, തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങളാരോ, അവർക്ക് യാതൊരു ഭയവുമില്ല, അവർ ദുഃഖിക്കേണ്ടി വരികയുമില്ല.** (വി.ക്വു. 10: 62)

ഈ ക്വുർആൻ വചനത്തെ ബഹുദൈവ വാദികൾ തെററായി ഉദ്ധരിക്കു ന്നതു പോലെ. അല്ലെങ്കിൽ, ശുപാർശ ചിലർക്കുള്ള അവകാശമാണ്, മനുഷ്യരെ സഹായിക്കാൻ ചില ജാഹുകൾ അല്ലാഹുവിന്റെ സന്നിധിയി ൽ പ്രവാചകന്മാർക്കുണ്ട് എന്നിത്യാദി വാദങ്ങൾ, തങ്ങളുടെ നിരർത്ഥക വാദങ്ങൾക്ക് തെളിവായി നബി ﷺ യുടെ വചനങ്ങൾ ദുർവ്യാഖ്യാനം നട ത്തൽ തുടങ്ങിയവ.

മേൽ പറയപ്പെട്ട കാര്യങ്ങൾ അവർ ഉദ്ധരിക്കുന്ന പക്ഷം അവയുടെ യാ ഥാർത്ഥ്യം താങ്കൾക്കു മനസ്സിലായി എന്നു വരില്ല. അപ്പോൾ താങ്കൾ ഇപ്ര കാരം പറയുക: മനസ്സിൽ വക്രതയുള്ളവർ ഖണ്ഡിതമായതിനെ ഉപേക്ഷി ച്ചു, ആശയത്തി ൽ സാദൃശ്യമുള്ളതിനെ ആയിരിക്കും പിന്തുടരുക എന്ന് അല്ലാഹു പറഞ്ഞിട്ടുണ്ട്. മക്കാമുശ്‌രികുകൾ അല്ലാഹുവിന്റെ രക്ഷാകർ
തൃത്വം (റുബൂബിയ്യത്) അം ഗീകരിച്ചിരുന്നു. അതോടൊപ്പം;

﴿...هَؤُلاَءِ شُفَعَآؤُنَا عِنْدَ اللَّهِ...﴾ يونس:١٨

**ഇവർ (ആരാധ്യർ) അല്ലാഹുവിന്റെയടുക്കൽ ഞങ്ങൾക്കുള്ള ശുപാർശ ക്കാരാണ്.** (വി.ക്വു. 10:18)

എന്നു പറഞ്ഞു കൊണ്ട് മലക്കുകൾ, അമ്പിയാക്കൾ, ഔലിയാക്കൾ എ ന്നിവരുടെ പിന്നാലെ പോയതാണ് അവർ ചെയ്ത ശിർക് എന്ന് അല്ലാ ഹു പറയുന്നു. ഇതു തന്നെയാണ് ഞാനും നിങ്ങൾക്കു പറഞ്ഞു തന്ന കാര്യം.

ആശയ ഭേദഗതി വരുത്താൻ കഴിയാത്ത വിധം ഖണ്ഡിതമായ കാര്യമാ ണിത്. ശിർകിൽ അകപ്പെട്ടു പോയ മനുഷ്യാ; താങ്കൾ എന്നെ കേൾപിച്ച ക്വുർആൻ വചനങ്ങളുടെയും, നബിവചനങ്ങളുടെയും

വിശദാംശം എ നിക്കറിയില്ല. എന്നാലും ഒരു കാര്യം ഞാൻ തീർത്തു പറയാം: അല്ലാഹു വിന്റെ വചനങ്ങളിൽ പരസ്പര വൈരുദ്ധ്യം കാണപ്പെടുകയില്ല. നബി ﷺ യുടെ വചനവും ഒരിക്കലും അല്ലാഹുവിന്റെ വചനത്തിനു എതിരാ വുകയില്ല. ഇതാണ് യഥാർത്ഥ മറുപടി.[4]

പക്ഷെ, അല്ലാഹു അനുഗ്രഹിച്ചവർക്കല്ലാതെ ഇതു മനസ്സിലാകുകയില്ല. ഇതു പറയുമ്പോൾ താങ്കൾക്കു പരിഹാസ ഭാവം തോന്നേണ്ടതില്ല. കാര ണം അല്ലാഹു പറയുന്നു:

﴿وَمَا يُلَقَّاهَآ إِلاَّ الَّذِينَ صَبَرُوا وَمَا يُلَقَّاهَآ إِلاَّ ذُو حَظٍّ عَظِيمٍ﴾ فصّلت:٣٥

**ക്ഷമ കൈകൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുക യില്ല. വമ്പിച്ച ഭാഗ്യമുള്ളവനല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെ ടുകയില്ല.** (വി. ക്വു. 41:35)

**സമഗ്ര മറുപടി:**

പ്രവാചക മതത്തിൽ നിന്നും മനുഷ്യരെ തടയുവാൻ, ദൈവശത്രുക്കൾക്ക് പല തടസ്സ വാദങ്ങളും ഉന്നയിക്കാനുണ്ട്. അതിൽ സുപ്രധാനമായ ഒന്നാണ് ഞങ്ങൾ അല്ലാഹുവിനു പങ്കുകാരെ വെക്കു ന്നില്ല എന്ന വാദം. മാത്രമല്ല, ഇതു കൂടി ചേർത്തു പറഞ്ഞേക്കും: അല്ലാ ഹു അല്ലാതെ സ്രഷ്ടാവോ, അന്നദാതാവോ, ഉപകാര ഉപദ്രവങ്ങൾ ചെ യ്യുന്നവനോ ഇല്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനും ആകുന്നു എന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നവരുമാണ്. മുഹെമ്മദ് നബി ﷺ ക്ക് സ്വന്തം ശരീരത്തിനു പോലും ഉപകാര ഉപദ്രവങ്ങൾ ചെയ്യാൻ സാദ്ധ്യമ ല്ലെന്ന്[5] ഞങ്ങൾ

---

[4] സത്യത്തിന്റെ വക്താക്കൾ ക്വുർആനും സുന്നത്തും ഉൾകൊണ്ടിട്ടുള്ളത് മു ൻഗാമികളായ സ്വഹേബത്തും താബിഉകളും ഉൾക്കൊണ്ടതു പോലെ തന്നെ യാണ്. അതിനാൽ-അല്ലാഹുവിന്റെ അനുഗ്രഹത്താൽ-അവരുടെ ധാരണ പി ഴക്കുകയില്ല.

[5] 5-അല്ലാഹു പറയുന്നു: =

സാക്ഷ്യം വഹിക്കുന്നു. എന്നിട്ടല്ലേ, അബ്ദുൽഖാദിർ ജീലാനിക്കോ[6] മറ്റോ സാധിക്കുക.

---

﴿قُلْ لاَّ أَمْلِكُ لِنَفْسِي نَفْعًا وَلاَ ضَرًّا إِلاَّ مَا شَآءَ اللَّهُ وَلَوْ كُنْتُ أَعْلَمُ الْغَيْبَ لاسْتَكْثَرْتُ مِنَ الْخَيْرِ وَمَا مَسَّنِيَ السُّوءُ إِنْ أَنَا إِلاَّ نَذِيرٌ وَبَشِيرٌ لِّقَوْمٍ يُؤْمِنُونَ ﴾ الأعراف:١٨٨

**(നബിയേ,) പറയുക: എന്റെ സ്വന്തം ദേഹത്തിനു തന്നെ ഉപകാരമോ, ഉ പദ്രവമോ വരുത്തൽ എന്റെ അധീനത്തിൽ പെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ച തൊഴികെ. എനിക്ക് അദൃശ്യകാര്യം അറിയാമായിരുന്നുവെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു. തിന്മ എന്നെ ബാധിക്കുക യുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും, വിശ്വസിക്കുന്ന ജന ങ്ങൾക്ക് സന്തോഷവാർത്ത അറിയിക്കുന്നവനും മാത്രമാണ്.** (വി.ക്വു. 7: 188)

നബി ﷺ തന്റെ കുടുംബക്കാരോട് ഇപ്രകാരം പറഞ്ഞു:

((لاَ أُغْنِي عَنْكُمْ مِنَ اللَّهِ شَيْئًا.... وَيَا فَاطِمَةُ بِنْتَ مُحَمَّدٍ ، سَلِينِي مِنْ مَالِي، لاَ أُغْنِي عَنْكِ مِنَ اللَّهِ شَيْئًا)) البخاري:٤٧٧١

അല്ലാഹുവിങ്കൽ നിങ്ങൾക്കു വല്ല ഉപകാരവും ചെയ്യുവാൻ എനിക്കു സാ ദ്ധ്യമല്ല. മുഹെമ്മദിന്റെ മകൾ ഫാത്വിമാ, എന്റെ ധനത്തിൽ നിന്നും നീ ഉദ്ദേശി ച്ചതു ചോദിച്ചു കൊള്ളുക. അല്ലാഹുവിങ്കൽ നിനക്കു വല്ല ഉപകാരവും ചെയ്യാ ൻ എനിക്കു സാദ്ധ്യമല്ല. (ബു ഖാരീ:4771)

പ്രസിദ്ധ സ്വഹേബി ഉഥ്മാനുബ്നു മദ്ഊൻ ﷺ ന്റെ മരണവാർത്ത ഉദ്ധരിക്കു ന്ന ഹെദീഥിൽ നബി ﷺ പറയുന്നു:

((وَاللَّهِ مَا أَدْرِي وَأَنَا رَسُولُ اللَّهِ مَا يُفْعَلُ بِي)) صحيح البخاري، حديث:١٢٤٣

അല്ലാഹുവാണ സത്യം, ഞാൻ അല്ലാഹുവിന്റെ പ്രവാചകനായിട്ടു പോലും, എ ന്നെക്കൊണ്ട് എന്തു ചെയ്യപ്പെടുമെന്ന് എനിക്കറിയില്ല. (ബുഖാരീ. 1243)

6 ശൈഖ് അബൂമുഹെമ്മദ് അബ്ദുൽഖാദിർ ബിൻ അബീ സ്വാലിഹ് അൽജീ ലാനീ. പ്രശസ്ത ഐഹിക വിരക്തൻ, ധാരാളം കറാമത്തുകളുടെയും വി ജ്ഞാനങ്ങളുടെയും ഉടമ. ഹെമ്പലീ

പക്ഷെ, ഞാൻ പാപിയാണ്. പുണ്യാളന്മാർക്കാണെങ്കിൽ അല്ലാഹുവിങ്കൽ ചില സ്ഥാനങ്ങളുണ്ട്. അവരുടെ ഹഖ്ഖ് കൊണ്ട്[7] ഞാൻ

മദ്ഹബിലെ പണ്ഡിതൻ. ഹി: 490 ൽ ജീ ലാനിൽ ജനിച്ചു. (491 ലാണെന്നും അഭിപ്രായമുണ്ട്.) യുവാവായിരിക്കെ ബഗ് ദാദിൽ വന്നു. അവിടെ വെച്ച് ബാക്വില്ലാനീ, ജഅ്ഫറുസ്സിറാജ്, അബൂബക റുബ്നു സൂസ് തുടങ്ങിയവരിൽ നിന്നും ഹദീഥിൽ പാണ്ഡിത്യം നേടി. അ ബൂസകരിയ്യാ ത്വബ്രീസിയെ പോലുള്ള പണ്ഡിതരിൽ നിന്നും അറബി സാ ഹിത്യം പഠിച്ചു. ഇബ്നുസ്സംആനീ അദ്ദേഹത്തെ കുറിച്ച് രേഖപ്പെടുത്തുന്നു: ജനങ്ങൾക്കിടയിൽ അദ്ദേഹത്തിനു വലിയ സ്വീകാര്യത ലഭിച്ചിരുന്നു. അദ്ദേ ഹത്തിന്റെ മതവിശ്വാസത്തിലും സദ്വൃത്തതയിലും അവർക്ക് വളരെയധികം ഉപകരിച്ചു. അദ്ദേഹം മുഖേന അഹ്ലുസ്സുന്നത്തിനു വൻവിജയം ലഭിച്ചു. അ ദ്ദേഹത്തിന്റെ വചനങ്ങളും പ്രവർത്തനങ്ങളും കറാമത്തുകളും പുകൾപെറ്റ തായിത്തീർന്നു.
തൗഹീദ്, അല്ലാഹുവിന്റെ വിശേഷണങ്ങൾ, വിധി (ഖദ്ർ), മറ്റു വിജ്ഞാനീയ ങ്ങൾ എന്നിവയിൽ നബിചര്യക്കനുസൃതമാം വിധം അദ്ദേഹം നൽകിയ വിശ ദീകരണങ്ങൾ ധാരാളമാണ്. ഗുൻയതു ത്വാലിബി ത്വരീഖതിൽ ഹഖ്ഖി അ സ്സവജല്ല (غنية طالب طريقة الحق عزوجل) എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥം പ്രസി ദ്ധമാണ്. അലിയ്യുബ്നു ഇദ്രീസ് ഒരിക്കൽ ശൈഖ് ജീലാനിയോട് ചോദിച്ചു: അഹ്മദു ബ്നു ഹമ്പലിന്റേത് (അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റേത്) അ ല്ലാത്ത വിശ്വാസ പ്രകാരം വല്ല വലിയ്യും ഉണ്ടായിട്ടുണ്ടോ? ശൈഖ്: ഉണ്ടായിട്ടില്ല. അങ്ങിനെ ഉണ്ടാകുകയുമില്ല. അബൂസഈദി സ്സംആനീ, ഹാഫിദ് അബ്ദുൽഗ നീ എന്നിവരും അദ്ദേഹത്തിൽ നിന്ന് വിജ്ഞാനങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ കാലത്തെ ഇമാമും, ശൈഖന്മാരുടെ ശൈഖും ആയിരുന്നു. ഹി: 561 ൽ നിര്യാതനായി.

[7] സമീപസ്ഥനും പ്രാർത്ഥനക്ക് ഉത്തരം നൽകുന്നവനുമായ അല്ലാഹുവിന്റെ യും തങ്ങളുടെയും ഇടയിൽ പുണ്യാളന്മാരെ മദ്ധ്യവർത്തികളാക്കി അവർ മു ഖേന ചോദിക്കുക, ഇതാണ് മരിച്ചവരെ വിളിച്ചു തേടുന്നവരുടെ ആരാധനാ ക്രമം. ഇത് കുഫ്റാകുന്നു എന്ന്

അല്ലാഹുവിനോട് ചോദി ക്കുന്നു. ഇതിനു നൽകേണ്ട മറുപടി മുമ്പു പറഞ്ഞതു തന്നെ. അതാ യത്, നബി ﷺ യുദ്ധം ചെയ്ത ആൾക്കാരും താങ്കൾ പറഞ്ഞ കാര്യങ്ങൾ അംഗീകരിച്ചിരുന്നു. അവരുടെ വിഗ്രഹങ്ങൾ യാതൊന്നിനെയും നിയ ന്ത്രിക്കുന്നില്ല എന്ന് അവരും അംഗീകരിച്ചിരുന്നു. അവർ അവയിൽ നിന്നു പ്രതീക്ഷിച്ചിരുന്നത് സാമീപ്യവും ശുപാർശയും മാത്രമായിരുന്നു. ഇതിനു തെളിവായുള്ള ക്വുർആൻ വചനങ്ങൾ താങ്കൾ ഇയാൾക്ക് പാരാ യണം ചെയ്തു കൊടുത്തു നോക്കൂ. അന്നേരം ഇവരുടെ വാദം ഇങ്ങ നെയായിരിക്കും: ഈ ക്വുർആൻ വചനങ്ങളെല്ലാം മക്കാമുശ്‌രികുക ളുടെ വിഷയത്തിൽ അവതീർണ്ണമായവയാണ്. എങ്ങിനെയാണ് ഈ പു

---

പണ്ഡിതർ ഐക്യകണ്ഠേന അഭിപ്രായപ്പെട്ട കാര്യവുമാകുന്നു. ഈസാ ﵇ നെയും മാതാവ് മർയമിനെയും വിളിച്ചു പ്രാർ ത്ഥിച്ചവരും കാഫിറുകളുടെ കൂട്ടത്തിലുണ്ടായിരുന്നു. അവരെ കുറിച്ച് അല്ലാ ഹു പറയുന്നത് നോക്കുക:

﴿مَا الْمَسِيحُ بْنُ مَرْيَمَ إِلاَّ رَسُولٌ قَدْ خَلَتْ مِنْ قَبْلِهِ الرُّسُلُ وَأُمُّهُ صِدِّيقَةٌ كَانَا يَأْكُلاَنِ الطَّعَامَ انْظُرْ كَيْفَ نُبَيِّنُ لَهُمُ الأَيَاتِ ثُمَّ انْظُرْ أَنَّى يُؤْفَكُونَ، قُلْ أَتَعْبُدُونَ مِنْ دُونِ اللَّهِ مَا لاَ يَمْلِكُ لَكُمْ ضَرًّا وَلاَ نَفْعًا وَاللَّهُ هُوَ السَّمِيعُ الْعَلِيمُ﴾ المائدة:٧٥-٧٦

**മർയമിന്റെ മകൻ മസീഹ് ഒരു ദൈവദൂതൻ മാത്രമാകുന്നു. അദ്ദേഹത്തി നു മുമ്പ് ദൈവദൂതന്മാർ കഴിഞ്ഞു പോയിട്ടുണ്ട്. അദ്ദേഹത്തിന്റെ മാതാ വ് സത്യവതിയാകുന്നു. അവരിരുവരും ഭക്ഷണം കഴിക്കുന്നവരായി രുന്നു. നോക്കൂ; നാം അവർക്ക് എങ്ങനെയെല്ലാം ദൃഷ്ടാന്തങ്ങൾ വ്യ ക്തമാക്കി കൊടുക്കുന്നുവെന്ന്. നോക്കൂ; എന്നിട്ടും അവർ എങ്ങനെ യാണ് (സത്യത്തിൽ നിന്നും) തെറ്റിക്കപ്പെടുന്നതെന്ന്. (നബിയേ,) പറ യുക: അല്ലാഹുവിനെ കൂടാതെ നിങ്ങൾക്ക് ഉപകാരമോ, ഉപദ്രവമോ ചെയ്യാൻ കഴിയാത്ത വസ്തുക്കളെയാണോ നിങ്ങൾ ആ രാധിക്കുന്ന ത്? അല്ലാഹുവാകട്ടെ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകു ന്നു.** (വി.ക്വു. 5:75,76)

ണ്യാളന്മാരെയും പ്രവാചകന്മാരെയും വിഗ്രഹ സമാനരായി കണക്കാക്കുക? ഇതിനുള്ള മറുപടിയും മുമ്പ് നാം പറഞ്ഞു കഴിഞ്ഞു. അതായത്, കാഫിറുകളും അല്ലാഹുവിന്റെ രക്ഷാകർതൃത്വത്തെ മുഴുവനായി അംഗീകരിച്ചിരുന്നു. അവരുടെ ആരാധ്യരിൽ നിന്നും അവർ ഉദ്ദേശിച്ചിരു ന്നത് ശഫാഅത് (ശുപാർശ) മാത്രമായിരുന്നു എന്ന് അവരും സമ്മതിക്കു ന്നുണ്ട്. ഇനി ഇഷ്പറഞ്ഞതു കൊണ്ട് കാഫിറുകളുടെയും തന്റെയും പ്രവൃ ത്തികൾ തമ്മിൽ വേർതിരിക്കാനാണ് ഇയാൾ ഉദ്ദേശിക്കുന്നതെങ്കിൽ, അവർ മനസ്സിലാക്കിയിരിക്കേണ്ട ഒരു കാര്യമുണ്ട്. കാഫിറുകളുടെ കൂട്ടത്തിൽ വിഗ്രഹങ്ങളെയും പുണ്യ പുരുഷന്മാരെയും വിളിച്ചു പ്രാർത്ഥിച്ച വരുണ്ടായിരുന്നു. അവരുടെ ഈ ഔലിയാക്കളെ കുറിച്ച് അല്ലാഹു പറ യുന്നു:

﴿أُولَئِكَ الَّذِينَ يَدْعُونَ يَبْتَغُونَ إِلَى رَبِّهِمُ الْوَسِيلَةَ أَيُّهُمْ أَقْرَبُ...﴾

الإسراء:٥٧

**അവർ വിളിച്ചു പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നത് ആരെയാണോ, അവർ തന്നെ തങ്ങളുടെ രക്ഷിതാവിങ്കലേക്ക് സമീപന മാർഗ്ഗം തേടിക്കൊണ്ടി രിക്കയാണ്, അതെ അവരുടെ കൂട്ടത്തിൽ അല്ലാഹുവോട് ഏററവും അടുത്തവർ തന്നെ (അപ്രകാരം തേടുന്നു.)** (വി.ക്വു. 17:57)

# ആരാധിക്കപ്പെട്ടവർ നിഷേധിക്കുന്നു

അയാൾക്ക് ഈ ക്വുർആൻ വചനങ്ങൾ കൂടി പറഞ്ഞു കൊടുക്കുക. അല്ലാ ഹു പറയുന്നു:

﴿وَيَوْمَ يَحْشُرُهُمْ جَمِيعًا ثُمَّ يَقُولُ لِلْمَلآئِكَةِ أَهَؤُلآءِ إِيَّاكُمْ كَانُوا يَعْبُدُونَ، قَالُوا سُبْحَانَكَ أَنْتَ وَلِيُّنَا مِنْ دُونِهِمْ بَلْ كَانُوا يَعْبُدُونَ الْجِنَّ أَكْثَرُهُمْ بِهِمْ مُّؤْمِنُونَ﴾ سبأ:٤٠-٤١

**അവരെ മുഴുവൻ അവൻ ഒരുമിച്ചു കൂട്ടുന്ന ദിവസം (ശ്രദ്ധേയമാകുന്നു.) എന്നിട്ട് അവൻ മലക്കുകളോട് ചോദിക്കും: നിങ്ങളെയാണോ ഈ കൂട്ടർ ആരാധിച്ചിരുന്നത്? അവർ പറയും: നീ എത്ര പരിശുദ്ധൻ ! നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അവരല്ല. എന്നാൽ അവർ ജിന്നുക ളെ ആയിരുന്നു ആരാധിച്ചിരുന്നത്. അവരിൽ അധികപേരും അവരിൽ (ജിന്നുകളിൽ) വിശ്വസിക്കുന്നവരത്രെ.** (വി. ക്വു. 34:40,41)

﴿وَإِذْ قَالَ اللَّهُ يَا عِيسَى بْنَ مَرْيَمَ ءَأَنْتَ قُلْتَ لِلنَّاسِ اتَّخِذُونِي وَأُمِّيَ إِلَهَيْنِ مِنْ دُونِ اللَّهِ قَالَ سُبْحَانَكَ مَا يَكُونُ لِي أَنْ أَقُولَ مَا لَيْسَ لِي بِحَقٍّ إِنْ كُنْتُ قُلْتُهُ فَقَدْ عَلِمْتَهُ تَعْلَمُ مَا فِي نَفْسِي وَلاَ أَعْلَمُ مَا فِي نَفْسِكَ إِنَّكَ أَنْتَ عَلاَّمُ الْغُيُوبِ﴾ المائدة:١١٦

**അല്ലാഹു പറയുന്ന സന്ദർഭവും (ശ്രദ്ധിക്കുക): മർയമിന്റെ മകനായ ഈ സാ, അല്ലാഹുവിനു പുറമെ എന്നെയും എന്റെ മാതാവിനെയും ദൈവ ങ്ങളാക്കിക്കൊള്ളുവീൻ എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്? അ ദ്ദേഹം പറയും: നീയെത്ര പരിശുദ്ധൻ! എനിക്ക് (പറയാൻ) യാതൊര വകാശവുമില്ലാത്തത് ഞാൻ പറയാവതല്ലല്ലോ. ഞാനത് പറഞ്ഞിരുന്നെ ങ്കിൽ നീ തീർച്ചയായും**

**അറിഞ്ഞിരിക്കുമല്ലോ. എന്റെ മനസ്സിലുള്ളത് നീ അറിയും, നിന്റെ മനസ്സിലുള്ളത് ഞാനറിയില്ല. തീർച്ചയായും നീ തന്നെ യാണ് അദൃശ്യ കാര്യങ്ങൾ അറിയുന്നവൻ.** (വി. ക്വു. 5:116)

വിഗ്രഹങ്ങളുടെ ഉപാസകരെയും, ഔലിയാക്കളെ ഉദ്ദേശിച്ചവരെയും അ ല്ലാഹു കാഫിറാക്കിയത് കണ്ടുവല്ലോ. ഇത്തരക്കാരോടാണ് പ്രവാചകൻ ﷺ പടപൊരുതിയത് എന്ന് മനസ്സിലായോ?

## സാമീപ്യം തേടൽ ശിർക്

ഇനി അയാൾ ഇങ്ങനെ പറഞ്ഞേക്കും: കാഫിറുകൾ ആരാധ്യരിൽ നി ന്നും നേരിട്ടു കാര്യസാധ്യം പ്രതീക്ഷഷച്ചിരുന്നു. എന്നാൽ ഉപകാരവും ഉപദ്രവവും ഉടമപ്പെടുത്തിയിട്ടുള്ളതും എല്ലാ കാര്യങ്ങളും നിയന്ത്രിക്കു ന്നതും അല്ലാഹുവാണ് എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നുണ്ടല്ലോ. അ ല്ലാഹുവിന്റെയടുക്കൽ നിന്നല്ലാതെ ഞാൻ കാര്യസാധ്യം പ്രതീക്ഷിക്കു ന്നില്ല. പുണ്യാളന്മാർക്കെന്നും അതു തരാൻ കഴിയുകയുമില്ല. എന്നാലും ഞാൻ അവരെ വിളിക്കുമ്പോൾ അവരുടെ ശുപാർശ മാത്ര മാണ് പ്രതീക്ഷിക്കുന്നത്.

ഈ തെററിദ്ധാരണ നമുക്ക് ഇങ്ങനെ തിരുത്തിക്കൊടുക്കാം. കാഫിറു കളും വാദിച്ചിരുന്നത് ഇതു തന്നെയായിരുന്നില്ലേ? സംശയം തീർക്കാൻ ക്വുർആൻ പറയുന്നത് കാണുക:

﴿وَيَعْبُدُونَ مِنْ دُونِ اللَّهِ مَا لاَ يَضُرُّهُمْ وَلاَ يَنْفَعُهُمْ وَيَقُولُونَ هَؤُلآءِ شُفَعَآؤُنَا عِنْدَ اللَّهِ...﴾ يونس:١٨

**അല്ലാഹുവിനു പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്ത തിനെ അവർ ആരാധിച്ചു കൊണ്ടിരിക്കുന്നു. ഇവർ (ആരാധ്യർ) അല്ലാ ഹുവിന്റെ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ് എന്ന് പറയു കയും ചെയ്യുന്നു...** (വി. ക്വു. 10:18)

ഈ പറയപ്പെട്ട മൂന്നു കാര്യങ്ങൾ[8] ആകുന്നു ഇവരുടെ തെററിദ്ധാരണ യുടെ അടിസ്ഥാനം. ഇതു തന്നെയാണ് അല്ലാഹു അവന്റെ ഗ്രന്ഥത്തിൽ വിശദീകരിച്ചതെന്ന് നിങ്ങൾക്ക് ബോധ്യമായാൽ അതിനു ശേഷമുള്ള തെല്ലാം അയത്ന ലളിതമായിരിക്കും. ഇനി മറെറാരു രൂപത്തിൽ പറ ഞ്ഞേക്കും: ഞാൻ അല്ലാഹുവിനെയല്ലാതെ ആരാധിക്കുന്നില്ല. ഇവരോ ടെല്ലാമുള്ള വിളി ആരാധനയുമ ല്ലല്ലോ.

## പ്രാർത്ഥന തന്നെ ആരാധന

ഇതിനുള്ള മറുപടി ഇങ്ങനെയാണ്: ആരാധന അല്ലാഹുവിനു മാത്രമേ ചെയ്യാവൂ. അത് താങ്കൾക്ക് അല്ലാഹുവിനോടുള്ള കടമയാണ് എന്നെ ല്ലാം താങ്കൾ അംഗീകരിക്കുന്നുണ്ടല്ലോ. തുടർന്ന് ആരാധന എന്താണെ ന്നും, അതിന്റെ ഇനങ്ങൾ ഏതെല്ലാമാണെന്നും അയാൾക്ക് വിശദമാ ക്കിക്കൊടുക്കുക.
അല്ലാഹു പറയുന്നു:

﴿ادْعُوا رَبَّكُمْ تَضَرُّعًا وَخُفْيَةً إِنَّهُ لاَ يُحِبُّ الْمُعْتَدِينَ﴾الأعراف:٥٥

**താഴ്മയോടു കൂടിയും, രഹസ്യമായിക്കൊണ്ടും നിങ്ങൾ നിങ്ങ ളുടെ രക്ഷിതാവിനോട് പ്രാർത്ഥിക്കുക. പരിധി വിട്ടു പോകുന്നവ രെ അല്ലാഹു ഇഷ്ടപ്പെടുക തന്നെയില്ല.** (വി.ക്വു. 7:55)
ഇതു പഠിപ്പിച്ച ശേഷം ചോദിക്കുക: ഈ പ്രാർത്ഥന അല്ലാഹുവിനുള്ള ആരാധനയാണെന്ന് മനസ്സിലായോ? തീർച്ചയായും അയാൾ പറയും:

---

[8] 1-ഞങ്ങൾ അല്ലാഹുവിൽ യാതൊന്നിനെയും പങ്കുചേർക്കുന്നില്ല. 2-നിങ്ങൾ പറയുന്ന ക്വുർആൻ വചനങ്ങളെല്ലാം മക്കാമുശ്രികുകളുടെ വിഷയത്തിൽ അവതീർണ്ണമായവയാകുന്നു. 3-കാഫിറുകൾ ആരാധ്യരിൽ നിന്നും കാര്യസാ ധ്യം പ്രതീക്ഷിച്ചിരുന്നു.

അ തെ, പ്രാർത്ഥന അതു തന്നെയാണ് ആരാധന[9]. ഇത് ആരാധനയാണെന്ന് താങ്കളും അംഗീകരിക്കുന്നതിനാൽ ഒരു കാര്യം ചോദിച്ചു കൊള്ളട്ടെ. രാപകൽ ഭേദമില്ലാതെ താങ്കൾ ഭയ-പ്രതീക്ഷാദികളോടെ അല്ലാ ഹുവിനെ വിളിച്ചു കൊണ്ടേയിരിക്കുന്നു. പിന്നെ മററുവല്ല ആവശ്യവും നേരിടുമ്പോൾ നബിയേയോ മറേറാ താങ്കൾ വിളിക്കുന്നു. ഇതു മൂലം താ ങ്കൾ അല്ലാഹുവിനുള്ള ആരാധനയിൽ മററുള്ളവരെ പങ്കുചേർക്കുകയ ല്ലേ ചെയ്യുന്നത്?

ആലോചിക്കുന്നവൻ ഇതിനു, 'അതെ' എന്നായിരിക്കും മറുപടി പറ യുക. തുടർന്ന് അയാളോട് ചോദിക്കാനുള്ളത് ഇതാണ്. ഈ ക്വുർആൻ വചനം നോക്കൂ:

﴿فَصَلِّ لِرَبِّكَ وَانْحَرْ﴾ الكوثر:٢

**ആകയാൽ നീ നിന്റെ രക്ഷിതാവിനു വേണ്ടി നമസ്കരിക്കുക. ബലിയർപ്പിക്കു കയും ചെയ്യുക.** (വി.ക്വു. 108:2)

ഈ വചനം മനസ്സിലാക്കിയ താങ്കൾ അല്ലാഹുവിനെ അനുസരിച്ചു ബലി യർപ്പിക്കുന്നു. ഇത് ആരാധനയാണോ? സ്വാഭാവികമായും മറുപടി പറ യുക, അതെ, എന്നു തന്നെയായിരിക്കും. ഒരു ഉപചോദ്യം പ്രസക്തമാ ണ്. താങ്കൾ ബലിയർപ്പിക്കുന്നത് ഒരു സൃഷ്ടിക്ക്-നബിയോ ജിന്നോ ആ കട്ടെ-ആണെങ്കിൽ, ഈ ആരാധനയിൽ

---

[9] ഇവ്വിഷയകമായി രണ്ടു ഹെദീഥുകൾ സാധാരണയായി കേട്ടു വരുന്നു. 1-തുർമുദീ ഉദ്ധരിച്ച الدعاء مخ العبادة (പ്രാർത്ഥന ആരാധനയുടെ മജ്ജയാകു ന്നു) എന്ന ഹെദീഥാകുന്നു. ഈ ഹെദീഥിന്റെ നിവേദക പരമ്പരയിൽ ഇബ് നുലുഹയ്അഃ (ابن لهيعة) എന്നയാൾ ഉള്ളതിനാൽ ബലഹീനമാണ്.

2-സ്വഹീഹായ പരമ്പരയിലൂടെ വന്നിട്ടുള്ള ഹെദീഥ് ഇപ്രകാരമാണ്:

عن النعمان بن بشير ﷺ ((الدعاء هو العبادة)) أخرجه الترمذي

പ്രാർത്ഥന അതു തന്നെയാകുന്നു ആരാധന.

താങ്കൾ അവരെ പങ്കുചേർക്കു കയല്ലേ ചെയ്യുന്നത്? ഇതിനുള്ള മറുപടിയും അതെ, എന്നു തന്നെയായി രിക്കും.
ഇതു കൂടി ചോദിക്കുക: ക്വുർആൻ അവതീർണ്ണമായ കാലത്തെ ബഹു ദൈവ വിശ്വാസികൾ, മലക്കുകൾ, പുണ്യാളന്മാർ, ലാത്ത തുടങ്ങിയവരെ ആരാധിച്ചിരുന്നുവോ? അയാൾ പറയും: അതെ. അവരുടെ ആരാധന യും പ്രാർത്ഥന, ബലി, ശരണം തേടൽ തുടങ്ങിയവയിലെല്ലാം തന്നെയാ യിരുന്നില്ലേ? അതായത് തങ്ങളെല്ലാവരും അല്ലാഹുവിന്റെ ദാസരും, അ വന്റെ അധികാരത്തിൻ കീഴിലു ള്ളവരുമാണെന്നും, എല്ലാ കാര്യങ്ങളും നിയന്ത്രിക്കുന്നവൻ അല്ലാഹു ആണെന്നും അവർ അംഗീകരിച്ചിരുന്നു. എന്നിട്ടും അവർ ഇവരെയെല്ലാം വിളിച്ചു പ്രാർത്ഥിച്ചത്, അവരുടെ ജാ ഹും, ശഫാഅത്തും കൊതിച്ചു കൊണ്ടായിരുന്നു. ഇക്കാര്യവും വ്യക്തമാ ണല്ലോ?

## ശഫാഅത്തിനെ നിഷേധിക്കുകയോ?

അയാളുടെ അടുത്ത ചോദ്യം ഇതായിരിക്കും: നബി ﷺ യുടെ ശഫാഅ ത്ത്-ശുപാർശ-താങ്കൾ നിഷേധിക്കുന്നില്ലേ?
ഈ തെററിദ്ധാരണ തിരുത്തേണ്ടത് ഇങ്ങനെയാണ്: ഇല്ല, ഞാനത് നിഷേ ധിക്കുകയോ ഒഴിഞ്ഞു മാറുകയോ ചെയ്യുന്നില്ല. മാത്രവുമല്ല, അദ്ദേഹം ശുപാർശ ചെയ്യുന്നയാളും, ആ ശുപാർശ സ്വീകാര്യമാണെന്നും[10] ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ

---

10

عن أنس بن مالك ﷺ، قال رسول الله ﷺ ((أنا أول شفيع في الجنة...))

അനസ് ﷺ ൽ നിന്നു നിവേദനം, നബി ﷺ പറഞ്ഞു: സ്വർഗ്ഗത്തിലെ ഒന്നാമത്തെ ശുപാ ർശകൻ ഞാനായിരിക്കും. (മുസ്ലിം)

((أنا أول من تنشق عنه الأرض وأول شافع ومشفع))

ശുപാർശ ഞാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. പക്ഷെ, ശുപാർശ മുഴുവൻ അല്ലാഹുവിനുള്ളതാകുന്നു. അല്ലാഹു പറയുന്നു:

﴿قُلْ لِلَّهِ الشَّفَاعَةُ جَمِيعًا ...﴾ الزمر:٤٤

**പറയുക: അല്ലാഹുവിനാകുന്നു ശുപാർശ മുഴുവനും..** (വി.ക്വു. 39:44)

ഇതും അല്ലാഹുവിന്റെ സമ്മതം കൂടാതെ ചെയ്യാൻ സാദ്ധ്യമല്ല. അല്ലാഹു പറയുന്നു:

﴿...مَنْ ذَا الَّذِي يَشْفَعُ عِنْدَهُ إِلاَّ بِإِذْنِهِ...﴾ البقرة:٢٥٥

**അവന്റെ അനുവാദ പ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നട ത്താനാരുണ്ട്? ..**(വി.ക്വു. 2:255)

പ്രസ്തുത ശുപാർശയും അല്ലാഹു ഇഷ്ടപ്പെട്ടവർക്ക്-ഏകദൈവ വി ശ്വാസികൾക്കു-വേണ്ടിയല്ലാതെ നടത്തുവാൻ അനുവാദം ലഭിക്കുകയി ല്ല. അല്ലാഹു പറയുന്നു:

﴿وَمَنْ يَبْتَغِ غَيْرَ الإِسْلاَمِ دِينًا فَلَنْ يُقْبَلَ مِنْهُ وَهُوَ فِي الأَخِرَةِ مِنَ الْخَاسِرِينَ﴾ آل عمران:٨٥

**ഇസ്ലാം (ദൈവത്തിനുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീ കരിക്കപ്പെടുന്നതല്ല.** (വി.ക്വു. 3:85)

ശുപാർശ മുഴുവൻ അല്ലാഹുവിന്ന്, അവന്റെ സമ്മതം കൂടാതെ അതു ചെയ്യുവാൻ സാദ്ധ്യമല്ല, നബി ﷺ യോ, മററാരെങ്കിലുമോ അല്ലാഹുവിന്റെ സമ്മതം കൂടാതെ ഒരാൾക്കും വേണ്ടി ശുപാർശ

---

ഞാനായിരിക്കും ഭൂമിയിൽ നിന്നും ആദ്യമായി പുറത്ത് വരുന്നത്. ഒന്നാമത്തെ ശുപാർശകനും, ശുപാർശ സ്വീകരിക്കപ്പെടുന്നവനും ഞാൻ തന്നെ. (അൽ ബാനീ)

ചെയ്യുകയില്ല, ഏക ദൈവ വിശ്വാസികൾക്കു വേണ്ടിയല്ലാതെ അല്ലാഹു ശുപാർശക്കു അനു വാദം നൽകുകയില്ല. കാര്യങ്ങൾ ഇങ്ങനെയായിരിക്കെ, ഒരു വസ്തുത വളരെ വ്യക്തമാണ്. ശുപാർശ മുഴുവൻ അല്ലാഹുവിന്റേത് മാത്രമാണ്. അതുകൊണ്ട് ഞാൻ അല്ലാഹുവിനോട് അതു ചോദിക്കുന്നു. അത് ഇപ്ര കാരമാണ് ഞാൻ ചോദിക്കാറുള്ളത്: അല്ലാഹുവേ, അദ്ദേഹത്തിന്റെ (ന ബിയുടെ) ശുപാർശ എനിക്കു നീ തടയരുതേ, എന്റെ കാര്യത്തിൽ അദ്ദേ ഹത്തെ നീ ശുപാർശകനാക്കേണമേ.

അടുത്ത വാദം ഇതായിരിക്കും: നബി ﷺ ക്ക് ശുപാർശക്കുള്ള അധി കാരം നൽകപ്പെടുന്നതു കൊണ്ട്, അദ്ദേഹത്തോട് ഞാനത് ചോദിക്കു ന്നു എന്നല്ലേ യുള്ളൂ?

ഉത്തരം: അല്ലാഹു അദ്ദേഹത്തിനു ശുപാർശക്കുള്ള അർഹത നൽകി. അതോടൊപ്പം;

﴿...فَلاَ تَدْعُوا مَعَ اللَّهِ أَحَدًا﴾ الجن:١٨

**നിങ്ങൾ അല്ലാഹുവിനോടൊപ്പം ആരെയും വിളിച്ചു പ്രാർത്ഥിക്കരുത്.** (വി.ക്വു. 72:18)

എന്നു പറഞ്ഞു കൊണ്ട് അല്ലാഹു അല്ലാത്തവരോടുള്ള പ്രാർത്ഥനയെ വിലക്കുകയും ചെയ്തു. നബി ﷺ യെ താങ്കളുടെ കാര്യത്തിൽ ശുപാർ ശകനാക്കാൻ അല്ലാഹുവിനോട് പ്രാർത്ഥിച്ചാൽ താങ്കൾ മേലുദ്ധരിച്ച ക്വുർആൻ വചനത്തെ അനുസരിച്ചു. നബി ﷺ അല്ലാത്തവർക്കും ശുപാ ർശക്കു അർഹത നൽകപ്പെടും. മലക്കുകൾ, പിഞ്ചുകുഞ്ഞുങ്ങൾ[11], ഔലിയാക്കൾ[12] എന്നിവരെല്ലാം

---

[11] നബി ﷺ പറഞ്ഞു:

((ما من الناس من مسلم يتوفى له ثلاث لم يبلغن الحنث إلا أدخله الله بفضل رحمته إياهم)) رواه البخاري

ഒരു മുസ്ലിമിന്റെ തെററു ചെയ്യാത്തവരായ മൂന്നു പിഞ്ചുമക്കൾ മരിച്ചാൽ, അ വരോട് അല്ലാഹുവിനുള്ള കാരുണ്യം നിമിത്തം, ആ പിതാവിനെ അല്ലാഹു സ്വർ ഗ്ഗത്തിൽ പ്രവേശിപ്പിക്കാതിരിക്കില്ല. (ബുഖാരീ)

ശുപാർശ ചെയ്യുമെന്ന് നബി ﷺ യിൽ നിന്നും സ്ഥിരപ്പെട്ടിരിക്കുന്നു. അവർക്ക് ശുപാർശക്ക് അധികാരം നൽ കപ്പെട്ടിട്ടുണ്ടെങ്കിൽ, ഞാനവരോട് ചോദിക്കും എന്നാണോ താങ്കൾ പറ യുന്നത്? ഇതാണ് താങ്കളുടെ വാദമെങ്കിൽ, ക്വുർആനിൽ അല്ലാഹു നി ഷിദ്ധമാക്കിയിട്ടുള്ള പുണ്യാളന്മാരെ ആരാധിക്കുന്നതിലേക്ക് മടങ്ങുക യാണ് താങ്കൾ. അല്ല, എന്നാണ് മറുപടി എങ്കിൽ, അല്ലാഹു അവർക്ക് ന ൽകിയത് ഞാൻ അവരോട് ചോദിക്കുന്നു എന്ന വാദവും നിരർത്ഥക മാണ്.

## ശിർക് മഹാപാപം

അടുത്ത വാദം ഇതായിരിക്കും: ഞാൻ അല്ലാഹുവിൽ യാതൊന്നിനെയും പങ്കുചേർക്കുന്നില്ല. ഒരിക്കലും അങ്ങനെ ചെയ്യുകയുമില്ല. പക്ഷെ, പു ണ്യാളന്മാ രോടുള്ള തേട്ടം ശിർക്കല്ല.
അയാളോട് ചോദിക്കുക: വ്യഭിചാരത്തെക്കാൾ ഗുരുതരമായിട്ടാണ് അ ല്ലാഹു ശിർകിനെ നിഷിദ്ധമാക്കിയിട്ടുള്ളത്. അല്ലാഹു അതൊരിക്കലും പൊറുത്തു തരികയില്ല എന്നെല്ലാം താങ്കൾ അംഗീകരിക്കുന്നുണ്ടെങ്കിൽ, ഈ പൊറുത്തു തരാത്ത മഹാപാപം എന്താണെന്ന് താങ്കൾക്കറിയുമോ? യഥാർത്ഥത്തിൽ അയാൾക്കറിയില്ല. അതുകൊണ്ട് അദ്ദേഹത്തിനതു പറ ഞ്ഞു കൊടുക്കാം. ശിർക്

---

[12] അബൂസഈദിൽ ഖുദ്‌രീ ؓ യിൽ നിന്നു നിവേദനം;

((فيقول الله تعالى شفعت الملائكة وشفع النبيون، وشفع المؤمنون، ولم يبق إلا أرحم الراحمين، فيقبض قبضة من النار فيخرج منها قوما لم يعملوا خيرا قط)) رواه مسلم

അല്ലാഹു പറയും: മലക്കുകൾ ശുപാർശ ചെയ്തു, പ്രവാചകരും ശുപാർശ ചെയ്തു, സത്യവിശ്വാസികളും ശുപാർശ ചെയ്തു. കാരുണ്യവാന്മാരിൽ കാരു ണ്യവാൻ (അല്ലാഹു) അല്ലാതെ ഇനി ആരും ബാക്കിയില്ല. തുടർന്ന് അല്ലാഹു ന രകത്തിൽ നിന്ന് ഒരു പിടി എടുത്ത്, ഒരു നന്മയും ചെയ്തിട്ടില്ലാത്ത ഒരു വിഭാ ഗത്തെ നരകത്തിൽ നിന്നും പുറത്താക്കും. (മുസ്‌ലിം)

എന്തെന്നറിയാതെ, താങ്കൾ എങ്ങനെ അതിൽ നിന്ന് പിന്തിരിഞ്ഞു മോചിതനാകും? നിങ്ങൾ ആരോടും ചോദിക്കാതെ, പഠിക്കാതിരുന്നാൽ അല്ലാഹു പിന്നെങ്ങനെയാണ് താങ്കൾക്കു നിഷിദ്ധ മാക്കിയതാണ് എന്നു പറയുക, പൊറുത്തു തരില്ലെന്ന് പറയുക?
അതല്ല, അല്ലാഹു ഒരു കാര്യം നിഷിദ്ധമാക്കിയിട്ട്, നമുക്കത് വിശദീകരി ച്ചു തന്നില്ലെന്നാണോ താങ്കളുടെ ധാരണ?

## ശിർക്: വിഗ്രഹാരാധന മാത്രമോ?

ഇതിനു മറുപടിയായി 'ശിർക് എന്നാൽ വിഗ്രഹാരാധനയാണ്, ഞങ്ങളാ രും വിഗ്രഹാരാധന നടത്തുന്നില്ലല്ലോ' എന്നായിരിക്കും മറുപടി പറയു ക. എങ്കിൽ അയാളോടൊന്ന് ചോദിച്ചു നോക്കൂ: എന്താണ് വിഗ്രഹാരാധ ന എന്നതിന്റെ അർത്ഥം? കല്ലുകളും മരങ്ങളും അവയോട് പ്രാർത്ഥിച്ച വരെ സൃഷ്ടിച്ചു, ഉപജീവനം നൽകിയ, നിയന്ത്രണാധികാരമുള്ളവയാ ണെന്ന് മക്കാമുശ്രികുകൾ വിശ്വസിച്ചിരുന്നതെന്ന് താങ്കൾ വിചാരിക്കു ന്നുണ്ടോ?
ഇതിനെ ക്വുർആൻ ഖണ്ഡിച്ചിട്ടുണ്ട്[13]. കല്ല്, മരം, ജാറം എന്നിവയുടെ ഉപാസകർ അവയോട് പ്രാർത്ഥിക്കുന്നതും, വഴിപാടുകൾ

---

[13] അല്ലാഹു പറയുന്നു:

﴿قُلْ مَن يَرْزُقُكُم مِنَ السَّمَآءِ وَالأَرْضِ أَمَّنْ يَمْلِكُ السَّمْعَ وَالأَبْصَارَ وَمَنْ يُخْرِجُ الْحَيَّ مِنَ الْمَيِّتِ وَيُخْرِجُ الْمَيِّتَ مِنَ الْحَيِّ وَمَنْ يُدَبِّرُ الأَمْرَ فَسَيَقُولُونَ اللَّهُ فَقُلْ أَفَلاَ تَتَّقُونَ﴾ يونس:٣١

**പറയുക: ആകാശത്തു നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നത് ആരാണ്? അതല്ലെങ്കിൽ കേൾവിയും കാഴ്ചകളും അധീ നപ്പെടുത്തുന്നത് ആരാണ്? ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതും, ജീവനുള്ളതിൽ നിന്ന് ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതും ആ രാണ്? അവർ പറയും അല്ലാഹു എന്ന്. അപ്പോൾ പറയുക: എന്നിട്ടും നി ങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?** (വി. ക്വു. 10:31)

നേരുന്നതും അവരെ അല്ലാഹുവിലേക്ക് അടുപ്പിക്കാൻ വേണ്ടിയും, അവരുടെ അനു ഗ്രഹം (ബർകത്ത്, ജാഹ്) കൊണ്ട് അവരിൽ നിന്ന് വിഷമങ്ങളെ അല്ലാ ഹു നീക്കിക്കൊടുക്കാനും, നന്മകൾ നൽകാനും വേണ്ടിയാണല്ലോ എന്ന തായിരിക്കും പറയുക.

അവരോട് പറയുക: ഇപ്പോൾ താങ്കൾ പറഞ്ഞതാണ് സത്യം. അവയുടെയൊക്കെ അടുക്കൽ ഇന്നു നിങ്ങൾ ചെയ്യുന്ന പണിയും ഇതു തന്നെ. അവരുടെ ഈ പ്രവൃത്തി തന്നെയാണ് വിഗ്രഹാരാധന എന്ന് ഞാനും അംഗീകരിക്കുന്നു. താങ്കളുടെ ഈ പ്രതികരണം തന്നെയായിരുന്നു ഏ റെ നേരമായി ഞാനും പ്രതീക്ഷിച്ചു കൊണ്ടിരുന്നതും. ശിർക് എന്നാൽ വിഗ്രഹാരാധനയാണെന്ന് താങ്കൾ അൽപം മുമ്പ് പറഞ്ഞുവല്ലോ. അതി നു മാത്രമേ ശിർക് എന്നു പറയപ്പെടുകയുള്ളൂ എന്നാണോ താങ്കൾ അപ്പറഞ്ഞതു കൊണ്ടുദ്ദേശിക്കുന്നത്? പുണ്യാളന്മാരെ വിളിക്കലും സഹായമർത്ഥിക്കലും ശിർകിൽ ഉൾപ്പെടുകയില്ലേ?

മലക്കുകൾ, ഈസാ, പുണ്യപുരുഷന്മാർ എന്നിവരോടെല്ലാം സഹായം തേടിയവർ കാഫിറുകളാണെന്ന് പറഞ്ഞ ക്വുർആൻ വാക്യങ്ങൾക്ക് വി രുദ്ധമാവില്ലേ ഈ വാദം!

പുണ്യാളന്മാരെ ആരെയെങ്കിലും അല്ലാഹുവിനുള്ള ആരാധനയിൽ പങ്കുചേർ ത്താൽ അതു തന്നെയാണ് ക്വുർആനിൽ പ്രസ്താവിക്കപ്പെട്ട ശിർക് എന്ന് സ്വാഭാവികമായും അവൻ സമ്മതിക്കേണ്ടി വരും. അതിലൂ ടെ നമ്മുടെ ലക്ഷ്യത്തിലേ ക്ക് അയാൾ അടുത്തു വരികയാണ്.

ഞാൻ അല്ലാഹുവിൽ പങ്കുചേർക്കുന്നില്ലല്ലോ എന്നാണ് വീണ്ടും പറയുന്നതെങ്കിൽ, ചോദിക്കുക: നിങ്ങളീ പറയുന്ന ശിർക് എന്താണ്? എനിക്കതൊന്ന് വിശദീകരിച്ചു തന്നാലും. അതു വിഗ്രഹാരാധനയാണ് എന്ന വാദം തന്നെയാണോ? എങ്കിൽ ഒന്നു ചോദിച്ചു കൊള്ളട്ടെ: എന്താണ് വിഗ്രഹാരാധന? ഒന്നു വിശദമാക്കിയാലും. (ഇതിനു മറുപടി പറയാതെ, വീണ്ടും) ഞാൻ അല്ലാഹുവിനെ മാത്രമല്ലേ ആരാധിക്കുന്നുള്ളൂ എന്നാണ് പറയുന്നതെങ്കിൽ ഒരു ചെറിയ ചോദ്യം: അല്ലാഹുവിനെ മാത്രം ആരാ

ധിക്കുക എന്നത് അൽപമൊന്ന് വിശദമാക്കിക്കൂടേ? ക്വുർആൻ പറഞ്ഞ രൂപത്തിൽ തന്നെയാണ് വിശദീകരണമെങ്കിൽ തീർത്തും നമ്മുടെ ല ക്ഷ്യത്തിലെത്തി.

ഇനി ഇബാദത്, ശിർക് തുടങ്ങിയ സാങ്കേതിക പദങ്ങളൊന്നും അയാൾ ക്ക് അിറയില്ലെങ്കിൽ, അറിയാത്ത കാര്യം അയാൾ എങ്ങനെ വാദിക്കും? ദുർവ്യാഖ്യാനമാണ് നടത്തുന്നതെങ്കിൽ, ഇന്ന് അവർ നടത്തി വരുന്ന അ തേ പ്രവൃത്തി തന്നെയാണ് വിഗ്രഹാരാധന, ശിർക് എന്നെല്ലാം വ്യക്ത മാക്കുന്ന ക്വുർആൻ വചനങ്ങൾ പറഞ്ഞു കൊടുക്കുക.

പങ്കുകാരില്ലാത്ത വിധം ഏകനായ അല്ലാഹുവിനുള്ള ആരാധനയെയാ ണ് നമ്മളോടവർ നിഷേധിക്കുന്നത്. ഇതു തന്നെയാണ് അവരുടെ മുൻ ഗാമികളും ആർത്തു വിളിച്ചു നടന്നിരുന്നത്. അവർ പറഞ്ഞിരുന്നത് എ ന്തായിരുന്നു എന്ന് ക്വു ർആൻ പറയുന്നത് നോക്കൂ:

﴿أَجَعَلَ الأَلِهَةَ إِلَهًا وَاحِدًا إِنَّ هَذَا لَشَيْءٌ عُجَابٌ﴾ ص:٥

**ഇവൻ പലദൈവങ്ങളെ ഒരൊററ ദൈവമാക്കിയിരിക്കയാണോ? തീർച്ച യായും ഇത് ഒരത്ഭുതകരമായ കാര്യം തന്നെ.** (വി.ക്വു. 38:5)

## അല്ലാഹുവിനു സന്താനങ്ങളോ?

അടുത്ത വാദം ഇതായിരിക്കും: മക്കാമുശുരികുകൾ മലക്കുകളെയും, അമ്പിയാക്കളെയും വിളിച്ചു പ്രാർത്ഥിച്ചതു കൊണ്ടല്ല കാഫിറായത്. മല ക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്ന് പറഞ്ഞതു കൊണ്ടാണ്. അബ്ദുൽ ഖാദിർ ജീലാനിയോ മറേറാ ദൈവ പുത്രന്മാരാണെന്ന് ഞങ്ങ ൾ പറയുന്നില്ലല്ലോ?

ഉത്തരം: അല്ലാഹുവിന് സന്താനത്തെ സങ്കൽപിക്കുക എന്നത് ഇതിൽ നിന്നു തികച്ചും ഭിന്നമായ മറെറാരു കുഫ്റാണ്. അല്ലാഹു പറയുന്നു:

﴿قُلْ هُوَ اللَّهُ أَحَدٌ، اللَّهُ الصَّمَدُ، لَمْ يَلِدْ ...﴾ الإخلاص:١-٣

**(നബിയേ) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ ആർക്കും ജന്മം നൽകിയിട്ടില്ല...**(വി.ക്വു. 112:1-3)

ഈ അദ്ധ്യായത്തെ നിഷേധിക്കാതെ, ഈ ആശയത്തെ മാത്രം നിഷേധിച്ചാലും ഒരാൾ കാഫിറാകും. അല്ലാഹു പറയുന്നു:

﴿مَا اتَّخَذَ اللَّهُ مِن وَلَدٍ وَمَا كَانَ مَعَهُ مِنْ إِلَهٍ...﴾ المؤمنون:٩١

**അല്ലാഹു യാതൊരു സന്താനത്തെയും സ്വീകരിച്ചിട്ടില്ല. അവനോടൊപ്പം യാതൊരു ദൈവവുമുണ്ടായിട്ടില്ല...**(വി.ക്വു. 23:91)

കുഫ്റിനെ അല്ലാഹു രണ്ടു വിഭാഗമായി തിരിച്ചു, ഓരോന്നിനെയും പ്രത്യേക തരം കുഫ്ർ ആയി തന്നെ പറയുന്നുണ്ട്. അല്ലാഹു പറയുന്നു:

﴿وَجَعَلُوا لِلَّهِ شُرَكَاءَ الْجِنَّ وَخَلَقَهُمْ وَخَرَقُوا لَهُ بَنِينَ وَبَنَاتٍ بِغَيْرِ عِلْمٍ سُبْحَانَهُ وَتَعَالَى عَمَّا يَصِفُونَ﴾ الأنعام:١٠٠

**അവർ ജിന്നുകളെ അല്ലാഹുവിന്ന് പങ്കാളികളാക്കിയിരിക്കുന്നു. എന്നാ ൽ അവരെ അവൻ സൃഷ്ടിച്ചതാണ്. ഒരു വിവരവും കൂടാതെ അവന്ന് പുത്രന്മാരെയും പുത്രിമാരെയും അവർ ആരോപിച്ചുണ്ടാക്കിയിരി ക്കുന്നു. അവർ പറഞ്ഞുണ്ടാക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്ര യോ പരിശുദ്ധനും, ഉന്നതനുമാകുന്നു.** (വി.ക്വു. 6:100)

ഇവിടെയും രണ്ടു തരം കുഫ്റിനെയും വേർതിരിച്ചു തന്നെ പറയുന്നു. ഇനി മറെറാരു തെളിവ്. പുണ്യപുരുഷനായ ലാത്തയെ വിളിച്ചു പ്രാർ ത്ഥിക്കുന്ന കാഫിറുകൾ അദ്ദേഹത്തെ ദൈവപുത്രനാക്കിയിരുന്നില്ല. ജി ന്നുകളെ ആരാധിച്ചവരും അങ്ങനെ തന്നെ. അല്ലാഹുവിന് സന്താനമു ണ്ടെന്ന് വാദിക്കുന്ന മുസ്‌ലിം, മുർതദ്ദ് (മതഭ്രഷ്ട്) ആണെന്ന് നാലു മദ്ഹ ബിലെ

പണ്ഡിതരും പറയുന്നു. രണ്ടു തരം കുഫ്റുകളെയും അവർ വേർതിരിച്ചു തന്നെ പറഞ്ഞിട്ടുമുണ്ട്. ഇപ്പോൾ വ്യക്തമായിക്കാണുമല്ലോ.

## ഔലിയാക്കൾ

അപ്പോൾ അല്ലാഹു ക്വുർആനിൽ;

﴿أَلآ إِنَّ أَوْلِيَآءَ اللَّهِ لاَ خَوْفٌ عَلَيْهِمْ وَلاَ هُمْ يَحْزَنُونَ﴾يونس:٦٢

**ശ്രദ്ധിക്കുക; തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങളാരോ, അവർക്ക് യാതൊരു ഭയവുമില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല.** (വി.ക്വു. 10:62)

എന്നു പറഞ്ഞതോ?

പറയാം: അതു ശരിയാണ്. പക്ഷെ അവർ ആരാധിക്കപ്പെട്ടു കൂടാ. അവർക്ക് ആരാധനകൾ ചെയ്യുന്നതും, അവരെ അല്ലാഹുവിന്റെ കൂടെ പങ്കാളികളാക്കുന്നതിനെയുമാണ് ഞങ്ങൾ വിമർശിക്കുന്നത്. താങ്കളും അവരെ സ്നേഹിക്കുകയും, അവരുടെ കറാമത്തുകൾ അംഗീകരിക്കു കയും ചെയ്തേ പററൂ. ഔലിയാക്കളുടെ കറാമതുകളെ നിഷേധിക്കുന്ന വർ ദുർമാർഗ്ഗത്തിന്റെയും അനാചാരത്തിന്റെയും വക്താക്കൾ മാത്രമാ ണ്. അല്ലാഹുവിന്റെ മതം ഇവ രണ്ടിന്റെയും മദ്ധ്യത്തിലാണ്. രണ്ടു വഴി കേടുകളുടെ മദ്ധേയുള്ള സന്മാർഗ്ഗമാകുന്നു. രണ്ടു നിരർത്ഥതശളുടെ യും മദ്ധ്യെയുള്ള യാഥാർത്ഥ്യവുമാണത്.

ഔലിയാക്കൾക്കുള്ള ഈ ആരാധനയെയാണ് അഭിനവ മുശ്രികുകൾ 'അഖീദഃ' എന്നു വിളിക്കുന്നതെങ്കിൽ, അതിനെ തന്നെയാണ് ക്വുർആൻ വിമർശിച്ചിരിക്കുന്നത്. ഇതിന്റെ വക്താക്കളോട് തന്നെയല്ലേ നബി ﷺ യുദ്ധം ചെയ്തതും. മക്കാമുശ്രികുകളുടെ ശിർക് ഇന്നത്തെ മുശ്രികു കളെക്കാൾ രണ്ടു കാരണങ്ങളാൽ ലളിതമായിരുന്നു എന്നു വേണമെങ്കി ൽ പറയാം.

# ശിർക്: അന്നും ഇന്നും

1-മക്കാമുശ്രികുകൾ മലക്കുകളെയും ഔലിയാക്കളെയും വിഗ്രഹങ്ങ ളെയും വിളിച്ചു പ്രാർത്ഥിച്ചിരുന്നത്, പ്രയാസരഹിതമായ അവസരങ്ങ ളിലായിരുന്നു. എന്നാൽ ബുദ്ധിമുട്ടോ, ക്ലേശമോ നേരിട്ടാൽ അവർ അല്ലാഹുവിനെ മാത്രമേ വിളിച്ചിരുന്നുള്ളൂ. അല്ലാഹു പറയുന്നു:

﴿وَإِذَا مَسَّكُمُ الضُّرُّ فِي الْبَحْرِ ضَلَّ مَنْ تَدْعُونَ إِلاَّ إِيَّاهُ فَلَمَّا نَجَّاكُمْ إِلَى الْبَرِّ أَعْرَضْتُمْ وَكَانَ الإِنْسَانُ كَفُورًا﴾ الإسراء:٦٧

**കടലിൽ വെച്ച് നിങ്ങൾക്ക് കഷ്ടത (അപായം) നേരിട്ടാൽ അവനൊ ഴികെ, നിങ്ങൾ ആരെയെല്ലാം വിളിച്ചു പ്രാർത്ഥിക്കുന്നുവോ, അവർ അ പ്രത്യക്ഷരാകും. എന്നാൽ നിങ്ങളെ അവൻ രക്ഷപ്പെടുത്തി കരയിലെ ത്തിക്കുമ്പോൾ നിങ്ങൾ തിരിഞ്ഞു കളയുകയായി. മനുഷ്യൻ ഏറെ നന്ദികെട്ടവനായിരിക്കുന്നു.** (വി.ക്വു. 17:67)

﴿قُلْ أَرَأَيْتُكُمْ إِنْ أَتَاكُمْ عَذَابُ اللَّهِ أَوْ أَتَتْكُمُ السَّاعَةُ أَغَيْرَ اللَّهِ تَدْعُونَ إِنْ كُنْتُمْ صَادِقِينَ، بَلْ إِيَّاهُ تَدْعُونَ فَيَكْشِفُ مَا تَدْعُونَ إِلَيْهِ إِنْ شَآءَ وَتَنْسَوْنَ مَا تُشْرِكُونَ﴾ الأنعام:٤٠-٤١

**(നബിയേ,) പറയുക: നിങ്ങളൊന്ന് പറഞ്ഞു തരൂ; അല്ലാഹുവിന്റെ ശി ക്ഷ നിങ്ങൾക്കു വന്നു ഭവിച്ചാൽ, അല്ലെങ്കിൽ അന്ത്യസമയം നിങ്ങൾ ക്കു വന്നെത്തിയാൽ അല്ലാഹു അല്ലാത്തവരെ നിങ്ങൾ വിളിച്ചു പ്രാർ ത്ഥിക്കുമോ? (പറയൂ) നിങ്ങൾ സത്യസന്ധരാണെങ്കിൽ. ഇല്ല, അവനെ മാത്രമേ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുകയുള്ളൂ. അപ്പോൾ അവൻ ഉ ദ്ദേശിക്കുന്ന പക്ഷം ഏതൊരു വിഷമത്തിന്റെ പേരിൽ നിങ്ങളവനെ വിളി ച്ചു പ്രാർത്ഥിക്കുന്നുവോ അതവൻ ദുരീകരിച്ചു തരുന്നതാണ്.**

**നിങ്ങൾ (അവനോട്) പങ്കുചേർക്കുന്നവയെ നിങ്ങൾ (അപ്പോൾ) മറന്നു കള യും.** (വി.ക്വു. 6:40,41)

﴿وَإِذَا مَسَّ الإِنْسَانَ ضُرٌّ دَعَا رَبَّهُ مُنِيبًا إِلَيْهِ ثُمَّ إِذَا خَوَّلَهُ نِعْمَةً مِّنْهُ نَسِيَ مَا كَانَ يَدْعُو إِلَيْهِ مِنْ قَبْلُ وَجَعَلَ لِلَّهِ أَنْدَادًا لِّيُضِلَّ عَنْ سَبِيلِهِ قُلْ تَمَتَّعْ بِكُفْرِكَ قَلِيلاً إِنَّكَ مِنْ أَصْحَابِ النَّارِ﴾ الزمر:٨

**മനുഷ്യന് വല്ല വിഷമവും ബാധിച്ചാൽ അവൻ തന്റെ രക്ഷിതാവിങ്കലേ ക്ക് താഴ്മയോടെ മടങ്ങിക്കൊണ്ട് പ്രാർത്ഥിക്കും. എന്നിട്ട് തന്റെ പക്കൽ നിന്നുള്ള വല്ല അനുഗ്രഹവും അല്ലാഹു അവന്ന് പ്രദാനം ചെയ്താൽ ഏതൊന്നിനായി മുമ്പ് അവൻ പ്രാർത്ഥിച്ചിരുന്നുവോ, അതവൻ മറന്നു പോകുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നും വഴിതെററിച്ചു കളയു വാൻ വേണ്ടി അവന്നു സമന്മാരെ സങ്കൽപിക്കുകയും ചെയ്യുന്നു. (നബി യേ,) പറയുക: നീ അൽപ കാലം നിന്റെ ഈ സത്യനിഷേധവും കൊണ്ട് സുഖിച്ചു കൊള്ളുക. തീർച്ചയായും നീ നരകാവകാശികളുടെ കൂട്ടത്തി ലാകുന്നു.** (വി.ക്വു. 39:8)

﴿وَإِذَا غَشِيَهُمْ مَّوْجٌ كَالظُّلَلِ دَعَوُا اللَّهَ مُخْلِصِينَ لَهُ الدِّينَ...﴾ لقمان:٣٢

**പർവ്വതങ്ങൾ പോലുള്ള തിരമാലകൾ അവരെ മൂടിക്കളഞ്ഞാൽ കീഴ്വണക്കം അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട് അവനോട് അവർ പ്രാർത്ഥിക്കുന്നതാണ്...** (വി.ക്വു. 31:32)

നബി ﷺ യുദ്ധം ചെയ്ത മുശ്രികുകൾ സുഖത്തിന്റെ വേളയിൽ അല്ലാ ഹുവിന്റെ കൂടെ മററുള്ളവരെയും വിളിച്ചു പ്രാർത്ഥിക്കുന്നവരായിരു ന്നു എന്നാണ് ഈ ക്വുർആൻ സൂക്തങ്ങൾ വ്യക്തമാക്കുന്നത്. ബുദ്ധി മുട്ട് കഠിനമായാൽ അവർ അവരുടെ സാദാത്തുക്കളെയും ശൈഖന്മാ രെയും മറന്ന്, അല്ലാഹുവിനെ മാത്രം വിളിക്കുന്നവരായിരുന്നു*. ഇക്കാ ര്യം മനസ്സിലായവർക്ക് ഇന്നത്തെയും അന്നത്തെയും ശിർക് മനസ്സിലാ

ക്കുവാൻ വിഷമമുണ്ടാകില്ല. പക്ഷെ, ഈ പ്രശ്നങ്ങൾ ഗാഢമായി പഠിച്ചു മനസ്സിലാക്കുന്ന മനസ്സുകൾ ഉള്ളവരെവിടെ? അല്ലാഹു രക്ഷിക്കട്ടെ.

2- മക്കാ മുശ്രികുകൾ വിളിച്ചു പ്രാർത്ഥിച്ചിരുന്നത് അല്ലാഹുവിനോട് സാമീപ്യം നേടിയ അമ്പിയാക്കൾ, ഔലിയാക്കൾ തുടങ്ങിയ മനുഷ്യരെ യും മലക്കുകളെ യും ആയിരുന്നു. അതുമല്ലെങ്കിൽ അല്ലാഹുവിന്റെ കൽപന അനുസരിക്കുവാനല്ലാതെ, ധിക്കരിക്കാൻ അറിയാത്ത കല്ലു കൾ, മരങ്ങൾ എന്നിവയെ ആയിരുന്നു. ഇന്നത്തെ മുശ്രികുകളോ; മനുഷ്യരിൽ വെച്ച് ഏററവും വലിയ തെമ്മാടികളെയും, ദൈവധിക്കാ രികളെയുമാണ് അവർ വിളിച്ചു പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നത്. നാ നാവിധ താന്തോന്നിത്തവും, വ്യഭിചാരം, മോഷണം, നമസ്കാരം ഉപേ ക്ഷിക്കൽ തുടങ്ങി മുഴുവൻ അധാർമ്മികതകളും അനുവദനീയമാക്കി യവരെയാണ്. പുണ്യപുരുഷരിലും, അല്ലാഹുവിനെ ധിക്കരിക്കാൻ കഴിയാത്ത കല്ല്, മരം എന്നീ വസ്തുക്കളിൽ വിശ്വസിച്ചവരുടെ തെററ്; തെമ്മാടിത്തം ചെയ്യുകയും, അതിൽ കുപ്രസിദ്ധി നേടുകയും ചെയ് തവരിൽ വിശ്വസിക്കുന്നവരെക്കാൾ എത്ര നിസ്സാരം!

---

* നമ്മുടെ നാട്ടിൽ ഒരു ബസ്സപകടം ഉണ്ടാകുമ്പോൾ,അല്ലെങ്കിൽ മീൻപിടുത്ത ക്കാരൻ നടുക്കടലിൽ കുടുങ്ങിപ്പോയാൽ കേൾക്കുന്ന ആർപ്പുവിളികൾ ഒ ന്നു സങ്കൽപിച്ചു നോക്കൂ! ഏതെല്ലാം ശൈഖന്മാരെയാണ് അറബീ നാമധാരി കൾ വിളിക്കാറുള്ളത്?

## മക്കാമുശ്‌രികുകളെപ്പോലെയോ?

നബി ﷺ യുദ്ധം ചെയ്ത മുശ്‌രികുകൾ ഇവരെക്കാൾ സൽബുദ്ധിയുള്ള വരും, ശിർകിൽ ഗൗരവം കുറഞ്ഞവരും ആയിരുന്നു എന്ന് വ്യക്തമാ യാൽ, അവർ പുതിയൊരു സംശയം സൃഷ്ടിക്കാൻ ശ്രമിക്കും. ഇത് അവ രുടെ വലിയ ഒരു പുകമറയാണ്. അവർ പറയും: ക്വുർആനിൽ പ്രസ്താ വിക്കപ്പെട്ട മുശ്‌രികുകൾ 'ലാഇലാഹ ഇല്ലല്ലാഹു' എന്ന സാക്ഷ്യവാക്യം ഉച്ചരിച്ചിരുന്നില്ല, നബിയെ കളവാക്കിയിരുന്നു, പരലോകത്തെ നിഷേധി ച്ചിരുന്നു, ക്വുർആനെ അവിശ്വസിക്കുകയും, അതു കൂടോത്രമാണെന്ന് പറയുകയും ചെയ്തിരുന്നുവല്ലോ? ഞങ്ങൾ 'ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുൻ റസൂലുല്ലാഹി' എന്ന് സാക്ഷ്യം വഹിക്കുന്നവരും, ക്വുർആ നിനെ സത്യപ്പെടുത്തുന്നവരും, പരലോകത്തിൽ വിശ്വാസമുള്ളവരും, നോമ്പും നമസ്കാരവുമെല്ലാം നിർവ്വഹിക്കുന്നവരുമാണ്. പിന്നെ എങ്ങ നെ നിങ്ങൾ ഞങ്ങളെ മക്കാമുശ്‌രികുകൾക്കു സമാനമാക്കുക?

ഒരാൾ മുഹമ്മദു നബി ﷺ യെ ചിലകാര്യങ്ങളിൽ വിശ്വസിക്കുകയും, മററുചില കാര്യങ്ങളിൽ അവിശ്വസിക്കുകയും ചെയ്താൽ അയാൾ ഇസ് ലാമിക വൃത്തത്തിന് അകത്തല്ല എന്ന കാര്യത്തിൽ പണ്ഡിതന്മാർക്കാട യിൽ രണ്ടഭിപ്രായമില്ല. അതു പോലെ തന്നെയാണ് ക്വുർആനിന്റെ ചില ഭാഗങ്ങൾ വിശ്വസിക്കുകയും, മററു ചിലത് അവിശ്വസിക്കുകയും ചെയ് തവനും.

ഉദാ: തൗഹീദ് അംഗീകരിക്കുന്നു, നമസ്കാരം നിർബന്ധമാണെന്നത് നി ഷേധിക്കുന്നു. തൗഹീദും നമസ്കാരവും അംഗീകരിക്കുന്നു, സകാത് നിർബന്ധമില്ലെന്ന് വാദിക്കുന്നു. ഇവയെല്ലാം അംഗീകരിക്കുന്നു, നോമ്പ് നിഷേധിക്കുന്നു. ഈ പറയപ്പെട്ട നാലു കാര്യങ്ങളും അംഗീകരിക്കുന്നു, ഹെജ്ജ് നിഷേധിക്കുന്നു. നബിയെ അംഗീകരിക്കാൻ മടികാണിച്ച മുശ് രികുകൾ ഹെജ്ജിന്റെ കാര്യത്തിൽ ഒരു എതിർപ്പും പ്രകടിപ്പിച്ചിരുന്നി ല്ല. എന്നിട്ടും അവരെ

കുറിച്ച് അവതീർണ്ണമായ ക്വുർആൻ വചനത്തി ന്റെ ഗൗരവം നോക്കൂ. അല്ലാഹു പറയുന്നു:

﴿...وَلِلَّهِ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلاً وَمَنْ كَفَرَ فَإِنَّ اللَّهَ غَنِيٌّ عَنِ الْعَالَمِينَ ﴾ آل عمران:٩٧

**ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്കു തീർത്ഥാടനം നടത്തൽ അവർക്കു അല്ലാഹുവോടുള്ള ബാദ്ധ്യതയാകുന്നു. വല്ലവനും അവിശ്വസിക്കുന്ന പക്ഷം അല്ലാഹു ലോകരുടെ ആശ്രയം ഇ ല്ലാത്തവനാകുന്നു.** (വി. ക്വു. 3:97)

മേൽപറയപ്പെട്ടവയെല്ലാം അംഗീകരിക്കുകയും, പരലോകത്തെ നിഷേ ധിക്കുകയും ചെയ്താൽ അവനും കാഫിറാകുമെന്നതിൽ രണ്ടഭിപ്രാ യമില്ല.
അല്ലാഹു പറയുന്നു:

﴿إِنَّ الَّذِينَ يَكْفُرُونَ بِاللَّهِ وَرُسُلِهِ وَيُرِيدُونَ أَنْ يُفَرِّقُوا بَيْنَ اللَّهِ وَرُسُلِهِ وَيَقُولُونَ نُؤْمِنُ بِبَعْضٍ وَنَكْفُرُ بِبَعْضٍ وَيُرِيدُونَ أَن يَتَّخِذُوا بَيْنَ ذَلِكَ سَبِيلاً، أُولَئِكَ هُمُ الْكَافِرُونَ حَقًّا وَأَعْتَدْنَا لِلْكَافِرِينَ عَذَابًا مُّهِينًا ﴾

النساء:١٥٠-١٥١

**അല്ലാഹുവിലും അവന്റെ ദൂതന്മാരിലും അവിശ്വസിക്കുകയും (വിശ്വാ സ കാര്യത്തിൽ) അല്ലാഹുവിനും അവന്റെ ദൂതന്മാർക്കുമിടയിൽ വിവേ ചനം കൽപിക്കാൻ ആഗ്രഹിക്കുകയും, 'ഞങ്ങൾ ചിലരിൽ വിശ്വസി ക്കുകയും, ചിലരെ നിഷേധിക്കുകയും ചെയ്യുന്നു' എന്നു പറയുകയും, അങ്ങനെ അതിന്നിടയിൽ (വിശ്വാസത്തിനും, അവിശ്വാസത്തിനുമിടയി ൽ) മറ്റൊരു മാർഗ്ഗം സ്വീകരിക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നവരാ രോ, അവർ തന്നെയാകുന്നു യഥാർത്ഥത്തിൽ സത്യനിഷേധികൾ. സത്യ നിഷേധികൾക്ക് അപമാനകരമായ ശിക്ഷ നാം ഒരുക്കി വെച്ചിട്ടുണ്ട്.**
(വി. ക്വു. 4:150,151)

ചിലകാര്യങ്ങൾ വിശ്വസിക്കുകയും, ചിലകാര്യങ്ങൾ അവിശ്വസിക്കുകയും ചെയ്തവർ തികഞ്ഞ കാഫിറാണെന്ന് അല്ലാഹു തന്നെ വ്യക്തമാക്കി യിരിക്കെ, ഈ സംശയത്തിനു തന്നെ സ്ഥാനമില്ല.

ഒരാൾ നമസ്കാരമല്ലാത്ത മുഴുവൻ കാര്യത്തിലും നബി ﷺ യിൽ വിശ്വസിച്ചാലും അവൻ കാഫിറായിത്തീരുമെന്നതിൽ സംശയമില്ല. എല്ലാം അംഗീകരിച്ചു, പരലോകത്തെ നിഷേധിച്ചാലും, എല്ലാം അംഗീകരിച്ചു നോമ്പിനെ നിഷേധിച്ചാലും അവസ്ഥ ഇതു തത്തെ. ഒരു മദ്ഹബിലും ഇക്കാര്യത്തിൽ അഭിപ്രായ വ്യത്യാസമില്ല. നാം നടേ സൂചിപ്പിച്ചതു പോലെ. ക്വുർആനിൽ പറഞ്ഞതും അതു തന്നെ.

## തൗഹീദ് പരമപ്രധാനം

നബി ﷺ പ്രബോധനം ചെയ്ത കാര്യങ്ങളിൽ തൗഹീദാണ് പരമപ്രധാന മെന്നത് തർക്കമററ വസ്തുതയാകുന്നു. നമസ്കാരം, നോമ്പ്, ഹെജ്ജ്, സകാത് എന്നിവയെക്കാളെല്ലാം പ്രാധാന്യമുള്ളതാകുന്നു തൗഹീദ്. പ്ര വാചകൻ ﷺ പഠിപ്പിച്ച ഇവയിൽ എതെങ്കിലും ഒന്ന് നിഷേധിച്ചാൽ തന്നെ കാഫിറാകുമെങ്കിൽ, മുഴുവ ൻ പ്രവാചകരുടെയും പ്രബോധനത്തിന്റെ മുഖ്യഘടകമായ തൗഹീദ് നിഷേധിച്ചാൽ കാഫിറാകാതിരിക്കുന്നത് എ ങ്ങനെയാണ്? ഇതെന്തൊരത്ഭുതകരമായ അജ്ഞത!

ബനൂഹെനീഫഃ ഗോത്രക്കാർ[14] ഇസ്ലാം സ്വീകരിച്ചവരും, കലിമതുത്തൗഹീദ് പറഞ്ഞവരും, നബി ﷺ യുടെ കൂടെ ബാങ്കും നമസ്കാരവും നിർവഹിച്ചു വന്നവരുമായിരുന്നു. എന്നിട്ടും നബി ﷺ യുടെ സ്വഹേബ ത് എന്തിനായിരുന്നു അവരോട് യുദ്ധം ചെയ്തത്?

---

14 പ്രവാചകത്വം വാദിച്ച മുസൈലിമഃയും അയാളുടെ ആളുകളും. ഇവരോട് യുദ്ധം ചെയ്യുന്ന കാര്യത്തിൽ സ്വഹേബികൾക്കിടയിൽ അഭിപ്രായ വ്യത്യാസം പോലും ഉണ്ടായിരുന്നില്ല.

അതിനുള്ള മറുന്വാ യം ഇങ്ങനെയായിരിക്കും അവർ പറയുക: മുസൈലിമഃ നബിയാണെന്ന ല്ലേ അവർ വാദിച്ചിരുന്നത്.
ഇവരിപ്പോൾ നാം പ്രതീക്ഷിച്ചതു പോലെ ശരിയിലേക്ക് കൂടുതൽ അടു ത്തു വരികയാണ്.
ഒരാളെ നബിയുടെ സ്ഥാനത്തേക്ക് ഉയർത്തിയവൻ കാഫിറാകും, അവ ന്റെ ശഹാദത്തും നമസ്കാരവും അവന്ന് ഉപകരിക്കാതെ വരും. എങ്കി ൽ ബദ്‌വീ, ഇബ്നു അറബീ, ജീലാനീ, നബി ﷺ, സ്വഹേബിമാർ എന്നി വരെ ആകാശഭൂമികളുടെ അധിപനായ അല്ലാഹുവിന്റെ സ്ഥാനത്തേ ക്ക് ഉയർത്തുന്നവൻ എന്താണ് ആയിത്തീരുക!? അല്ലാഹു പരിശുദ്ധൻ! അവന്റെ കാര്യം എത്ര മഹത്തരം!

﴿كَذَٰلِكَ يَطْبَعُ اللَّهُ عَلَىٰ قُلُوبِ الَّذِينَ لَا يَعْلَمُونَ﴾ الروم:٥٩

**(കാര്യം) മനസ്സിലാക്കാത്തവരുടെ ഹൃദയങ്ങളിൽ അപ്രകാരം അല്ലാഹു മുദ്ര വക്കുന്നു.** (വി.ക്വു. 30:59)

## റാഫിദുകൾ കൊല്ലപ്പെട്ടു

അലി ﷺ തീയിലിട്ടു ചുട്ടെരിച്ചു കളഞ്ഞവരും[15] ഇസ്‌ലാം വാദികളായി രുന്നു. അവർ അലി ﷺ വിന്റെ കൂട്ടുകാരും അനുയായികളുമായിരുന്നു. സ്വഹേബത്തിന്റെ അടുക്കൽ നിന്നു ഇസ്‌ലാമിക വിജ്ഞാനം കരസ്ഥമാ ക്കിയവരും ആയിരുന്നു. പക്ഷെ, അവർ അലിയെ കുറിച്ച്–ഇന്നത്തെ മുശ്‌രികുകൾ ഇബ്നു അറബിയെ പോലുള്ളവരെ കുറിച്ച് വച്ചുപുലർ ത്തുന്ന-വിശ്വാസം വച്ചുപുലർത്തി. അവർ കാഫിറുകളും വധിക്കപ്പെ ടേണ്ടവരും

15 റാഫിദുകൾ (ആധുനിക ശീഅഃ) ആയവരെ അലി ﷺ ചുട്ടുകൊന്നു എന്ന സംഭവം, ബുഖാരിയിൽ ഇക്‌രിമഃ ഉദ്ധരിക്കുന്ന 2922-ാം നമ്പർ ഹെദീഥിന്റെ വിശദീകരണത്തി ൽ കാണാം. (ഫത്‌ഹുൽബാരീ-12/282)

ആണെന്ന് സ്വഹേബികൾ ഏകാഭിപ്രായക്കാരായത് എന്തു കൊണ്ടാണ്?
സ്വഹേബികളും മുസ്‌ലിംകളെ കാഫിറാക്കുകയാണുണ്ടായത് എന്ന് താ ങ്കൾ വിചാരിക്കുന്നുണ്ടോ? അലി ﷺ വിനെ കുറിച്ചുള്ള ഇത്തരം വിശ്വാ സം കുഫ്‌റാകും, ഗൗഥുൽ അമ്ളമിനെ കുറിച്ചാണെങ്കിൽ തെററാകില്ല എന്നുമാണോ താങ്ക ൾ ധരിച്ചു വെച്ചിട്ടുള്ളത്?
അബ്ബാസീ ഭരണ കാലത്ത് മൊറോക്കോയും ഈജിപ്തും ഭരിച്ചിരുന്ന ബനൂ ഉബൈദുൽ ഖദ്ദാഹ്[16] ഗോത്രക്കാരും ശഹാദത് ചൊല്ലിയവരും

16

ഫാത്വിമിയ്യഃ എന്ന വ്യാജനാമം സ്വന്തമായി സ്വീകരിച്ചവരായിരുന്നു ഇവർ. ബാഹ്യമായി റാഫിദുക (ശിആക്ക) ളും ആന്തരികമായി തികഞ്ഞ സത്യനിഷേ ധിക (കാഫിറുക) ളും ആയിരുന്നു ഇവരെന്ന് ധാരാളം പണ്ഡിതന്മാർ അഭി പ്രായപ്പെട്ടിരിക്കുന്നു. ശൈഖുൽഇസ്‌ലാം ഇബ്നുതൈമിയ്യഃ(റഹിഃ)പറയു ന്നു: ഇവരുടെ വാദത്തിന്റെ അങ്ങേയററം എന്തെന്നാൽ; അവർ ഇസ്‌ലാം വാ ദികളും ശരീഅത് മുറുകെ പിടിക്കുന്നവരാണെന്ന് അഭിനയിക്കുന്നവരും ആയിരുന്നു. ഇസ്‌ലാമിനെ ബാഹ്യമായി പ്രകടിപ്പിക്കുന്ന എല്ലാവരും ആന്തരി കമായി സത്യവിശ്വാസി ആയിക്കൊള്ളണമെന്നില്ല. ഇസ്‌ലാം വാദികളിൽ ത ന്നെ സത്യവിശ്വാസിയും കപടവിശ്വാസിയും ഉണ്ടാകാം. അല്ലാഹു പറയുന്നു:

﴿وَمِنَ النَّاسِ مَن يَقُولُ ءَامَنَّا بِاللَّهِ وَبِالْيَوْمِ الأَخِرِ وَمَا هُم بِمُؤْمِنِينَ ﴾ البقرة:٨

**ഞങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ചിരിക്കുന്നു എ ന്ന് പറയുന്നവർ മനുഷ്യരിലുണ്ട്. അവർ യഥാർത്ഥത്തിൽ സത്യവിശ്വാ സികളല്ല.** (വി.ക്വു. 2:8). ഇവർ ബാഹ്യമായി ഇസ്‌ലാം പ്രകടിപ്പിച്ചു, കുഫ്ർ മറ ച്ചു വെച്ചിരുന്ന കപടന്മാരും, നിരീശ്വര വാദികളുമാണെന്ന് മുസ്‌ലിം പണ്ഡിത രും ഇമാമുകളും സമൂഹവും പറഞ്ഞിരിക്കുന്നു. ഇവർ സത്യവിശ്വിസിക ളാണെന്ന് സാക്ഷ്യം വഹിക്കുന്നവർ, അറിവില്ലാത്ത കാര്യത്തിന് സാക്ഷി നിൽ ക്കുകയാണ്. ഇവർ കപടവിശ്വാസികളും നിരീശ്വരവാദികളുമാണെന്ന് പറയു ന്നവർക്ക് ഉള്ളതു പോലെ വ്യക്തമായ യാതൊരു തെളിവും എതിരാളികളുടെ = =

ഇസ്ലാം വാദികളും ജുമുഅഃ ജമാഅത് നിർവ്വഹിച്ചു പോന്നിരുന്നവരും ആയിരുന്നു. ഇസ്ലാമിക ശരീഅത്തിലെ ചില കാര്യങ്ങളോട് അവർ എ തിരഭിപ്രായം പ്രകടിപ്പിച്ചപ്പോൾ, അവർ കാഫിറുകളാണെന്ന് മുഴുവൻ പണ്ഡിതരും അഭിപ്രായപ്പെടുകയുണ്ടായി. അവരുടെ രാജ്യത്തോട് യു ദ്ധം ചെയ്യാമെന്ന് വിധി പുറപ്പെടുവിച്ചു. മുസ്ലിംകൾ അവരോട് യുദ്ധം ചെയ്തു. അവരുടെ കയ്യിലകപ്പെട്ടു പോയ ഇസ്ലാമിക രാജ്യങ്ങൾ മു സ്ലിംകൾ മോചിപ്പിച്ചു.

## മതനിന്ദ കുഫ്ർ

ശിർക് ചെയ്യുകയും പ്രവാചകനെയും ക്വുർആനിനെയും പരലോക ത്തെ നിഷേധിക്കുകയും ചെയ്തതു കൊണ്ടു മാത്രമാണ് മുൻകാല ക്കാർ കാഫിറായതെങ്കിൽ, മുഴുവൻ പണ്ഡിതന്മാരുടെയും ഗ്രന്ഥങ്ങളി ൽ സ്ഥലം പിടിച്ചിട്ടുള്ള 'മുർതദ്ദിന്റെ വിധി' എന്ന അദ്ധ്യായത്തിന്റെ പ്ര സക്തി എന്താണ്? ഇസ്ലാമായതിനു ശേഷം കാഫിറായവനാണല്ലോ മു ർതദ്ദ്. അതിന്റെ പല ഇനങ്ങളും പണ്ഡിതന്മാർ വിശദമാക്കിയിട്ടുണ്ട്. അ വയെല്ലാം മനുഷ്യനെ കാഫിറും വധശിക്ഷക്കു അർഹനാക്കുന്നവയു മാകുന്നു. വളരെ നിസ്സാര കാര്യങ്ങൾ വരെ പണ്ഡിതർ എണ്ണിയിട്ടുണ്ട്. മ നസ്സിൽ തട്ടാതെ നാവു കൊണ്ട് മാത്രം പറയുന്നതോ, അല്ലെങ്കിൽ തമാശ രൂപത്തിലോ പറയുന്ന ഒരു വാക്കു പോലും അതിൽ ഉൾപെടുത്തിയി ട്ടുണ്ട്.

---

=പക്കലില്ല. അതുപോലെ തന്നെയാകുന്നു അവരുടെ (ഫാത്വിമീ എന്ന) കുലമ ഹിമയും. ഇതു തെററാണ്. യഥാർത്ഥത്തിൽ ഇവർ ജൂതരുടെയോ മജൂസി കളുടെയോ കുടുംബത്തിൽ പെട്ടവരാണെന്നും ഭൂരിപക്ഷം ജനങ്ങളും അഭി പ്രായപ്പെട്ടിരിക്കുന്നു. (ഫതാവാ ഇബ്നുതൈ മിയ്യഃ- 35/128)

അല്ലാഹു പറയുന്നു:

﴿يَحْلِفُونَ بِاللَّهِ مَا قَالُوا وَلَقَدْ قَالُوا كَلِمَةَ الْكُفْرِ وَكَفَرُوا بَعْدَ إِسْلَامِهِمْ...﴾ التوبة:٧٤

**തങ്ങൾ (അങ്ങനെ) പറഞ്ഞിട്ടില്ലെന്ന് അവർ അല്ലാഹുവിന്റെ പേരിൽ സ ത്യം ചെയ്തു പറയും. തീർച്ചയായും അവിശ്വാസത്തിന്റെ വാക്ക് അവർ ഉച്ചരിക്കുകയും, ഇസ്ലാം സ്വീകരിച്ച ശേഷം അവർ അവിശ്വസിച്ചു കള യുകയും ചെയ്തിരിക്കുന്നു...**(വി.ക്വു. 9:74)

നബി ﷺ യുടെ കൂടെ ജിഹാദ് നടത്തുകയും നമസ്കരിക്കുകയും സകാത് നൽകുകയും ഹെജ്ജ് നിർവ്വഹിക്കുകയും ചെയ്ത ഏകദൈ വ വിശ്വാസികളായിരുന്നിട്ടു കൂടി, ഒരു നിസ്സാര വാക്കിന്റെ പേരിൽ അവ ർ കാഫിറായി എന്ന് അല്ലാഹു പറയുന്നതാണ് നാം കണ്ടത്. വീണ്ടും അ ല്ലാഹു പറയുന്നു:

﴿...قُلْ أَبِاللَّهِ وَءَايَاتِهِ وَرَسُولِهِ كُنْتُمْ تَسْتَهْزِءُونَ، لاَ تَعْتَذِرُوا قَدْ كَفَرْتُمْ بَعْدَ إِيمَانِكُمْ...﴾ التوبة:٦٥-٦٦

**പറയുക: അല്ലാഹുവെയും അവന്റെ ദൃഷ്ടാന്തങ്ങളെയും അവന്റെ ദൂത നെയുമാണോ നിങ്ങൾ പരിഹസിച്ചു കൊണ്ടിരിക്കുന്നത്? നിങ്ങൾ ഒഴി കഴിവുകളൊന്നും പറയണ്ട, വിശ്വസിച്ചതിനു ശേഷം നിങ്ങൾ അവിശ്വ സിച്ചു കഴിഞ്ഞിരി ക്കുന്നു...**(വി.ക്വു. 9:65,66)

വിശ്വസിച്ചതിനു ശേഷം അവിശ്വസിച്ചു എന്നു വ്യക്തമാക്കപ്പെട്ട ഈ വി ഭാഗം, നബി ﷺ യുടെ കൂടെ തബൂക് യുദ്ധത്തിൽ പങ്കെടുത്തവരായി രുന്നു. അവരുടെ ഭാഷയിൽ ഒരു വെറും തമാശ[17]

---

[17] അബ്ദുല്ലാഹിബ്നു ഉമർ رضي الله عنه വിൽ നിന്ന് നിവേദനം:

((قال رجل في غزوة تبوك في مجلس: ما راينا مثل قرائنا هؤلاء، أرغب بطونا ولا أكذب ألسنا، ولا أجبن عند اللقاء فقال رجل في المجلس كذبت، ولكنـك منـافق! لأخـبرنّ

മാത്രം ഉദ്ദേശിച്ചു കൊണ്ടുള്ള വാക്കു മാത്രമാ ണ് അവർ പറഞ്ഞിട്ടുള്ളത്.
'ലാഇലാഹ ഇല്ലല്ലാഹു പറഞ്ഞ, നമസ്കരിക്കുന്ന, നോമ്പനുഷ്ഠിക്കുന്ന മുസ്ലിംകളെ കാഫിറാക്കുകയോ' എന്ന

---

=رسول الله ﷺ ، فبلغ ذلك رسول الله ﷺ ، ونزل القرآن، قال عبد الله بن عمر: فأنا رأيته متعلقا بحقب ناقة رسول الله ﷺ تنكبه الحجارة وهو يقول: إنما كنا نخوض ونلعب!)) ورسول الله ﷺ يقول: ﴿...قُلْ أَبِاللَّهِ وَءَايَاتِهِ وَرَسُولِهِ كُنْتُمْ تَسْتَهْزِءُونَ، لاَ تَعْتَذِرُوا قَدْ كَفَرْتُمْ بَعْدَ إِيمَانِكُمْ...﴾ التوبة:٦٥-٦٦ (تفسير ابن كثير ٢/٣٨١)

തബൂക് യുദ്ധവേളയിൽ ഒരു സദസ്സിൽ വെച്ച് ഒരാൾ പറഞ്ഞു: നമ്മുടെ ഈ ക്വുർആൻ പാരായണക്കാരെക്കാൾ തീററക്കൊതിയരും, കളവു പറയുന്നവരും, ശത്രുവിനെ കണ്ടു മുട്ടുമ്പോൾ ഭീരുക്കളുമായ മററാരെയും നാം കണ്ടിട്ടി ല്ല. അപ്പോൾ സദസ്സിൽ നിന്നും ഒരാൾ പറഞ്ഞു: നീ പറഞ്ഞത് കളവാണ്. മാത്ര മല്ല, നീ കപടവിശ്വാസിയുമാണ്! ഈ വിവരം ഞാൻ നബി ﷺ യോട് പറയുക ത ന്നെ ചെയ്യും. അങ്ങനെ ഈ വിവരം നബി ﷺ യുടെ അടുക്കലെത്തി. അപ്പോൾ ക്വുർആൻ അവതരിപ്പിക്കപ്പെട്ടു. അബ്ദുല്ലാഹിബ്നു ഉമർ ؓ തുടരുന്നു: ആ മനുഷ്യൻ നബി ﷺ യുടെ ഒട്ടകക്കട്ടിലിന്റെ കയറിൽ തൂങ്ങി, കല്ലുകൾക്കിടയി ലൂടെ നടന്നു, നബി ﷺ യോട് ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു: പ്രവാച കരേ, ഞങ്ങൾ കളിയും തമാശയും മാത്രം ഉദ്ദേശിച്ചു പറഞ്ഞതാണേ. അപ്പോൾ നബി ﷺ ഈ ക്വുർആൻ വചനം ഓതിക്കൊണ്ടേയിരുന്നു:=

﴿...قُلْ أَبِاللَّهِ وَءَايَاتِهِ وَرَسُولِهِ كُنْتُمْ تَسْتَهْزِءُونَ، لاَ تَعْتَذِرُوا قَدْ كَفَرْتُمْ بَعْدَ إِيمَانِكُمْ...﴾ التوبة:٦٥-٦٦

**പറയുക: അല്ലാഹുവെയും അവന്റെ ദൃഷ്ടാന്തങ്ങളെയും അവന്റെ ദൂ തനെയുമാണോ നിങ്ങൾ പരിഹസിച്ചു കൊണ്ടിരിക്കുന്നത്? നിങ്ങൾ ഒ ഴികഴിവുകളൊന്നും പറയണ്ട, വിശ്വസിച്ചതിനു ശേഷം നിങ്ങൾ അവി ശ്വസിച്ചു കഴിഞ്ഞിരിക്കുന്നു...**(വി.ക്വു. 9:65,66) (ഇബ്നുകഥീർ).

ആശയത്തെ കുറിച്ചൊന്ന് ചി ന്തിച്ചു നോക്കൂ. ശേഷം അതിന്റെ മറുപടിയും ഒന്നു വിലയിരുത്തി നോക്കൂ. ഈ പുസ്തക ത്തിലുള്ള ഏററവും ഉപകാരപ്രദവും പ്രസക്ത വുമായ ഭാഗമായിരിക്കും ഈ മറുപടി.

ഇസ്റാഈൽ സന്തതികൾ മുസ്ലിംകളും സദ്വൃത്തരും ആയിരുന്നിട്ടും അവർ മൂസാ നബി ﷵ യോട്:

﴿...قَالُوا يَا مُوسَى اجْعَلْ لَنَآ إِلَهًا كَمَا لَهُمْ آلِهَةٌ...﴾ الأعراف:١٣٨

**ഹേ മൂസാ; ഇവർക്കു ദൈവങ്ങളുള്ളതു പോലെ ഞങ്ങൾക്കും ഒരു ദൈ വത്തെ ഏർപ്പെടുത്തിത്തരണം...**(വി.ക്വു. 7:138) എന്നു പറഞ്ഞപ്പോൾ അ വരെ കുറിച്ച് അല്ലാഹു ഉദ്ധരിക്കുന്നതും ഇതിനു തെളിവാണ്.

ഒരു കൂട്ടം സ്വഹേബികൾ നബി ﷺ യോട് ഞങ്ങൾക്കും ഒരു 'ദാതുഅ ൻവാത്വ്'[18] ഉണ്ടാക്കിത്തരേണമെന്ന് പറഞ്ഞത് മറെറാരു തെളിവാ കുന്നു.

18

عن أبي واقد الليثي: أن رسول الله ﷺ لما خرج إلى حنين مرّ بشجرة للمشركين يقال لها: ذات أنواط يعلقون عليها أسلحتهم، قالوا يا رسول الله اجعل لنا ذات أنواط كما لهم ذات أنواط. فقال النبي ﷺ ((سبحان الله هذا كما قال قوم موسى: ﴿...قَالُوا يَا مُوسَى اجْعَلْ لَنَآ إِلَهًا كَمَا لَهُمْ آلِهَةٌ...﴾ الأعراف:١٣٨والذي نفسي بيده لتركبن سنة من كان قبلكم)) رواه الترمذي

അബൂവാഖിദില്ലൈഥീ ﵁ വിൽ നിന്നു നിവേദനം; നബി ﷺ ഹുനയ്നിലേക്ക് യുദ്ധത്തിനു പോയപ്പോൾ മുശ്രികുകളുടെ ഒരു മരത്തിന്റെ അരികിലൂടെ നടന്നു പോയി. ആ മരത്തിന് മുശ്രികുകൾ വിളിച്ചിരുന്ന പേര് 'ദാതുഅൻവാ ത്വ്' എന്നായിരുന്നു. അവർ (മുശ്രികുകൾ) അതിന്മേൽ അവരുടെ വാളുകൾ തൂക്കിയിടാറുണ്ടായിരുന്നു. സ്വഹേബികൾ നബി ﷺ

ഇതു കേട്ട നബി ﷺ സത്യം ചെയ്തു പറഞ്ഞു: ഇസ്റാഈൽ വംശജർ മൂ സായോട് ചോദിച്ച ('ഇവർക്കു ദൈവങ്ങളുള്ളതു പോലെ ഞങ്ങൾക്കും ഒരു ദൈവത്തെ ഏർപ്പെടുത്തിത്തരണം' എന്ന) അതേ ചോദ്യമാണിത്. പ ക്ഷെ, സന്ദേഹ വാദികൾ ഇവിടെയും ആശയക്കുഴപ്പം ഉണ്ടാക്കാറാണ് പതിവ്.

അവർ പറയാറുള്ള വാദം ഇതാണ്: ഈ വാക്കു പറഞ്ഞ ബനൂഇസ്റാ ഈല്യരോ, ഞങ്ങൾക്കു ദാതുഅൻവാത്വ് ഉണ്ടാക്കി തരേണമെന്നു പറ ഞ്ഞ സ്വഹേബികളോ കാഫിറായിട്ടില്ലല്ലോ?

മറുപടി: ബനൂഇസ്റാഈല്യർ അങ്ങനെ ചെയ്തിട്ടില്ല. നബി ﷺ യോട് ദാ തുഅൻവാത്വ് ചോദിച്ച സ്വഹേബികളും ചെയ്തിട്ടില്ല. ഇസ്റാഈല്യർ അ ങ്ങനെ ചെയ്തിരുന്നുവെങ്കിൽ അവർ കാഫിറായിത്തീരുമായിരുന്നു എ ന്നതിൽ തർക്കമില്ലല്ലോ? അപ്രകാരം തന്നെ നബി ﷺ യെ അനുസരി ക്കാതെ, സ്വഹേബികൾ ദാതുഅൻവാത്വ് ഉണ്ടാക്കിയിരുന്നെങ്കിൽ അവ രും കാഫിറാകുമായിരുന്നില്ലേ? ഇതാണ് നാം ഇതുവരെ പറഞ്ഞതിന്റെ സാരാംശം.

ഈ സംഭവത്തിൽ നിന്ന് മുസ്ലിംകളായ നമുക്ക് വലിയ ഒരു ഗുണപാഠം ഉൾക്കൊള്ളാനുണ്ട്. മുസ്ലിംകൾ-ലോകം മുഴുവനും-അവരറിയാതെ ശിർകിൽ ചെന്നു വീഴും. എപ്പോഴും പഠനവും, മനനവും ആവശ്യമാണെ ന്നും ഈ സംഭവം നമ്മെ ഉണർത്തുന്നു. കാര്യങ്ങൾ യഥാവിധി മനസ്സിലാ

---

=യോട് പറഞ്ഞു: പ്രവാചക രേ, അവർക്ക് 'ദാതുഅൻവാത്' ഉള്ളതു പോലെ ഞങ്ങൾക്കും ഒരു ദാതുഅ ൻവാത് ഏർപ്പെടുത്തിത്തരണം. ഇതു കേട്ട നബി ﷺ പറഞ്ഞു: അല്ലാഹു പരിശുദ്ധൻ! ഇത് മൂസായുടെ ജനത 'ഇവർക്കു ദൈവങ്ങളുള്ളതു പോലെ ഞങ്ങൾക്കും ഒരു ദൈവത്തെ ഏർപ്പെടുത്തിത്തരണം' എന്നു പറഞ്ഞതു പോലെയാകുന്നു. എന്റെ ആത്മാവ് ഏതൊരുവന്റെ കയ്യിലാണോ, അവൻ (അല്ലാഹു) തന്നെയാണ സത്യം, നിങ്ങളുടെ മുൻകാലക്കാരുടെ നടപടി ക്രമ ങ്ങളെ നിങ്ങൾ അപ്പടി പിന്തുടരുക തന്നെ ചെയ്യും. (തിർമിദീ)

ക്കിയിട്ടില്ലാത്തവർ, 'ഞങ്ങൾക്ക് തൗഹീദ് മനസ്സിലായിട്ടുണ്ട്' എന്നു പറയാറുള്ളത് ഏറ്റവും വലിയ വിഡ്ഢിത്തവും പിശാചിന്റെ കുടില തന്ത്രവുമായിരിക്കുമെന്ന് മനസ്സിലാക്കുക. മതകാര്യങ്ങളിൽ അതീവ ശ്രദ്ധാലുവായ ഒരു മുസ്‌ലിം കുഫ്‌റിന്റെ വാക്കു പറഞ്ഞു; (അറിവില്ലാതെ പറഞ്ഞതായിരിക്കാം, അത് അയാളെ താങ്കൾ ഉണർത്തുക). ഉടൻ തന്നെ അതിൽ നിന്നും പശ്ചാത്തപിക്കുകയും ചെയ്താൽ അദ്ദേഹം കാഫിറാകുകയില്ല എന്നും മനസ്സിലാക്കാം. ഇസ്‌റാഈലികളും, നബി ﷺ യോട് ദാതുഅൻവാത്വ് ആവശ്യപ്പെട്ട സ്വഹാബതും ചെയ്തതു പോലെ. അവർ കാഫിറിയിട്ടില്ലെങ്കിലും ശക്തമായ താക്കീതു നൽകപ്പെടണമെന്ന് ഈ സംഭവം പഠിപ്പിക്കുന്നു. നബി ﷺ സ്വഹാബതിനോട് പറഞ്ഞ വാചകം എത്രമാത്രം ഗൗരവതരമായിരുന്നു?

## ലാഇലാഹ ഇല്ലല്ലാഹ് പറഞ്ഞവനോ?

ഇവർക്കുള്ള മറ്റൊരു സംശയം: ലാഇലാഹ ഇല്ലല്ലാഹ് പറഞ്ഞ ഒരാളെ വ ധിച്ച ഉസാമഃ رضي الله عنه യെ നബി ﷺ ശാസിച്ചില്ലേ എന്നാണ്. ലാഇലാഹ ഇല്ലല്ലാ ഹ് പറഞ്ഞിട്ടും നീ അയാളെ കൊന്നുകളഞ്ഞുവോ[19] എന്ന്

19

((بعثنا رسول الله ﷺ إلى الحُرقة فصبَّحنا القوم فهزمناهم ولحقت أنا ورجل من الأنصار رجلا منهم، فلما غشيناه قال: لاإلٰه إلا الله، فكفّ الأنصاري فطعنته برمحي حتى قتلته. فلما قدمنا بلغ النبيَّ ﷺ فقال: ((يا أسامة،أ قتلته بعد ما قال: لاإلٰه إلا الله؟)) قلتُ: كان متعوِّذا، فما زال يكرّرها حتى تمنّيتُ أني لم أكن أسلمتُ قبل ذلك اليوم)) رواه البخاري ٤٢٦٩

ഉസാമഃ رضي الله عنه യിൽ നിന്നു നിവേദനം; 'ഹുർഖ'യിലേക്ക് നബി ﷺ ഞങ്ങളെ അയച്ചു. പ്രഭാത സമയത്ത് ഞങ്ങൾ അവിടെ എത്തി. അവിടെയുള്ള ജനങ്ങളെ ഞങ്ങൾ പരാജയപ്പെടുത്തി. ഞാനും അൻസ്വാരികളിൽ പെട്ട ഒരാളും ഒരു മ =നുഷ്യന്റെ അടുത്തു ചെന്നു. ഞങ്ങൾ അയാളെ പിടികൂടി. അപ്പോൾ അയാൾ ലാഇലാഹ ഇല്ലല്ലാഹ് പറഞ്ഞു. ഇതു കേട്ട അൻസ്വാരീ പിന്തിരിഞ്ഞു പോന്നു. ഞാനയാളെ എന്റെ കുന്തം കൊണ്ട്

നബി ﷺ ചോദിച്ചില്ലേ? ജനങ്ങൾ ലാഇലാഹ ഇല്ലല്ലാഹ് പറയുന്നതു വരെ അവ രോട് യുദ്ധം ചെയ്യാൻ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു[20] പോലെ യുള്ള (ഈ വാക്യം പറഞ്ഞവരെ കൊല്ലാൻ പാടില്ലെന്ന് കൽപിക്കുന്ന) ഹൈദീഥുകളോ?

ഈ വാക്യം പറഞ്ഞ ശേഷം എന്തു പ്രവർത്തിച്ചാലും കാഫിറാകുന്ന പ്രശ് നമേയില്ല എന്നാണ് വിവരമില്ലാത്ത ആളുകൾ മനസ്സിലാക്കി വെച്ചിട്ടു ള്ളത്. അത്തരക്കാർ മനസ്സിലാക്കിയിരിക്കേണ്ട ഒരു കാര്യമുണ്ട്: ലാഇലാ ഹ ഇല്ലല്ലാഹ് പറഞ്ഞ ജൂതരോടും നബി ﷺ

---

=കുത്തിക്കൊന്നു. ഞങ്ങൾ തിരിച്ചെത്തി യപ്പോൾ നബി ﷺ ഈ വിവരമറിഞ്ഞു. അപ്പോൾ നബി ﷺ ചോദിച്ചു:
ഉസാമേ, ലാഇലാഹ ഇല്ലല്ലാഹ് പറഞ്ഞിട്ടും നീ അയാളെ കൊന്നു കളഞ്ഞു വോ? ഞാൻ പറഞ്ഞു: അയാൾ ആത്മരക്ഷാർത്ഥം പറഞ്ഞതാണ്. എന്നാൽ ന ബി ﷺ ഈ ചോദ്യം ആവർത്തിച്ചു കൊണ്ടേയിരുന്നു. ആ നാളിനു മുമ്പ് ഞാൻ മുസ്‌ലിമായിട്ടില്ലായിരുന്നെങ്കിൽ എന്നു ഞാൻ കൊതിച്ചു പോയി. (ബുഖാരീ, ഹൈദീഥ്:4269)

[20] അബൂഹുറയ്റ ؓ യിൽ നിന്ന് നിവേദനം;

((لما توفي رسول الله ﷺ وكان أبو بكر، وكفر من كفر من العرب فقال عمر: كيف نقاتل الناس وقد قال رسول الله ﷺ ((أمرت أن أقاتل الناس حتى يقولوا لاإله إلا الله فمن قالها فقد عصم مني ماله ونفسه إلا بحقه وحسابه على الله)) رواه البخاري

നബി ﷺ മരിച്ചു, അബൂബകർ ؓ ഖലീഫയായി. അറബികളിൽ നിന്നും കു റേപേർ കാഫിറുകളായി. അപ്പോൾ ഉമർ ؓ ചോദിച്ചു; ഈ ജനങ്ങളോട് നാം എ ങ്ങനെ യുദ്ധം ചെയ്യും? കാരണം, നബി ﷺ പറഞ്ഞിരിക്കുന്നു: ലാഇലാഹ ഇല്ല ല്ലാഹ് പറയുന്നതു വരെ ജനങ്ങളോട് യുദ്ധം ചെയ്യുവാൻ ഞാൻ കൽപിക്ക പ്പെട്ടിരിക്കുന്നു. ആ വാക്കു പറഞ്ഞവൻ അവന്റെ ധനവും ശരീരവും-അതി ന്റെ അവകാശപ്പെട്ടതല്ലാതെ-എന്നിൽ നിന്നും സംരക്ഷിച്ചിരിക്കുന്നു. അവ ന്റെ വിചാരണ അല്ലാഹുവിങ്കലാകുന്നു. (ബുഖാരീ)

യുദ്ധം ചെയ്തിട്ടുണ്ട്[21], അവരെ തടവിലാക്കിയിട്ടുണ്ട്. ശഹാദത് ചൊല്ലിയ, നമസ്കരിക്കുന്ന, ഇ സ്ലാം വാദികളായ ബനൂഹെനീഫഃ ഗോത്രക്കാരോട് നബി ﷺ യുടെ സ്വഹേബത് യുദ്ധം ചെയ്തിട്ടുണ്ട്.

---

[21] ആഇശഃ (റ) യിൽ നിന്നു നിവേദനം;

((أصيب سعد يوم الخندق، رماه رجل من قريش يقال له حبان بن العرقة، رماه في الأكحل، فضرب النبي ﷺ خيمة في المسجد ليعوده من قريب فلما رجع رسول الله ﷺ من الخندق، وضع السلاح واغتسل، فأتاه جبريل ع وهو ينفض رأسه من الغبار فقال: قد وضعتَ السلاح، والله ما وضعتُه، اخرجْ إليهم. قال النبي ﷺ : فأين؟ فأشار إلى بني قريظة، فأتاهم رسول الله ﷺ، فنزلوا على حكمه، فردّ الحكم إلى سعد، قال، فإني أحكم فيهم أن تقتل المقاتلة وأن تسبي النساء والذرية وأن تقسم أموالهم...)) رواه البخاري

ഖന്തക്വ് യുദ്ധത്തിൽ സഅ്ദ് ﵁ വിന് പരിക്കു പറ്റി. ക്വുറൈശികളിൽ പെട്ട, ഹി ബ്ബാനുബ്നു അർക്വഃ എന്നു പേരുള്ള ഒരാൾ അദ്ദേഹത്തെ അമ്പെയ്തതായി രുന്നു. അദ്ദേഹത്തിന്റെ ഭുജത്തിലായിരുന്നു അമ്പേറ്റത്. നബി ﷺ ക്ക് അദ്ദേഹ ത്തെ വേഗത്തിൽ ചെന്നു സന്ദർശിക്കുന്നതിനായി പള്ളിയിൽ തന്നെ സഅ്ദിന് ഒരു കൂടാരം ഉണ്ടാക്കി. ഖന്തക്വിൽ നിന്നും തിരിച്ചെത്തിയ നബി ﷺ ആയുധം അഴിച്ചു വെച്ചു, കുളിച്ചു. അന്നേരം ജി ബ്രീൽ ﵇ നബി ﷺ യുടെ അടുക്കൽ വന്നു. അദ്ദേഹം തന്റെ തലയിൽ നിന്നും പൊടി കുടഞ്ഞു കൊണ്ടാണ് വന്നത്. ജിബ്രീൽ ചോദിച്ചു: ആയുധമെല്ലാം താഴെ വച്ചുവോ? അല്ലാഹുവാണ സത്യം, ഞാൻ (ജിബ്രീൽ) താഴെ വെച്ചിട്ടില്ല. അവരിലേക്ക് പുറപ്പെടുക. നബി ﷺ ചോ ദിച്ചു: എങ്ങോട്ട്? ജിബ്രീൽ ബനൂക്വുറയ്ദ ഗോത്രത്തിലേക്ക് ചൂണ്ടിക്കാണി ച്ചു. നബി ﷺ അവരുടെ അടുക്കലെത്തി. അവർ നബി ﷺ യെ വിധികർത്താവാ യി അംഗീകരിച്ചു. വിധികർതൃത്വം നബി ﷺ സഅ്ദുബ്നു മുആദ് ﵁ നെ ഏൽപിച്ചു. നബി ﷺ പറഞ്ഞു: ഞാൻ നിന്നെ ഇവരിൽ വിധികർത്താവാക്കു ന്നത്; യുദ്ധം ചെയ്യുന്ന വരെ വധിക്കുവാനും, സ്ത്രീകളെയും കുട്ടികളെയും തടവുകാരായി പിടിക്കുവാനും, അവരുടെ ധനം വീതിക്കാനുമാകുന്നു. (ബു ഖാരീ)

അപ്രകാരം തന്നെയായിരുന്നു അലി ﷺ തീയിലിട്ട് ചുട്ടെരിച്ചവരും. ലാഇലാഹ ഇല്ലല്ലാഹ് പറഞ്ഞ ശേഷം പര ലോകവിശ്വാസത്തെയോ ഇസ്‌ലാം കാര്യങ്ങളിൽ ഏതെങ്കിലും ഒന്നിനെ യോ നിഷേധിച്ചവൻ കാഫിറാകുമെന്ന് ഇവരും അംഗീകരിക്കുന്നുണ്ട്. ശാഖാപരമായവയെ നിഷേധിച്ചവന്ന് പോലും രക്ഷയില്ലെന്നിരിക്കെ, പ്ര വാചക മതത്തിന്റെ അടിസ്ഥാനത്തെയും മുഖ്യഘടകത്തെയും നിഷേ ധിച്ചവൻ രക്ഷപ്പെടുന്നതെങ്ങനെയാണ്? പക്ഷെ, പാവങ്ങൾ ഈ ഹദീ ഥുക ളുടെ ആശയം മനസ്സിലാക്കിയിട്ടില്ല.

ആത്മരക്ഷാർത്ഥം ഇസ്‌ലാം പ്രഖ്യാപിച്ചതായിരിക്കാം എന്ന ധാരണയിലാ ണ് സാക്ഷ്യവാക്യം ഉച്ചരിച്ച ഒരാളെ ഉസാമഃ വധിക്കാനിടയായത്. ഒരാൾ ഇസ്‌ലാം പ്രഖ്യാപിച്ചു കഴിഞ്ഞാൽ, പിന്നീട് അവനിൽ നിന്നും പിന്തിരിയ ൽ നിർബന്ധമാണ്. ഇസ്‌ലാമിനു വിപരീതമായ കാര്യം[22] അവനിൽ നി ന്നും

[22] സഹോദരാ; ഏകദൈവ വിശ്വാസമാകുന്ന പ്രകാശം കൊണ്ട് അല്ലാഹു താ ങ്കളെ ധന്യനാക്കട്ടെ. ശിർകിന്റെ മ്ലേച്ഛതകളിൽ നിന്നും അവൻ താങ്കളെ രക്ഷി ക്കട്ടെ. അിറയുക; ഇസ്‌ലാം പ്രഖ്യാപിച്ചവനെ വധിക്കാൻ പാടുള്ളതല്ല. ഇസ് ലാമിനു വിപരീതമായ കാര്യം അവനിൽ നിന്നും കാണപ്പെടാത്തിടത്തോളം കാലം. ഇസ്‌ലാമിൽ നിന്നും പുറത്തു പോകുന്ന കാരണങ്ങൾ മുഖ്യമായും പ ത്തെണ്ണമാകുണ്ണമാകുന്നു. ഓരോന്നിനും ബൃഹത്തായ വിശദീകരണം ആവ ശ്യമാണെങ്കിലും, വിശദീകരണം കൂടാതെ ഇവിടെ ചുരുക്കി പറയാം: 1-ആരാ ധനയിൽ അല്ലാഹുവിൽ പങ്കുചേർക്കൽ. 2-അല്ലാഹുവിന്റെയും തന്റെയും ഇടയിൽ മദ്ധ്യവർത്തികളെ വെച്ച് അവരെ വിളിച്ചു പ്രാർത്ഥിക്കുക, അവ രോട് ശുപാർശ ചോദിക്കുക, അവരിൽ തവക്കുൽ (ഭരമേൽപിക്കൽ) ചെയ്യ ൽ. 3-മുശ്‌രികുകൾ കാഫിറുകളാണെന്ന് വിശ്വസിക്കാതിരിക്കുക. അവർ കാ ഫിറാണെന്ന കാര്യത്തിൽ സംശയം പ്രകടിപ്പിക്കുക, അവരുടെ മതവും ശരി യാണെന്ന് വാദിക്കുക. 4-നബി ﷺ യുടേതല്ലാത്ത മാർഗ്ഗദർശനമാണ് സമ്പൂ ർണ്ണം, നബി ﷺ യുടേതല്ലാത്ത നിയമങ്ങളാണ് ഉത്തമം എന്നെല്ലാം വിശ്വസിക്കുക. 5-നബി ﷺ പഠിപ്പിച്ചു തന്ന വല്ല കാര്യങ്ങളോടും വെറുപ്പ്

വ്യക്തമാകുന്നതു വരെ ഈ നിലപാട് തുടരണം. അല്ലാഹു പറയുന്നു:

﴿يَا أَيُّهَا الَّذِينَ ءَامَنُوا إِذَا ضَرَبْتُمْ فِي سَبِيلِ اللَّهِ فَتَبَيَّنُوا...﴾ النساء:٩٤

**സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധത്തിനു പോയാൽ (ശത്രു ആരെന്നും, മിത്രമാരെന്നും) നിങ്ങൾ വ്യക്തമായി മനസ്സിലാക്കണം.** (വി.ക്വു. 4:94)

കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കുവാനും, അവരിൽ നിന്നും പിന്തിരി യുവാനും ക്വുർആൻ നിർദ്ദേശിക്കുന്നു. അതിനു ശേഷം ഇസ്‌ലാമിനു വിരുദ്ധമായത് കണ്ടാൽ അവർ കൊല്ലപ്പെടണമെന്നാണ് '(ശത്രു ആരെ ന്നും മിത്രമാരെന്നും) നിങ്ങൾ വ്യക്തമായി മനസ്സിലാക്കണം' എന്നതിന്റെ ആശയം. ലാഇലാഹ ഇല്ലല്ലാഹ് പറഞ്ഞു കഴിഞ്ഞാൽ പിന്നെ അവർ യാ തൊരു കാരണവശാലും കൊല്ലപ്പെടാൻ പാടില്ല എന്നായിരുന്നെങ്കിൽ, ഈ 'വ്യക്തമായ മനസ്സിലാക്കലിന്' യാതൊരു അർത്ഥവുമില്ല. ഇസ്‌ലാ മിനു വിരുദ്ധമായ കാര്യങ്ങൾ പ്രകടമാകാത്തിടത്തോളം കാലം, ഇസ്‌ലാം പ്രഖ്യാപിച്ച ഒരാൾ സംരക്ഷിക്കപ്പെടണമെന്ന മുൻഹെദീഥുകളുടെ ആ ശയവും ഇതു തന്നെ. ലാഇലാഹ ഇല്ലല്ലാഹ് പറഞ്ഞിട്ടും നീ അവനെ വ ധിച്ചുവോ, ലാഇലാഹ ഇല്ലല്ലാഹ് പറയുന്നതു വരെ അവരോട് യുദ്ധം ചെയ്യുവാൻ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു

---

പ്രക ടിപ്പിക്കൽ. അത് അവൻ വെറുപ്പോടെ ചെയ്യുന്നുണ്ടെങ്കിലും ശരി. 6- പ്രവാചക മതശാസനകളെയോ, അതിൽ പറയപ്പെട്ടിട്ടുള്ള ശിക്ഷാരക്ഷകളെയോ പരിഹ സിക്കൽ. 7-സിഹ്ർ (മാരണം) ചെയ്യൽ. 8- മുസ്‌ലിംകൾക്കെതിരിൽ മുശ്‌രികുക ളെ സഹായിക്കൽ. 9-നബി ﷺ പഠിപ്പിച്ച ശരീഅ (മതനിയമ) ത്തിൽ നിന്നും ചില ർക്കെല്ലാം പുറത്തു പോകാം എന്ന് വിശ്വസിക്കൽ. 10-ഇസ്‌ലാം മതം പഠിക്കുന്ന തിൽ നിന്നു വിമുഖത കാണിച്ചു, അതനുസരിച്ചു പ്രവർത്തിക്കാതെ അതിൽ നി ന്നും പി ന്തിരിയൽ.

എന്നെല്ലാം പറഞ്ഞ നബി ﷺ ഖവാരിജുകളെ കുറിച്ചു പറഞ്ഞ വാക്ക് ഇതിനുള്ള തെളിവാണ്.

നബി ﷺ പറഞ്ഞു: അവരെ (ഖവാരിജുകളെ) എവിടെ വെച്ചു കണ്ടാലും നിങ്ങൾ വധിച്ചു കളയുക. ഞാനവരെ കണ്ടാൽ ആദ് സമൂഹത്തെ കൊ ന്നതു പോലെ കൊന്നുകളയും[23]. ഇവർ ആരാധന, അനുഷ്ടാനങ്ങളിലും, ലാഇലാഹ ഇല്ലല്ലാഹ് പറയുന്നതിലും മറ്റുള്ളവരെക്കാളെല്ലാം മുൻപന്തി യിൽ നിന്നവരായിരുന്നു. സ്വഹേബത്തിൽ നിന്നും മതകാര്യങ്ങൾ കേട്ടു പഠിച്ച ഇവരുടെ നമസ്കാരങ്ങൾക്കു മുന്നിൽ സ്വഹേബത്തിന്റെ നമ സ്കാരം ഒന്നുമായിരുന്നില്ല. ഇസ്ലാമിക ശരീഅത്തിനു വിരുദ്ധമായി ഇ വർ

---

[23] അലി ﷺ പറഞ്ഞു:

إذا حدّثتكم عن رسول الله ﷺ حديثا فوالله لأن أخرّ من السماء أحب إليّ من أن أكذب عليه، وإذا حدثتكم فيما بيني وبينكم فإن الحرب خدعة وإني سمعت رسول الله ﷺ يقول:(( سيخرج قوم في آخر الزمان أحداث الأسنان سفهاء الأحلام يقولون من خيرقول البرية لا يتجاوز إيمانهم حناجرهم، يمرقون من الدين كما يمرق السهم من الرمية، فأينما لقيتموهم فاقتلوهم)) رواه البخاري ٦٩٣٠

ഞാൻ നബി ﷺ യിൽ നിന്നു വല്ല ഹെദീഥും ഉദ്ധരിക്കുകയാണെങ്കിൽ അല്ലാഹുവാണ സത്യം, നബി ﷺ യുടെ പേരിൽ കളവു പറയുന്നതിനെക്കാൾ എനിക്കിഷ്ടം ആകാശത്തു നിന്നും താഴോട്ട് വീഴലാണ്. ഞാനും നിങ്ങളും തമ്മിലുള്ള കാര്യമാണ് ഞാൻ ഉദ്ധരിക്കുന്നതെങ്കിൽ, തീർച്ചയായും യുദ്ധം തന്ത്രം പ്രയോ ഗിക്കലാകുന്നു. നബി ﷺ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: അവസാന കാലത്ത് ഇളം പ്രായക്കാരും, അവിവേകികളുമായ ഒരു കൂട്ടർ പുറപ്പെടും. സൃഷ്ടികൾ പറയുന്ന ഏറ്റവും നല്ല വചനം അവർ പറയും. പക്ഷെ, വിശ്വാസം അവരുടെ തൊണ്ടക്കുഴിയെ വിട്ടു (താഴോട്ട്) കടന്നിട്ടുണ്ടാകില്ല. അമ്പ് വില്ലിൽ നിന്നും പുറത്തു പോകുന്നതു പോലെ അവർ മതത്തിൽ നിന്നും പുറത്തു പോ കും. അവരെ എവിടെ വെച്ചു നിങ്ങൾ കണ്ടാലും വധിച്ചു കളയുക. (ബുഖാരീ/6930)

പ്രത്യക്ഷപ്പെട്ടതു നിമിത്തം അവരുടെ കലിമതുത്തൗഹീദും ആരാധനകളും ഇസ്‌ലാം വാദവും ഒന്നും തന്നെ അവർക്കു രക്ഷയേകിയില്ല.
ബനൂക്വുറൈദഃ ഗോത്രക്കാരായ ജൂതന്മാരോട് നബി ﷺ യും, ബനൂഹെ നീഫഃ ഗോത്രക്കാരോട് നബി ﷺ യുടെ സ്വഹേബതും യുദ്ധം ചെയ്ത തും ഇപ്രകാരം തന്നെ. അതു പോലെ തന്നെ നബി ﷺ ഒരിക്കൽ ബനൂമു സ്ത്വലക്വ് ഗോത്രക്കാരോട് യുദ്ധം ചെയ്യാൻ ഒരുങ്ങുകയുണ്ടായി. അവ ർ സകാത് നൽകാൻ വിസമ്മതിക്കുന്നു എന്ന് ഒരാൾ വന്നു നബി ﷺ യോട് പറഞ്ഞതു നിമിത്തമായിരുന്നു പ്രസ്തുത തയ്യാറെടുപ്പ്.

അന്നേരം അല്ലാഹു ക്വുർആൻ വാക്യം അവതരിപ്പിച്ചു:

﴿يَا أَيُّهَا الَّذِينَ ءَامَنُوا إِنْ جَاءَكُمْ فَاسِقٌ بِنَبَإٍ فَتَبَيَّنُوا أَنْ تُصِيبُوا قَوْمًا بِجَهَالَةٍ فَتُصْبِحُوا عَلَى مَا فَعَلْتُمْ نَادِمِينَ﴾ الحجرات:٦

**സത്യവിശ്വാസികളേ, ഒരു അധർമ്മകാരി വല്ല വാർത്തയും കൊണ്ട് നിങ്ങ ളുടെ അടുത്ത് വന്നാൽ നിങ്ങളതിനെപറ്റി വ്യക്തമായി അന്വേഷിച്ചറി യണം. അറിയാതെ ഏതെങ്കിലും ഒരു ജനതക്ക് നിങ്ങൾ ആപത്ത് വരു ത്തുകയും, എന്നിട്ട് ആ ചെയ്തതിന്റെ പേരിൽ നിങ്ങൾ ഖേദക്കാരാ യിത്തീരുകയും ചെയ്യാതിരിക്കാൻ വേണ്ടി.** (വി.ക്വു. 49:6)

ഈ വിവരം വന്നു പറഞ്ഞ ആൾ നബി ﷺ യോട് കളവു പറഞ്ഞതായിരുന്നു[24].

24

عن الحارث بن أبي ضرار الخزاعي رضي الله عنهما يقول، قدمت على رسول الله ﷺ فدعاني إلى الإسلام فدخلت فيه وأقررت به، ودعاني إلى الزكوة فأقررت بها وقلتُ يا رسول الله أَرجعُ إليهم فأدعوهم إلى الإسلام وأداء الزكاة فمن استجاب لي جمعت زكاته. وترسل إلي يا رسول الله رسولا إبان كذا وكذا ليأتيك بما جمعتُ من الزكاة. فلما جمع الحارث الزكاة ممن استجاب له وبلغ الإبان الذي أراد رسول الله ﷺ أن يبعث إليه احتبس عليه الرسول لم يأته لم يأته وظن الحارث أنه قد حدث فيه سخطة من الله تعالى ورسوله، فدعا

بسروات قومه فقال لهم إن رسول الله كان وقت لي وقتا يرسل إلي رسوله ليقبض ما كان عندي من الزكاة وليس من رسول الله ﷺ الخلف، ولا أرى حبس رسوله إلا من سخطة، فانطلقوا بنا نأتي رسول الله ﷺ ، وبعث رسول الله ﷺ الوليد بن عقبة إلى الحارث ليقبض ما كان عنده مما جمع من الزكاة، فلما أن سار الوليد حتى بلغ بعض الطريق فرق ـ أي خاف ـ، فرجع حتى أتى رسول الله ﷺ فقال: يارسول الله، إن الحارث قد منعني الزكاة وأراد قتلي، فغضب رسول الله ﷺ وبعث البعث إلى الحارث ؓ وأتى الحارثُ بأصحابه، حتى إذا استقبل البعثُ وفصل عن المدينة لقيهم الحارث فقالوا: هذا الحارث، فلما غشيهم قال لهم: إلى من بعثتم؟ قالوا: إليك. قال: ولم؟ قالوا: إن رسول الله ث بعث إليك الوليد بنعقبة فزعم أنك منعته الزكاة وأردت قتله. قال ؓ : لا والذي بعث محمدا ث بالحق ما رأيته بتة ولا أتاني فلما دخل الحارث على رسول الله ﷺ قال: ((منعتَ الزكاة وأردتَ قتل رسولي؟)) قال: لا والذي بعثك بالحق ما رأيته ولا أتاني وما أقبلت إلا حين احتبس علي رسول الله □ ، خشيت أن يكون كانت سخطة الله ورسوله. قال فنزلت الحجرات يَا أَيُّهَا الَّذِينَ آمَنُوا إِنْ جَاءَ كُمْ فَاسِقٌ بِنَبَإٍ ـ إلى قوله ـ حَكِيمٌ (رواه الطبراني) (تفسير القرأن العظيم لابن كثير)

ഹേരിഥുബ്നു അബീദ്വിറാരീ ؓ പറയുന്നു; ഞാൻ നബി ﷺ യുടെ അടുക്കൽ വന്നു. അദ്ദേഹം എന്നെ ഇസ്ലാമിലേക്ക് ക്ഷണിച്ചു. ഞാൻ ഇസ്ലാം അംഗീ കരിച്ചു, അതിൽ പ്രവേശിച്ചു. സകാത് നൽകുവാൻ നബി ﷺ എന്നോട് ആവശ്യ പ്പെട്ടു. ഞാനതും അംഗീകരിച്ചു. ഞാൻ നബി ﷺ യോട് പറഞ്ഞു; പ്രവാചകരേ, ഞാൻ അവരിലേക്ക് (എന്റെ ജനങ്ങളിലേക്ക്) തിരിച്ചു പോവുകയാണ്. അവരെ ഞാൻ ഇസ്ലാമിലേക്കും സകാത് നൽകുന്നതിലേക്കും ക്ഷണിക്കാം. എന്റെ ക്ഷണം സ്വീകരിക്കുന്നവരുടെ സകാത് ഞാൻ ശേഖരിക്കാം. പ്രവാചകരേ, താ ങ്കൾ ഒരു നിശ്ചിത സമയത്ത് എന്റെ അടുത്തേക്ക് ഒരു ദൂതനെ അയക്കുക. ഞാൻ ശേഖരിച്ച സകാത് അദ്ദേഹം താങ്കൾക്ക് എത്തിച്ചു തരട്ടെ. തന്റെ ക്ഷണം സ്വീകരിച്ചവരുടെ സകാത് ഹേരിഥ് ശേഖരിച്ചു. നബി ﷺ ദൂതനെ അയക്കാമെ ന്നു പറഞ്ഞ കാലമായി. പക്ഷെ നബി ﷺ ദൂതനെ അയച്ചില്ല, നബി ﷺ വന്നതുമി ല്ല. ഹേരിഥ് വിചാരിച്ചു: അല്ലാഹുവും റസൂലും തന്നോട് കോപിച്ചിട്ടുണ്ടാകാം. ഹേരിഥ് തന്റെ ജനതയിലെ പ്രമുഖരെ വിളിച്ചു കൂട്ടി പറഞ്ഞു: ഞാൻ ശേഖരിച്ച സകാത് കൊ ണ്ടുപോകാൻ ഒരു ദൂതനെ അയക്കാൻ നബി ﷺ എനിക്ക് സമയം നിശ്ചയിച്ചു തന്നതാണ്. എന്നാൽ അതിനു ശേഷം നബി ﷺ യിൽ നിന്നും തുടർ നടപടികളൊന്നും കാണുന്നില്ല. നബി ﷺ ക്ക് കോപം വന്നതിനാൽ മാത്രമായി രിക്കും അദ്ദേഹം ദൂതനെ

അയക്കാതിരുന്നിട്ടുണ്ടാകുക. വരൂ, നമുക്ക് നബി ﷺ യുടെ അടുത്തേക്ക് പോകാം.
അതേസമയം, ശേഖരിച്ച സകാത് കൊണ്ടുവരാൻ വലീദുബ്നു ഉഖ്ബതിനെ നബി ﷺ ഹേരിഥിന്റെ അടുത്തേക്ക് അയച്ചു. വലീദ് യാത്രയായി. കുറച്ചു ദൂരം ചെന്നപ്പോൾ പേടി തോന്നി, തിരിച്ചു പോന്നു. നബി ﷺ യുടെ അടുക്കൽ വന്നു പറഞ്ഞു; ഹേരിഥ് സകാത് നിഷേധിക്കുകയും എന്നെ കൊല്ലാൻ വരികയും ചെയ്തു. നബി ﷺ ക്ക് കോപം വന്നു. ഹേരിഥിന്റെ അടുത്തേക്ക് ഒരു സംഘ ത്തെ അയച്ചു. അന്നേരം തന്നെ ഹേരിഥ് തന്റെ ആൾക്കാരെയും കൂട്ടി നബി ﷺ യുടെ അടുത്തേക്കും പുറപ്പെട്ടു. നബി ﷺ അയച്ച സംഘം യാത്രയായി, മദീന യുടെ പുറത്തു കടന്നപ്പോൾ ഹേരിഥ് അവരെ കണ്ടുമുട്ടി. നബി ﷺ യുടെ സം ഘാംഗങ്ങൾ പറഞ്ഞു: ഇതാ ഹേരിഥ്! അവരെ അദ്ദേഹം വലയം ചെയ്ത ശേഷം ചോദിച്ചു; ആരിലേക്കാണ് നിങ്ങൾ നിയോഗിതരായിട്ടുള്ളത്? സംഘം: താങ്കളി ലേക്ക്. ഹേരിഥ്: എന്തിന്? സംഘം: വലീദുബ്നു ഉഖ്ബതിനെ നബി ﷺ താങ്ക ളുടെ അടുത്തേക്ക് അയച്ചിരുന്നു. താങ്കൾ അദ്ദേഹത്തോട് സകാത് നൽകി ല്ലെന്ന് പറഞ്ഞു, അദ്ദേഹത്തെ കൊല്ലാൻ ശ്രമിച്ചു താങ്കൾ എന്ന് അദ്ദേഹം പറ യുന്നല്ലോ. ഹേരിഥ്: മുഹെമ്മദ് നബി ﷺ യെ സത്യവുമായി നിയോഗിച്ചവൻ (അല്ലാഹു) തന്നെയാണ സത്യം, ഞാൻ അയാളെ കണ്ടിട്ടില്ല, അയാൾ എന്റെയ ടുക്കൽ വന്നിട്ടുമില്ല.
ഹേരിഥ് നബി ﷺ യുടെ അടുക്കൽ പ്രവേശിച്ചപ്പോൾ അദ്ദേഹം ചോദിച്ചു: 'നീ സകാത് നൽകിയതുമില്ല, എന്റെ ദൂതനെ വധിക്കാൻ ശ്രമിക്കുകയും ചെയ്തു അല്ലേ?' ഹേരിഥ്: താങ്കളെ സത്യവുമായി നിയോഗിച്ചവൻ തന്നെയാണ സത്യം, ഞാൻ അയാളെ കണ്ടിട്ടില്ല, അയാൾ എന്റെ അടുക്കൽ വന്നിട്ടുമില്ല. നബി ﷺ ആളെ അയക്കാത്തതു കണ്ടപ്പോൾ മാത്രമാണ് ഞാൻ പുറപ്പെട്ടത്. അല്ലാഹു വും അവന്റെ ദൂതനും എന്നോട് കോപിച്ചതു കൊണ്ടായിരിക്കും ആളെ അയ ക്കാതിരുന്നത് എന്ന് ഞാൻ ഭയപ്പെട്ടു.
ഹേരിഥ് പറയുന്നു: അപ്പോൾ

﴿يَا أَيُّهَا الَّذِينَ ءَامَنُوا إِنْ جَاءَكُمْ فَاسِقٌ بِنَبَإٍ فَتَبَيَّنُوا أَنْ تُصِيبُوا قَوْمًا بِجَهَالَةٍ فَتُصْبِحُوا عَلَى مَا فَعَلْتُمْ نَادِمِينَ﴾ الحجرات:٦

ഇവർ തെളിവുകളായി ഉദ്ധരിക്കുന്ന ഹെദീഥുകളിലെല്ലാം നബി ﷺ യു ടെ ഉദ്ദേശ്യം നാം പറഞ്ഞതു തന്നെയായിരുന്നു എന്ന് ഈ നബിവച നങ്ങളെല്ലാം സൂചിപ്പിക്കുന്നത്.

## അന്ത്യനാളിലെ സഹായാർത്ഥന

അടുത്ത സംശയം: നബി ﷺ പറഞ്ഞിരിക്കുന്നു: ക്വിയാമത് നാളിൽ മനു ഷ്യർ യഥാക്രമം ആദം, നൂഹ്, ഇബ്റാഹീം, മൂസാ, ഈസാ عليه السلام എന്നീ പ്ര വാചകരോട് സഹായം തേടും. അവരെല്ലാം ഒഴികഴിവു പറയും. അങ്ങ നെയവർ നബി ﷺ യുടെ അരികിലെത്തും. അല്ലാഹു അല്ലാത്തവരോട്

ഇസ്തിഗാഥഃ (സഹായാർത്ഥന) നടത്താമെന്നതിനു തെളിവല്ലേ ഇത്?
മറുപടി: അല്ലാഹുവിന്റെ ശത്രുക്കളുടെ മനസ്സുകളിൽ സീൽ വെച്ചവൻ പരമപരിശുദ്ധൻ! ഒരു സൃഷ്ടിയോടും അയാൾക്കു കഴിയുന്ന കാര്യങ്ങ ളിൽ സഹായം തേടുന്നതിനെ ആരും വിമർശിക്കുന്നില്ല. മൂസാ നബി عليه السلام നെ കുറിച്ച് അല്ലാഹു പറയുന്നു:

﴿...فَاسْتَغَاثَهُ الَّذِي مِنْ شِيعَتِهِ عَلَى الَّذِي مِنْ عَدُوِّهِ....﴾ القصص:١٥

**..അപ്പോൾ തന്റെ കക്ഷിയിൽ പെട്ടവൻ തന്റെ ശത്രു വിഭാഗത്തിൽ പെട്ട വന്നെതിരിൽ അദ്ദേഹത്തോട് സഹായം തേടി..**(വി.ക്വു. 28:15).

---

**സത്യവിശ്വാസികളേ, ഒരു അധർമ്മകാരി വല്ല വാർത്തയും കൊണ്ട് നിങ്ങ ളുടെ അടുത്ത് വന്നാൽ നിങ്ങളതിനെപറ്റി വ്യക്തമായി അന്വേഷിച്ചറിയ ണം. അറിയാതെ ഏതെങ്കിലും ഒരു ജനതക്ക് നിങ്ങൾ ആപത്ത് വരു ത്തുകയും, എന്നിട്ട് ആ ചെയ്തതിന്റെ പേരിൽ നിങ്ങൾ ഖേദക്കാരായി ത്തീരുകയും ചെയ്യാതിരിക്കാൻ വേണ്ടി.** (വി.ക്വു. 49:6) എന്ന ക്വുർആൻ വചനം അവതരിപ്പിക്കപ്പെട്ടു. (അഹ്മദ്, ത്വബ്റാനീ, ഇബ്നുകഥീർ)

യുദ്ധം പോലെയുള്ള വേളകളിൽ മനുഷ്യൻ തന്റെ കൂട്ടുകാരനോട്– അ വന്നു കഴിയുന്ന കാര്യങ്ങളിൽ-സഹായം തേടുന്നതു പോലെയുള്ളവ അനുവദനീയമാകുന്നു. അല്ലാഹുവിനു മാത്രം ചെയ്യാൻ കഴിവുള്ള ചി ലകാര്യങ്ങളുണ്ട്. അത്തരം കാര്യങ്ങൾക്കു വേണ്ടി മരിച്ച ഔലിയാക്ക ളുടെ ക്വബറിടങ്ങളിൽ പോയിക്കൊണ്ടോ, അല്ലെങ്കിൽ അവരുടെ അസാ ന്നിദ്ധ്യത്തിലോ വെച്ച് സഹായം തേടുന്നതിനെയാണ് നാം വിമർശിച്ചിട്ടു ള്ളത്[25].

ഇതു മനസ്സിലായല്ലോ? സ്വർഗ്ഗാവകാശികൾക്ക് മഹ്ശറിലെ ആ വിഷമ ഘട്ടത്തിൽ നിന്നൊരു മോചനം ലഭിക്കാൻ, തങ്ങളുടെ വിചാരണ എത്ര യും വേഗം നടത്തിക്കിട്ടാൻ പ്രവാചകന്മാർ അല്ലാഹുവിനോട് പ്രാർത്ഥി ക്കുവാനാണ് ജനങ്ങൾ അന്ത്യനാളിൽ സഹായം തേടുന്നത്. ജീവിച്ചിരി പ്പുള്ള, നമ്മുടെ കൂടെ ഇരിക്കുന്ന സ്വാലിഹായ ഒരാളുടെ അടുക്കൽ ചെന്ന് 'എനിക്കു വേണ്ടി അല്ലാഹു വിനോടൊന്ന് പ്രാർത്ഥിക്കണം' എന്ന് പറയുന്നത് ഇഹത്തിലും പരത്തിലും അനുവദനീയമാണ്. നബി ﷺ ജീ വിച്ചിരിപ്പുള്ള കാലത്ത് സ്വഹേബികൾ അപ്രകാരം ചെയ്തിരുന്നു.

എന്നാൽ അദ്ദേഹത്തിന്റെ മരണ ശേഷം അവരാരും അദ്ദേഹത്തിന്റെ ക്വ ബ്റിന്റെ അടുത്തു പോയി അങ്ങനെ ചെയ്തില്ല. മാത്രമല്ല, നബി ﷺ യു ടെ ക്വബ്റിന്റെ അടുക്കൽ പോയി അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നതു പോലും മുൻഗാമികൾ വിലക്കുകയാണ് ചെയ്തത്. പിന്നെയല്ലേ നബി ﷺ യോടുള്ള പ്രാർത്ഥന!

---

[25] അല്ലാഹു അല്ലാത്തവർക്കും കഴിയുന്ന കാര്യമാണെന്ന് വെക്കുക. എന്നാൽ പോലും സഹായം തേടുന്നത് മരിച്ച ആളോടോ, സന്നിധിയിൽ ഇല്ലാത്ത ആ ളോടോ ആണെങ്കിൽ അതും അനുവദനീയമല്ല.

# ജിബ്‌രീലിന്റെ സഹായം

മറ്റൊരു സംശയം; ഇബ്റാഹീം عليه السلام അഗ്നികുണ്ഡത്തിൽ എറിയപ്പെട്ടപ്പോ ൾ ജിബ്‌രീൽ عليه السلام പ്രത്യക്ഷപ്പെട്ടു കൊണ്ട് ചോദിച്ചു: താങ്കൾക്കു വല്ല സ ഹായവും ആവശ്യമുണ്ടോ? ഇബ്റാഹീം: താങ്കളിൽ നിന്നാണെങ്കിൽ ഒ ന്നും വേണ്ട[26]. ഇസ്തിഗാഥഃ ശിർകായിരുന്നെങ്കിൽ ഇബ്റാഹീം നബി عليه السلام ന് അതു കാ ണിക്കപ്പെടുകയില്ലായിരുന്നല്ലോ?

മറുപടി: ഈ സംശയവും ഇതിനു നേരെ മുമ്പ് പറഞ്ഞതു പോലെ തന്നെയാ കുന്നു. ജിബ്‌രീൽ തനിക്കു കഴിയാവുന്ന രൂപത്തിൽ സഹാ യിക്കാമെന്നാണ് പറഞ്ഞത്.കാരണം, ജിബ്‌രീലിനെ കുറിച്ച് അല്ലാഹു പറയുന്നു:

﴿عَلَّمَهُ شَدِيدُ الْقُوَى﴾ النجم:٥

**ശക്തിമത്തായ കഴിവുള്ളവനാകുന്നു (ജിബ്‌രീൽ എന്ന മലക്കാണ്) അ ദ്ദേഹത്തെ പഠിപ്പിച്ചിട്ടുള്ളത്.** (വി.ക്വു. 53:5).

ഇബ്റാഹീം عليه السلام എറിയപ്പെട്ട അഗ്നിയും അതിനു ചുറ്റുമുള്ള മണ്ണും മല യും എല്ലാം എടുത്ത് പടിഞ്ഞാറോ കിഴക്കോ കൊണ്ടുപോയി എറിയാൻ അല്ലാഹു ജിബ്‌രീലിന് അനുവാദം നൽകിയിരുന്നുവെങ്കിൽ അദ്ദേഹം അതു ചെയ്യുമായിരുന്നു. ഇബ്റാഹീം നബി عليه السلام നെ വിദൂര ദിക്കിൽ കൊണ്ടുപോയി ഇടുവാൻ കൽപിച്ചാൽ അദ്ദേഹം അങ്ങനെ ചെയ്യുമായി രുന്നു. ആകാശത്തിലേക്ക് ഉയർത്തുവാൻ കൽപിച്ചാൽ അതും ചെയ്യു മായിരുന്നു. ദരിദ്രനായ ഒരാളെ കാണുന്ന ധനികനെപ്പോലെയാണിത്. ധനികൻ ദരിദ്രന് കടം കൊടുക്കാമെന്ന് പറയുന്നു. അല്ലെങ്കിൽ, ദാരി ദ്ര്യം മാറാൻ മാത്രം ധനം ദാനമായി നൽകാമെന്ന് പറയുന്നു. പക്ഷെ,

---

26 ഈ സംഭവം വിവരിക്കുന്ന ഹദീഥ് ദുർബലമോ നിർമ്മിതമോ ആകുന്നു.

ദരി ദ്രൻ പ്രസ്തുത ഔദാര്യം നിരാകരിക്കുന്നു. അല്ലാഹു തനിക്ക് ഉപജീവ നം നൽകുന്നതു വരെ അവൻ ക്ഷമിക്കുവാൻ തയ്യാറാകുന്നു. അതിന്നി ടയിൽ ഒരാളുടെയും ദയാദാക്ഷിണ്യം അവൻ കൊതിക്കുന്നുമില്ല. ഇതി ൽ ആരാധനയാകുന്ന ഇസ്തിഗാഥഃയുടെ പ്രശ്നം എവിടെ? ജനങ്ങൾ ചിന്തിച്ചു മനസ്സിലാക്കിയെങ്കിൽ![27].

മേൽപറയപ്പെട്ടതിൽ നിന്നെല്ലാം നമുക്ക് മനസ്സിലാകുന്ന സുപ്രധാനമായ ഒരു ഇതു പ്രത്യേകം പറയുകയാണ്.

കാര്യം പറഞ്ഞു കൊണ്ട് ഈ സംസാരം അവസാനിപ്പിക്കാം (ഇ:അ). വിഷയത്തി ന്റെ ഗൗരവം കണക്കിലെടുത്തും, തെറ്റിദ്ധരിക്കപ്പെട്ട കാര്യമായതു കൊണ്ടും ഏകദൈവ വിശ്വാസം, മനസ്സാ, വാചാ, കർമ്മണാ ഉണ്ടാകണമെന്ന കാര്യ ത്തിൽ അഭിപ്രായ വ്യത്യാസമേയില്ല. ഇതിൽ വല്ലതും കലർത്തിയാൽ അ വൻ മുസ്ലിമാകുകയില്ല. തൗഹീദ് മനസ്സിലാക്കി, അതനുസരിച്ചു പ്രവർ ത്തിക്കാത്തവൻ ഫിർഔൻ, ഇബ്ലീസ് എന്നിവരെ പോലെ ധിക്കാരിയും കാഫിറുമാണ്. പക്ഷെ, ഇക്കാര്യത്തിൽ അധിക ജനങ്ങൽക്കും തെറ്റു

---

[27] മരിച്ചവർ ഒരു പ്രാർത്ഥനയും കേൾക്കുകയില്ല എന്ന കാര്യം ഈ സഹായാർ ത്ഥികൾ മനസ്സിലാക്കുന്നില്ല. അല്ലാഹു അവരെ നേർമാർഗ്ഗത്തിലാക്കട്ടെ. അ ല്ലാഹു പറയുന്നു:

﴿إِنْ تَدْعُوهُمْ لاَ يَسْمَعُوا دُعَاءَكُمْ وَلَوْ سَمِعُوا مَا اسْتَجَابُوا لَكُمْ وَيَوْمَ الْقِيَامَةِ يَكْفُرُونَ بِشِرْكِكُمْ وَلاَ يُنَبِّئُكَ مِثْلُ خَبِيرٍ﴾ فاطر:١٤

**നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്ന പക്ഷം അവ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്ന തല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങളവരെ പങ്കാളികളാ ക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനം ഉള്ളവ നെ (അല്ലാഹുവെ) പോലെ നിനക്കു വിവരം തരാൻ ആരുമില്ല.** (വി.ക്വു. 35:14)

പറ്റിയിട്ടുണ്ട്. അവർ പറ യുന്നു; ഇതെല്ലാം ശരി തന്നെ, ഞങ്ങളത് മനസ്സിലാക്കിയിരിക്കുന്നു. ഇത് യാഥാർത്ഥ്യമാണെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു. പക്ഷെ, ഇപ്രകാ രം ചെയ്യാൻ ഞങ്ങളാൽ സാദ്ധ്യമല്ല. ഞങ്ങളുടെ നാട്ടുകാരോട് യോജി ക്കാത്ത ഒന്നും അവിടെ ചെയ്യാൻ പറ്റില്ല, തുടങ്ങിയ ഒഴികഴിവുകൾ അ വർ നിരത്തുന്നു. കുഫ്റിന്റെ നേതാക്കൾക്കെല്ലാം സത്യം അറിയാം. ചില നിസ്സാര ഒഴികഴിവുകളുടെ പേരിൽ അവർ സത്യത്തെ കയ്യൊഴിയുകയാ ണെന്ന് ഈ സാധുക്കളുണ്ടോ അറിയുന്നു ? അല്ലാഹു പറഞ്ഞതു പോലെ:

﴿اِشْتَرَوْا بِآيَاتِ اللَّهِ ثَمَنًا قَلِيلاً...﴾ التوبة:٩

**അവർ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ വിലക്കു വിറ്റു.** (വി.ക്വു. 9: 9),

﴿.....يَعْرِفُونَهُ كَمَا يَعْرِفُونَ أَبْنَاءَ هُمْ....﴾ الأنعام:٢٠

**സ്വന്തം മക്കളെ അറിയുന്നതു പോലെ അവരത് അറിയുന്നുണ്ട്..**(വി.ക്വു. 6:20)

താനെന്താണ് ചെയ്യുന്നതെന്ന് അറിയാതെ തൗഹീദുപരമായ കാര്യങ്ങൾ ചെയ്യുന്നവനും, മനസ്സിൽ വിശ്വാസമില്ലാതെ പ്രവർത്തിക്കുന്നവനും കപടവിശ്വാസിയാണ്. തികഞ്ഞ കാഫിറിനെക്കാൾ അപകടകാരിയാണ വൻ. അല്ലാഹു പറയുന്നു:

﴿إِنَّ الْمُنَافِقِينَ فِي الدَّرْكِ الأَسْفَلِ مِنَ النَّارِ....﴾ النساء:١٤٥

**തീർച്ചയായും കപടവിശ്വാസികൾ നരകത്തിന്റെ അടിത്തട്ടിലാകുന്നു.** (വി.ക്വു. 4:145)

ഇത് ദീർഘവും പഴക്കമുള്ളതുമായ ഒരു പ്രശ്നമാണ്. ജനങ്ങൾ പറയു ന്ന കാര്യങ്ങൾ ചിന്തിച്ചു നോക്കിയാൽ നിങ്ങൾക്കതു വ്യക്തമാകും. സത്യം മനസ്സിലാക്കിയിട്ടും-ഭയം നിമിത്തമോ, മറ്റാരുടെയെങ്കിലും പ്രീണ നവും സാമീപ്യവും കാംക്ഷിച്ചു

കൊണ്ടോ-അതനുസരിച്ചു പ്രവർത്തി ക്കാത്തവരെ കാണാം. ഉള്ളിൽ തട്ടാതെ പുറത്തേക്കു മാത്രം പ്രകടി പ്പിച്ചു കൊണ്ട് ചെയ്യുന്നവരെയും കാണാം. എന്താണ് തന്റെ മനസ്സു കൊണ്ട് വിശ്വസിക്കുന്നതെന്ന് ചോദിച്ചാൽ അവ ന് അതറിയില്ല. പക്ഷെ, നിങ്ങൾ രണ്ടു ക്വുർആൻ വചനങ്ങൾ നിർബന്ധമായും മനസ്സിലാക്കിയി രിക്കണം.

ഒന്ന് നാം മുമ്പ് പറഞ്ഞ വചനം തന്നെയാണ്:

﴿...قُلْ أَبِاللَّهِ وَءَايَاتِهِ وَرَسُولِهِ كُنْتُمْ تَسْتَهْزِءُونَ، لاَ تَعْتَذِرُوا قَدْ كَفَرْتُمْ بَعْدَ إِيمَانِكُمْ...﴾ التوبة:٦٥-٦٦

**പറയുക: അല്ലാഹുവെയും അവന്റെ ദൃഷ്ടാന്തങ്ങളെയും അവന്റെ ദൂത നെയുമാണോ നിങ്ങൾ പരിഹസിച്ചു കൊണ്ടിരിക്കുന്നത്? നിങ്ങൾ ഒഴി കഴിവുകളൊന്നും പറയണ്ട, വിശ്വസിച്ചതിനു ശേഷം നിങ്ങൾ അവിശ്വ സിച്ചു കഴിഞ്ഞിരി ക്കുന്നു...**(വി.ക്വു. 9:65,66).

ഈ വചനത്തിൽ പറയപ്പെട്ടവർ, നബി ﷺ യുടെ കൂടെ റോമക്കാർക്കെ തിരെ യുദ്ധത്തിൽ പങ്കെടുത്തവരാണ്. അവർ തമാശ രൂപത്തിൽ പറ ഞ്ഞ ഒരു വാക്കാണ് അവരെ കാഫിറാക്കിയത്. ഇതു മനസ്സിലാക്കിയാൽ ഒരു കാര്യം വ്യക്തമാകും; ഭൗതിക ലാഭം കുറയുമോ, മറ്റുള്ളവരുടെ പ്രീ ണനമോ സാമീപ്യമോ നഷ്ടപ്പെടുമോ എന്നെല്ലാമുള്ള ഭയത്താൽ കുഫ്റി ന്റെ വാക്കുകൾ പറയുകയോ, പ്രവർത്തനങ്ങൾ അനുഷ്ഠിക്കുകയോ ചെയ്താൽ തമാശ പറഞ്ഞവനെക്കാൾ ഗൗരവതരമായിരിക്കും.

രണ്ടാമത്തെ വചനം:

﴿مَنْ كَفَرَ بِاللَّهِ مِن بَعْدِ إِيمَانِهِ إِلاَّ مَنْ أُكْرِهَ وَقَلْبُهُ مُطْمَئِنٌّ بِالإِيمَانِ وَلَكِن مَّنْ شَرَحَ بِالْكُفْرِ صَدْرًا فَعَلَيْهِمْ غَضَبٌ مِّنَ اللَّهِ وَلَهُمْ عَذَابٌ عَظِيمٌ﴾ النحل:١٠٦

**വിശ്വസിച്ചതിനു ശേഷം അല്ലാഹുവിൽ അവിശ്വസിച്ചവരാരോ- തങ്ങളു ടെ ഹൃദയം വിശ്വാസത്തിൽ സമാധാനം പൂണ്ടതായിരിക്കെ നിർബന്ധി ക്കപ്പെട്ടവരല്ല; പ്രത്യുത, തുറന്ന മനസ്സോടെ അവിശ്വാസം സ്വീകരിച്ചവ രാരോ-അവരുടെ മേൽ അല്ലാഹുവിൽ നിന്നുള്ള കോപമുണ്ടായിരി ക്കും. അവർക്ക് ഭയങ്കരമായ ശിക്ഷയുമുണ്ടായിരിക്കും.** (വി.ക്വു. 16:106)

ഹൃദയം വിശ്വാസത്തിൽ സമാധാനം പൂണ്ടതായിരിക്കെ നിർബന്ധിക്കപ്പെ ട്ടവർക്കല്ലാതെ, ഇത്തരക്കാർക്ക് ആർക്കും അല്ലാഹു ഒഴികഴിവ് അനുവ ദിച്ചിട്ടില്ല. അങ്ങനെ അല്ലാത്തവരെല്ലാം വിശ്വസിച്ചതിനു ശേഷം അവിശ്വ സിച്ചവർ തന്നെ. അവരുടെ പ്രവർത്തനം ഭയം നിമിത്തമാകട്ടെ, തന്റെ ദേ ശത്തിന്റെയോ, കുടുംബത്തിന്റെയോ, ഗോത്രത്തിന്റെയോ, സമ്പത്തി ന്റെയോ താൽപര്യം നിമിത്തമാകട്ടെ. അല്ലെങ്കിൽ തമാശയോ മറ്റോ ആക ട്ടെ. നിർബന്ധിക്കപ്പെട്ടവർ ഒഴികെ. ഇക്കാര്യം രണ്ടു രൂപത്തിൽ ക്വുർ ആൻ സൂചിപ്പിക്കുന്നു.

1-(നിർബന്ധിക്കപ്പെട്ടവരൊഴികെ). നിർബന്ധിക്കപ്പെട്ടവരെ മാത്രം ഒഴി വാക്കി. ആരും വാക്കിന്റെയും പ്രവർത്തനത്തിന്റെയും കാര്യത്തിൽ മാത്രമേ നിർബന്ധിക്കപ്പെടുകയുള്ളു. മനസ്സിലുള്ള വിശ്വാസത്തിന്റെ കാര്യത്തിൽ ഒരാളും നിർബന്ധിക്കപ്പെടാറില്ല. അതിനൊട്ട് സാദ്ധ്യവു മല്ല.

2-അല്ലാഹു പറയുന്നു:

﴿ذَلِكَ بِأَنَّهُمُ اسْتَحَبُّوا الْحَيَوةَ الدُّنْيَا عَلَى الأَخِرَةِ...﴾ النحل:١٠٧

**അതെന്തു കൊണ്ടെന്നാൽ ഇഹലോക ജീവിതത്തെ പരലോകത്തെക്കാ ൾ കൂടു തൽ അവർ ഇഷ്ടപ്പെട്ടിരിക്കുന്നു.** (വി.ക്വു. 16:107)

ഈ കുഫ്റിനും ശിക്ഷക്കും കാരണം വിശ്വാസമോ, അജ്ഞതയോ മത ത്തോടുള്ള ദേഷ്യമോ, കുഫ്റിനേ,ടുള്ള സ്നേഹമോ അല്ല. മറിച്ച്

അവനി ലുള്ള ഭൗതികമായ എന്തോ താൽപര്യത്തിന്റെ സ്വാധീനമാണ്. മത ആദർ ശത്തെക്കാൾ ദുൻ യാവിനെ അവൻ തെരഞ്ഞെടുക്കുകയും ചെയ്തു.

അല്ലാഹു ആകുന്നു എല്ലാം അറിയുന്നവൻ.

والحمد لله رب العالمين وصلى الله وسلم وبارك على محمد وآله وصحبه ومن تبعهم بإحسان إلى يوم الدين.